## പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിമൂന്നാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ളസമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പതിമൂന്നാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ളസമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്**

1397/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 39 |
| അനുബന്ധം II: സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 51 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)
## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് എം. എൽ. എ.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

*2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന ഓഡിറ്റ്വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 ആഗസ്റ്റ് മാസം 9- ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ്വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ.സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 23.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്.

## പ്രമാടം ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം.**

തട്ടക്കുന്ന് പ്രദേശത്ത് ജലസേചനം ഏർപ്പെടുത്താൻ ലക്ഷ്യമിട്ട് 1998-1999-ൽ പദ്ധതി ആരംഭിച്ചു. 2001-2002 വരെ തുടർച്ചയായി പീസ്മീൽ രീതിയിൽ പണി നിർവ്വഹിച്ചു. 700 മീറ്റർ പൈപ്പലൈനും, ജലവിതരണ പൈപ്പും, പമ്പുസെറ്റും സ്ഥാപിക്കാൻ ശേഷിക്കുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത റിപ്പോർട്ട് പട്ടിക ക്രമനമ്പർ 4, ഓഡിറ്റ് ഖണ്ഡിക നം.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. 1998-1999 സാമ്പത്തിക വർഷത്തിൽ തട്ടക്കുന്ന് പ്രദേശത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താൻ ആരംഭിച്ച പ്രവൃത്തി ലക്ഷ്യം കൈവരിക്കാത്തതിന്റെയും 10 എച്ച്. പി. മോട്ടോർ ഉപയോഗിച്ച് ഒരുമണിക്കൂർ പമ്പ് ചെയ്യാനാവശ്യമായ ജലം മഴക്കാലത്തുപോലും കിണറ്റിൽ ലഭ്യമല്ലാത്തതിന്റെയും സാഹചര്യത്തിൽ 140 കുടുംബങ്ങൾക്ക് ജലം ലഭ്യമാക്കുന്നതെങ്ങനെയെന്നും സമിതി ആരാഞ്ഞതിന് പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്നും ധാരാളം ജലലഭ്യതയുള്ള കുളമാണ് ഇതിനായി നിർമ്മിച്ചിരിക്കുന്നതെന്നും വാട്ടർ അതോറിറ്റിയുടെ നിർദ്ദേശാനുസരണമാണ് 15 HP മോട്ടോറും 10 HP ബൂസ്റ്റർ മോട്ടോറും ഘടിപ്പിച്ചുള്ളതെന്നും സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് തടസ്സം എന്നാണുണ്ടായതെന്നും അന്ന് ഉപയോഗിച്ചിരുന്ന പമ്പ് മാറ്റിയതെങ്ങനെയെന്നുമുള്ള സമിതിയുടെ തുടർചോദ്യത്തിനു മറുപടിയായി വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തുതുൾപ്പെടെയുള്ള 11 ലക്ഷം രൂപ വിനിയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി ചെയ്തതെന്ന് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പെർഫോമൻസ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ ഗുരുതരമായ അപാകതകളും ക്രമക്കേടുകളും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് പഞ്ചായത്ത് ഡയറക്ടറോട് വിശദീകരണം ആരാഞ്ഞതിന്, നടപടിക്രമത്തിലെ വീഴ്ച്ച അന്നത്തെ സെക്രട്ടറിക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ടെന്നും മൈനർ പെനാൽറ്റി കൊടുക്കുന്നതിന് ഫോർമൽ എൻക്വയറി നടത്തിയിരുന്നുവെങ്കിലും പദ്ധതി കാര്യക്ഷമമായി

പ്രവർത്തിക്കുന്നുണ്ടെന്നും ചെലവഴിച്ച തുകയ്ക്കു തുല്യമായ ആസ്തി പദ്ധതിസ്ഥലത്തുണ്ടെന്നും തുടർനടപടിയിൽനിന്നും ഒഴിവാക്കാവുന്നതാണെന്നും ഡി.ഡി.പി. റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആരാഞ്ഞതിനുശേഷം ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് കത്തയച്ചിരിക്കുകയാണെന്ന് പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി. പദ്ധതി പ്രവർത്തനക്ഷമമാണെന്ന സർക്കാർ മറുപടിയുടെ നിജസ്ഥിതി ഓഡിറ്റ് വ്യക്തമായി പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

2. 1998-99 മുതൽ 2002-2003 വരെ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും തട്ടക്കുന്ന് കുടിവെള്ള പദ്ധതിയ്ക്കായി 12,91,756 രൂപ ചെലവഴിച്ചിരുന്നു. ഓഡിറ്റ് കാലയളവിൽ പദ്ധതി പാതിവഴിയിൽ മുടങ്ങിനിൽക്കുകയായിരുന്നു. അതുകൊണ്ടാണ് ഗ്രാമപഞ്ചായത്തിന്റെ നഷ്ടം എന്ന നിഗമനത്തിൽ എത്തിയിരുന്നത്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പരാമർശിത കുടിവെള്ള പദ്ധതിക്ക് ആവശ്യമായ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തട്ടക്കുന്ന് കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണ്. 150-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന വിജയകരമായ പദ്ധതിയായി ഇത് മാറുകയും ചെയ്തു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന് 12,91,756 രൂപയുടെ നഷ്ടം സംഭവിച്ചു എന്ന് നിർണ്ണയിക്കാനാകില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**3. തട്ടക്കുന്ന് പ്രദേശത്ത് ജലസേചനം ഏർപ്പെടുത്താൻ ആരംഭിച്ച പദ്ധതി, ഓഡിറ്റിന്റെ പരിശോധനാകാലയളവിൽ പകുതി മുടങ്ങിയ നിലയിലായിരുന്നുവെന്നും ആ നിലയിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 12,91,756 രൂപ ഗ്രാമപഞ്ചായത്തിന്റെ നഷ്ടമായി കണക്കാക്കിയെന്നും നിലവിൽ പദ്ധതി പ്രവർത്തനക്ഷമമാണെന്നും 150 കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ, പദ്ധതിയ്ക്കായി തുക ചെലവഴിച്ചതിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്ന നിഗമനത്തിൽ എത്തിച്ചേർന്നുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

സീതത്തോട് ഗ്രാമപഞ്ചായത്ത് & പന്തളം ഗ്രാമപഞ്ചായത്ത്

**വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കുന്നതിൽ വീഴ്ച.**

**ഓഡിറ്റ് വേളയിൽ വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക |
|---|---|---|---|---|
| 1 | സീതത്തോട് ഗ്രാമപഞ്ചായത്ത് | 2002-03 | 2-7 | 1,29,748 |
| 7 | പന്തളം ഗ്രാമപഞ്ചായത്ത് (ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തത്) | 2002-03 | 2-44 | 2,20,000 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2007-08 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.13.1 (പട്ടിക 1, 7)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

4. ഓഡിറ്റിന്റെ പരിശോധനയ്ക്കായി വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കാത്തതിന്റെയും യഥാസമയം ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തതിന്റെയും കാരണം സമിതി ആരാഞ്ഞതിന് ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നും ഇപ്പോൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും പന്തളം, സീതത്തോട് ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർ മറുപടി നല്കി. മിക്ക പഞ്ചായത്തുകളും ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്താറുണ്ടെന്നും ക്യാഷ്ബുക്കുകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാറില്ലെന്നും ശ്രദ്ധയിൽപ്പെടുത്തികൊണ്ട് പ്രസ്തുത വീഴ്ച സമിതി കർശനമായി പരിഗണിക്കണമെന്നും ധനകാര്യ സ്പെഷ്യൽ സെക്രട്ടറി അഭ്യർത്ഥിച്ചു. നിലവിൽ പത്തനംതിട്ട ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കാറുണ്ടെന്നും ഓഡിറ്റ് തടസ്സം നീക്കുന്നതിനായി സീതത്തോട് കെ.എസ്.ഇ.ബി. ലൈൻ എക്സ്റ്റെൻഷൻ പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളത് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്നുമുള്ള ഗവൺമെന്റ് മറുപടിയാണ് നൽകിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യങ്ങൾ ഓഡിറ്റ് വകുപ്പ് സ്ഥലപരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

5. വൗച്ചറുകളും അനുബന്ധ രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല എന്ന വിവരം സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചുകൊള്ളുന്നു. (കത്ത് നമ്പർ എസ്.9-1449/2014 തീയതി 7-4-2014).

**നിഗമനങ്ങൾ/ശിപാർശകൾ**

**6. ഓഡിറ്റിന്റെ പരിശോധനാവേളയിൽ വൗച്ചറുകളും ക്യാഷ്ബുക്കും എഴുതി സൂക്ഷിക്കാറില്ലായിരുന്നുവെന്നും നിലവിൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് കൃത്യതയോടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും തെളിവെടുപ്പ് വേളയിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വകുപ്പ് സ്ഥലപരിശോധന നടത്തി ഈ വിഷയത്തിൽ റിപ്പോർട്ട് നല്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് വകുപ്പ് സ്ഥലപരിശോധന നടത്തിയതായുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വൗച്ചറുകളും അനുബന്ധരേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലെന്ന വിവരമടങ്ങുന്ന റിപ്പോർട്ടാണ് സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കുന്ന മറുപടിയാണ് ഓഡിറ്റ് വകുപ്പ് സമിതി മുമ്പാകെ നല്കിയിട്ടുള്ളത്. പന്തളം ഗ്രാമപഞ്ചായത്തിന്റെതായ പരാമർശവും ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വീഴ്ചവരുത്തിയ നടപടി ഉചിതമായി സമിതി കാണുന്നില്ല. ആയതിനാൽ പരാമർശിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ സ്ഥലപരിശോധന നടത്തിയുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത്

**പഞ്ചായത്തിന്റെ അറ്റകുറ്റപ്പണി-കൂടുതൽ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നത്:**

(2005-06 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.17)

ഗ്രാമപഞ്ചായത്താഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി 2,52,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, മെയിന്റനൻസ് ഗ്രാന്റിൽനിന്നും 2,27,565 രൂപ കരാറുകാരന് നൽകുകയുണ്ടായി. എസ്റ്റിമേറ്റ്പ്രകാരം 5 ജനലുകൾ ഇളക്കിമാറ്റി പകരം ആഞ്ഞിലി തടിയിൽ ഫ്രയിമും, തേക്ക് പലകയിൽ ജനൽപാളിയും പണിയാൻ 19,421 രൂപ കരാറുകാരന് നൽകി. എന്നാൽ ഭൗതിക പരിശോധനയിൽ, പഞ്ചായത്താഫീസിലെ ഒരൊറ്റ ജനൽപോലും മാറ്റി സ്ഥാപിച്ചിട്ടില്ല. എല്ലാ ജനലുകളും പഴയതുതന്നെയാണ് ഇപ്പോഴുമുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. പഴയ ഉരുപ്പടികൾ സ്റ്റോക്കിലെടുത്ത്, ലേലം ചെയ്തതായി കാണുന്നില്ല. ഒറ്റനോട്ടത്തിൽതന്നെ ഇത്തരം അപാകത വ്യക്തമാകുന്ന സാഹചര്യത്തിൽ, പ്രവൃത്തിയുടെ നടത്തിപ്പിൽ മറ്റ് അപാകതകളും ഉണ്ടായിട്ടുണ്ടോ എന്ന് നിർണ്ണയിക്കുവാൻ ഉന്നതതല സാങ്കേതിക അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള ഉരുപ്പടി നൽകാതെയുള്ള 19,421 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റിൽനിന്നും നികുതിയുൾപ്പെടെ ചെലവുചെയ്ത 2,45,485 രൂപയിൽ 2,26,064 രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.14.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണവകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു:

7. ഗ്രാമപഞ്ചായത്തോഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച 2,27,565 രൂപയിൽ അഞ്ച് ജനലുകൾ മാറ്റി പുതിയ ജനലുകൾ സ്ഥാപിക്കുന്നതിനായി 19421 രൂപ എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചെങ്കിലും പണിനടത്താത്തതിനാൽ അറ്റകുറ്റപ്പണിക്കായി അനുവദിച്ച മുഴുവൻ തുകയും കേവലം സംശയത്തിന്റെ പേരിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയതും പഴയ ഉരുപ്പടികൾ ലേലം ചെയ്തില്ല എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും അവ ഏതെന്ന് വ്യക്തമാക്കാത്തതും ഓഡിറ്റിന്റെ ഭാഗത്തുനിന്നുള്ള പിഴവായി സമിതി വിലയിരുത്തി. ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് എസ്റ്റിമേറ്റിൽ തെറ്റുണ്ടായിരുന്നുവെന്നും മുൻപുണ്ടായിരുന്ന 5 ജനലുകൾ മാറ്റിയെന്നും അന്നത്തെ എ.ഇ. പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് തുക തടസ്സപ്പെടുത്തിയിരിക്കുന്നതെന്നും അന്നത്തെ എ.ഇ. സമിതി മുമ്പാകെ ഹാജരായിട്ടുണ്ടെന്നും റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കൂടാതെ താൻ ചാർജെടുക്കുന്നതിന് മുമ്പാണ് പ്രവർത്തിയുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതെന്നും 5 ജനലുകൾ മാറ്റാനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയെങ്കിലും നാല് വെർട്ടിക്കൽ ഫ്രെയിമും രണ്ട് ഹൊറിസോണ്ടൽ ഫ്രെയിമും മാത്രമേ മാറ്റിയിട്ടുള്ളൂവെന്നും എസ്റ്റിമേറ്റിൽ പതിനഞ്ച് വെർട്ടിക്കലും പത്ത് ഹൊറിസോണ്ടലും മാറ്റാനുള്ള വ്യവസ്ഥയുണ്ടായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കാര്യം സംബന്ധിച്ച് ആഡിറ്റ് നിർദ്ദേശാനുസരണം സർക്കാർ ചീഫ് എഞ്ചിനീയറോട് അന്വേഷണം ആവശ്യപ്പെട്ടതിന്റെ നിജസ്ഥിതി സമിതി ആരാഞ്ഞതിന് മറുപടിയായി അത്തരത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നും സ്ഥലപരിശോധനയിൽ ജനലുകളുടെ ചില ഭാഗങ്ങൾ മാത്രമേ മാറ്റിയിട്ടുള്ളൂവെന്നും, അഞ്ച് ജനലുകളിൽ ഒരെണ്ണം മാത്രമേ മാറ്റിയിട്ടുള്ളൂവെന്നും, അതിനു മാത്രമേ തുക നൽകിയിട്ടുള്ളൂവെന്നും സെക്രട്ടറി വ്യക്തമാക്കി. സർക്കാർ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഓഡിറ്റ് പരിശോധനയും തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ പരിശോധനാവേളയിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയ 19,421 രൂപയ്ക്ക് പകരം സംശയത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയ്ക്ക് ചെലവാക്കിയ മുഴുവൻ തുകയും തടസ്സമുന്നയിച്ചതിനുള്ള വിശദീകരണം നൽകണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

8. ഗ്രാമപഞ്ചായത്ത് ഓഫീസിലെ 5 ജനലുകളിൽ ഒന്നുപോലും മാറ്റി പുതിയവ സ്ഥാപിച്ചിരുന്നില്ലായെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു എന്നിട്ടും

ഈ ഇനത്തിൽ 19,421 രൂപ കരാറുകാരന് നൽകിയതിന്റെ സുതാര്യമില്ലായ്മകൊണ്ടാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റു പ്രവൃത്തികൾ ചെയ്തോ എന്ന് ഉന്നത സാങ്കേതിക അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യിരുന്നതും 2,26,064 രൂപ തടസ്സപ്പെടുത്തിയിരുന്നതും എന്ന് അറിയിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**9. ഗ്രാമപഞ്ചായത്തിൽ ജനലുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് സമിതി പരിശോധിച്ചതിൽ 5 ജനലുകൾ മാറ്റാനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നതിൽ 4 വെർട്ടിക്കൽ ഫ്രെയിമും രണ്ട് ഹൊറിസോണ്ടൽ ഫ്രെയിം മാത്രമേ മാറ്റിവച്ചിട്ടുള്ളുവെന്ന് തെളിവെടുപ്പ് വേളയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽനിന്നും സമിതി മനസ്സിലാക്കുന്നു.**

**10. ടി വിഷയത്തിൽ നിജസ്ഥിതി ആരായുന്നതിന് സർക്കാർ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടി കണക്കിലെടുത്ത് ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ ജനലുകൾ ഒന്നും തന്നെ മാറ്റി സ്ഥാപിച്ചിട്ടില്ല എന്ന് കാണുന്നു. രണ്ട് വകുപ്പുകളും ലഭ്യമാക്കിയ മറുപടിയിലെ വൈരുദ്ധ്യം സമിതി ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം ഓഡിറ്റ് പരിശോധനാ വേളയിൽ ക്രമക്കേടായികണ്ടെത്തിയ 19421 രൂപയും പകരം ഗ്രാമപഞ്ചായത്തിന്റെ അറ്റകുറ്റപ്പണിക്കായി ചെലവഴിച്ച 226064 രൂപയും തടസ്സമുന്നയിച്ചത് ഓഡിറ്റിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി കണക്കാക്കുന്നു. ആയതിന്മേലുള്ള വിശദീകരണം ഓഡിറ്റ് വകുപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ക്രമരഹിതവും അനധികൃതവുമായ ചെലവ്-പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം**

<u>(2007-2008 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3-1)</u>

പഞ്ചായത്ത് ഫണ്ട് യാതൊരു മാനദണ്ഡവും നിയമവും പാലിക്കാതെ പിൻവലിച്ച് ഗുരുതരമായ ധനദുർവിനിയോഗം നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമുള്ള ഉത്തരവ് വാങ്ങിയതിനുശേഷമേ പഞ്ചായത്ത് ഫണ്ടിൽനിന്നും തുക പിൻവലിക്കാൻ പാടുള്ളൂ എന്ന നിബന്ധന പാലിച്ചിട്ടില്ല.

പരിശോധനാവിധേയമാക്കിയ ഏതാനും വൗച്ചറുകളിലെ തീരുമാനങ്ങൾ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ളതല്ല എന്ന് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പല തീരുമാനങ്ങളുടെ പകർപ്പുകളിലും തീരുമാനം നമ്പരോ തീയതിയോ ചേർത്തിട്ടുമില്ല. കൂടാതെ വൗച്ചറുകൾ ഒന്നുംതന്നെ പ്രസിഡന്റ് കാണുകയോ ഒപ്പുവയ്ക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 182 പ്രകാരം ഓരോ മാസത്തേയും കണക്കുകൾ അടുത്തമാസം 10-ന് മുമ്പായി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശോധനയ്ക്ക് നൽകേണ്ടതും പരിശോധനാവിധേയമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് കമ്മിറ്റിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും കൃത്യമായും ചുമതലാബോധത്തോടുംകൂടി നിർവ്വഹിച്ചിരുന്നുവെങ്കിൽ ധനദുർവിനിയോഗവും ചട്ടവിരുദ്ധമായ നടപടികളും ആരംഭത്തിൽതന്നെ കണ്ടെത്തുവാനും തടയിടുവാനും സാധിക്കുമായിരുന്നു.

പഞ്ചായത്തുഫണ്ടിൽനിന്നും വിവിധ ഇനങ്ങളിൽ തുക പിൻവലിച്ചതിൽ ഉണ്ടായിട്ടുള്ള ധനദുർവിനിയോഗത്തിന്റെയും ക്രമക്കേടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**(1) മസ്റ്റർറോൾ ഉപയോഗിച്ചുള്ള പെറ്റിവർക്കുകളും നടപടി ക്രമങ്ങൾ പാലിക്കാത്തതുമായുള്ള-റോഡ് മെയിന്റനൻസും**

പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്തു പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള ഒരു ലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. ചട്ടം 3(2) ചട്ടപ്രകാരം ഇപ്രകാരം നടത്തുവാൻ ഉദ്ദേശിക്കുന്ന ഓരോ മരാമത്തു പണികളുടെയും ഏകദേശ അടങ്കൽ എസ്റ്റിമേറ്റും (റഫ് കോസ്റ്റ് എസ്റ്റിമേറ്റ്) തയ്യാറാക്കേണ്ടതാണ്. ചട്ടം 6(1) പ്രകാരം മതിപ്പ് ചെലവ് 5000 രൂപയിൽ കവിയാത്ത അറ്റകുറ്റപണികൾക്കും മറ്റു ചില്ലറ പണികൾക്കും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതില്ലായെങ്കിലും ചട്ടം 15(1) പ്രകാരം ഏതൊരു പൊതുമരാമത്ത് പണിയെ സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള ഫാറത്തിലുള്ള അളവ് പുസ്തകം വച്ചുപോരേണ്ടതുണ്ട്. ഇത്തരത്തിലുള്ള യാതൊരു നടപടി ക്രമങ്ങളും പാലിക്കാതെ ശുചീകരണത്തിന്റെ മറവിൽ 4900 രൂപ ചെലവ് വരുന്ന ധാരാളം പ്രവൃത്തികൾ (കാട് വെട്ടിതെളിക്കൽ, ഓട വൃത്തിയാക്കൽ തുടങ്ങിയവ) നടത്തിയതായി കാണിച്ച് വൻദുർവ്യയമാണ് നടത്തിയിട്ടുള്ളത്. പ്രസിഡന്റിന് 5000 രൂപവരെയുള്ള കണ്ടിജന്റ് ചെലവുകൾ ചെയ്യാമെന്ന ആക്ടിലെ വ്യവസ്ഥ ദുരുപയോഗം ചെയ്തതായിട്ടാണ് കാണുന്നത്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുക, സാങ്കേതിക അനുമതി നേടുക തുടങ്ങിയ നിയമപരമായ നടപടി ക്രമങ്ങൾ പാലിക്കാതെയും

അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്താതെയും റോഡ് മെയ്ന്റനൻസിനായി 27,500 രൂപ, 29,500 രൂപ, 29,622 രൂപ, 37,872 രൂപ എന്നീ തുകകൾ ചെലവു ചെയ്ത് 4 റോഡ് മെയിന്റനൻസ് പ്രവൃത്തികളും നടത്തിയതായി കാണിച്ച് തുക പിൻവലിച്ചിട്ടുണ്ട്.

24-10-2007-ലെ ചെക്ക് നമ്പർ 46029 പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നും 60,000 രൂപ പിൻവലിച്ച് ഫിലിപ്പ് മാത്യു, മരുതിക്കൽ, നെല്ലിക്കാമൺ എന്ന ആളിന് റോഡുകളിൽ നിരത്താനായി ക്വാറിമക്ക് വാങ്ങിയതിന്റെ വിലനൽകി എന്ന ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ചെലവിന് വിശ്വാസ്യതയില്ല. മേൽപറഞ്ഞ പ്രകാരം ചട്ടവിരുദ്ധമായി റോഡ് പ്രവൃത്തികൾക്കായി ചെലവഴിച്ച 4,85,134 രൂപ നിരാകരിക്കുന്നു.

## (2) വാഹന വാടകയും യാത്രപ്പടിയും

സർക്കാർ ഉത്തരവ് 82/07 തദ്ദേശസ്വയംഭരണ വകുപ്പ് തീയതി 8-1-2007 പ്രകാരം പഞ്ചായത്തുകൾക്ക് അടിയന്തര ഔദ്യോഗിക കാര്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 50,000 രൂപ വരെ ചെലവ് ചെയ്യാമെന്ന ഉത്തരവിന്റെ ബലത്തിൽ വ്യക്തമായ ആവശ്യം രേഖപ്പെടുത്താതെയും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്താതെയും പ്രസിഡന്റും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും തൻവർഷം നടത്തിയിട്ടുള്ള ദീർഘദൂര യാത്രകൾക്ക് വാഹന വാടക ഇനത്തിൽ 48,041 രൂപയാണ് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുള്ളത്. സെക്രട്ടറിയും ജനപ്രതിനിധികളും ജില്ലയ്ക്ക് അകത്തുള്ള യാത്രകൾക്കും തിരുവനന്തപുരം യാത്രകൾക്കും യാത്രപ്പടി ഇനത്തിൽകൈപ്പറ്റിയ 81,706 രൂപയ്ക്ക് പുറമേയാണ് ഔദ്യോഗിക യാത്രകൾ എന്ന പേരിൽ മേൽ പറഞ്ഞ തുക ചെലവഴിച്ചത്. 01/07 മുതൽ 09/07 വരെയുള്ള കാലയളവിൽ 120 തവണയാണ് പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ തിരുവനന്തപുരം യാത്രകൾ നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ അടിയന്തര ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമേ വാഹനം വാടകയ്ക്ക് എടുക്കാവൂ എന്നിരിക്കെ വ്യക്തമായ ആവശ്യം, ഉദ്ദേശ്യം ബന്ധപ്പെട്ട വിഷയവും, ഫയൽ നമ്പരും, പഞ്ചായത്ത് തീരുമാനം, ടൂർ ഡയറി തുടങ്ങി യാത്രയുടെയും, ചെലവിന്റെയും സാധുതയും, നിജസ്ഥിതിയും തെളിയിക്കുന്നതിന് ആവശ്യമായ യാതൊരു രേഖയും വൗച്ചറിനൊപ്പം ചേർത്തിട്ടില്ല.

ഒരു യാത്രപ്പടി ബില്ലിലും പഞ്ചായത്തിന്റെ ഔദ്യോഗിക കാര്യത്തിനാണെന്ന് വ്യക്തമാക്കുന്നതും തെളിയിക്കുന്നതുമായ രേഖകളൊന്നും ലഭ്യമല്ല. മാത്രമല്ല സെക്രട്ടറിയും, ജനപ്രതിനിധികളും നടത്തിയ ഏറെ യാത്രകൾക്കും കമ്മിറ്റി തീരുമാനമില്ലാതെ യാത്രപ്പടി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ വാഹന വാടക ഇനത്തിൽ ചെലവു ചെയ്ത 48,041 രൂപയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ യാത്രപ്പടി ഇനത്തിൽ ചെലവ് ചെയ്ത 72,812 രൂപയും നിരാകരിക്കുന്നു.

(3) **കണ്ടിജന്റ് ചെലവുകൾ**

കേരള പഞ്ചായത്ത് രാജ് 156-ാം വകുപ്പ് 4(സി) ഉപവകുപ്പ് അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി ജി.ഒ.(എംഎസ്.) 271/2004/ത.സ്വ.ഭ.വ. തീയതി 14-9-2004 പ്രകാരം ഒരു പ്രാവശ്യം 5,000 രൂപയും പ്രതിമാസം 10,000 രൂപയുമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ മതിയായ തുക ഉൾപ്പെടുത്തിയിരിക്കണം, തൊട്ടടുത്ത കമ്മിറ്റിയിൽ ചെലവ് വിവരം സെക്രട്ടറി അറിയിക്കണം എന്നീ നിബന്ധനകൾക്ക് വിധേയമായിട്ടേ ചെലവുകൾ നടത്താൻ പാടുള്ളൂ 10/07-ന് കമ്മിറ്റിയുടെ ലഘുഭക്ഷണ ചെലവിലേക്ക് ചെക്ക് നമ്പർ 46019/10/10/07 പ്രകാരം 4900 രൂപയും ചെക്ക് നമ്പർ 46111/29/10/07 പ്രകാരം 28,500 രൂപയും ഉദ്ദേശ്യം വ്യക്തമാകാതെയും അനുബന്ധ രേഖകളില്ലാതെയും പിൻവലിച്ച് ഇതുപോലെ എല്ലാമാസവും വൻതുകകളാണ് ലഘുഭക്ഷണത്തിനായി ചെലവ് കാണിച്ചിട്ടുള്ളത്.

ഫോട്ടോസ്റ്റാറ്റ് കോപ്പികൾ എടുത്തതിനാണ് മറ്റൊരു ദുർവ്യയം ഉണ്ടായിട്ടുള്ളത്. പല സ്ഥാപനങ്ങളിൽനിന്നും ആയിരക്കണക്കിന് രൂപയുടെ ബില്ലുകൾ സംഘടിപ്പിച്ച് ഓരോ മാസവും വൻതുകകൾ ചെലവ് എഴുതിയിട്ടുണ്ട്. 2007-2008 വർഷം ഒരു കോപ്പിയ്ക്ക് ഒരു രൂപയും അതിലും താഴ്ന്ന നിരക്കിലും ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ലഭ്യമാകമായിരുന്നപ്പോൾ ഒരു കോപ്പിയ്ക്ക് 1.25 രൂപ ക്രമത്തിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ഒരു വർഷത്തേക്ക് ഫോട്ടോസ്റ്റാറ്റ് കോപ്പികൾ എടുക്കുന്നതിന് ക്വട്ടേഷൻ വിളിച്ചിരുന്നെങ്കിൽ വളരെ കുറഞ്ഞ നിരക്കിൽ കോപ്പികൾ എടുത്തു തരുന്നതിന് സ്ഥാപനങ്ങൾ സന്നദ്ധമാകമായിരുന്നു

ഓഫീസ് ആവശ്യത്തിനായി ധാരാളം ഇലക്ട്രിക്കൽ, സ്റ്റേഷനറി സാധനങ്ങൾ അനധികൃതമായി വാങ്ങുകയും സ്റ്റോക്കിൽ ചേർക്കാതെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനധികൃതമായും പരിധി ലംഘിച്ചും ചെലവു ചെയ്ത 2,13,825 രൂപയുടെ കണ്ടിജന്റ് ചെലവ് തുക നിരാകരിയ്ക്കുന്നു.

(4) **ശുചീകരണം**

ശുചീകരണത്തിന്റെ മറവിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും ചെലവിനെ സാധൂകരിക്കുന്നതിന് അനുബന്ധ രേഖകളില്ലാതെയും വലിയ തുകകൾ ചെലവ് ചെയ്തിട്ടുണ്ട്. ഭരണസമിതി തീരുമാനം ഇല്ലാതെയും ക്വട്ടേഷൻ വിളിക്കാതെയും വൻതുക ചെലവ് ചെയ്ത് ബ്ലീച്ചിംഗ് പൗഡർ, ഫിനോൾ തുടങ്ങിയ ശുചീകരണ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

ചുരുക്കത്തിൽ ശുചീകരണം ഉൾപ്പെടെ സാധ്യമായ എല്ലാ മേഖലകളിലും നിയമത്തിന്റെ ചെറിയ പഴുതുകളും ഭരണസമിതിയുടെ ഭാഗത്തിനിന്നുള്ള വീഴ്ചകളും മുതലെടുത്ത് വൻതുകകളാണ് ദുർവിനിയോഗം ചെയ്തിട്ടുളളത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഓ.ഖ.നമ്പർ 5.5.3 (1)]

11. പഞ്ചായത്ത് ഫണ്ട്, യാതൊരു നിയമവും മാനദണ്ഡവും പാലിക്കാതെ പിൻവലിച്ച് ധനദുർവിനിയോഗം നടത്തിയത് ഗുരുതരമായ ക്രമക്കേടാണെന്ന് വിലയിരുത്തിയ സമിതി ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടതിന് ഇതു സംബന്ധിച്ച കത്ത് ലഭിച്ചപ്പോൾ തന്നെ ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ്വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ഉത്തരവാദികളായവർക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ടെന്നും അവർ നൽകിയ മറുപടി ഓഡിറ്റിന് സമർപ്പിച്ചെന്നും ആയത് ഓഡിറ്റ് നിരാകരിച്ചതായും ഓഡിറ്റ്വകുപ്പ് അന്നത്തെ പ്രസിഡന്റിൽനിന്ന് നേരിട്ട് തെളിവെടുത്തിട്ടുണ്ടെന്നും പ്രസിഡന്റ് പറഞ്ഞ കാര്യങ്ങളെല്ലാം ശരിവച്ചിരിക്കുകയാണെന്നും സെക്രട്ടറി മറുപടി നൽകി. എന്നാൽ പഞ്ചായത്ത് ഭരണ സമിതി, പ്രസിഡന്റ്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവരുടെ അറിവില്ലാതെയാണ് സെക്രട്ടറി ധനാപഹരണം നടത്തിയതെന്ന അഭിപ്രായത്തിന്മേൽ സമിതി സ്പഷ്ടീകരണ മാവശ്യപ്പെട്ടപ്പോൾ അങ്ങനെയാണ് പ്രസിഡന്റ് പറയുന്നതെന്ന് സെക്രട്ടറി വ്യക്തമാക്കി. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുണ്ടായിട്ടുള്ള പാളിച്ചയ്ക്ക് ഉദ്യോഗസ്ഥർ മാത്രമാണോ ഉത്തരവാദികളെന്ന സമിതിയുടെ ചോദ്യത്തിന്, ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാൽ ഇത്തരമൊരു ക്രമക്കേട് നടക്കുമെന്ന് കരുതുന്നില്ലെന്നും കാരണം ഓരോ വരവുചെലവുകണക്കുകളും കമ്മിറ്റി കാണാതെ പാസ്സാക്കാൻ കഴിയില്ലെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രസിഡന്റും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ ക്രമക്കേട് ഒഴിവാക്കാമായിരുന്നില്ലേയെന്ന സമിതിയുടെ തുടർചോദ്യത്തിന് ഓഡിറ്റിൽ പരാമർശിച്ചി ട്ടുള്ള തുകയുടെ വൗച്ചറുകൾ കാണിച്ചിട്ടില്ലെന്നും നിയമപരമല്ലാത്ത, കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടാത്ത വൗച്ചറുകളായതിനാൽ അവയിൽ കൈയൊപ്പിട്ടിട്ടില്ലെന്നുമാണ് പ്രസിഡന്റ് പറയുന്നതെന്നും സെക്രട്ടറി വ്യക്തമാക്കി. 2007 ജനുവരി മുതൽ സെപ്റ്റംബർ വരെ പ്രസിഡന്റ്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ തിരുവനന്തപുരത്തേക്ക് യാത്ര നടത്തിയെന്ന വസ്തുത ശരിയാണോ എന്ന് ആരാഞ്ഞതിന് അതെല്ലാം പ്രസിഡന്റ് നിഷേധിച്ചിരിക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പ്രസ്തുത യാത്രകൾ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാരാഞ്ഞതിന് സെക്രട്ടറിയെ മറ്റൊരു കേസിൽ വിജിലൻസ് അറസ്റ്റ് ചെയ്ത്

ചാർജ് ഷീറ്റ് ഫയൽ ചെയ്തിരിക്കുകയാണെന്ന് ഡയറക്ടർ അറിയിച്ചു ചെലവുകളെ സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയുടെയും പ്രസിഡന്റിന്റെയും ഭാഗത്തു നിന്ന് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി, തുക ചെലവഴിച്ചത് സംബന്ധിച്ച രേഖകൾ യഥാസമയം പരിശോധിച്ചിരുന്നുവെങ്കിൽ ക്രമക്കേട് ഒഴിവാക്കാമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയിൽ യഥാർത്ഥ നഷ്ടം നിർണ്ണയിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ കർശന നടപടി സ്വീകരിക്കാൻ സമിതി ആവശ്യപ്പെട്ടു. ടി വിഷയം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും 30 ദിവസത്തിനകം മറുപടി നല്കിയില്ലെങ്കിൽ ആർ.ആർ നടപടി സ്വീകരിക്കുമെന്ന് ഷോക്കോസ് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും തദവസരത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു പരാമർശ വിഷയത്തിൽ ഓഡിറ്റ് നടക്കുന്ന സമയത്തുതന്നെ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്നും അങ്ങനെ ചെയ്യാത്തത് വകുപ്പിന്റെ ഉന്നത തലത്തിലുള്ള വലിയൊരു പരാജയവും അനാസ്ഥയും വീഴ്ചയുമാണെന്നും സമിതി അഭിപ്രായപ്പെട്ടു. വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് പല നിയമങ്ങളും ചർച്ച ചെയ്ത് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടെന്നും പെർഫോമൻസ് ഓഡിറ്റിംഗ് ലെവലിലാണ് ഇക്കാര്യങ്ങൾ പരിശോധനയ്ക്ക് വരേണ്ടതെന്നും ഇക്കാര്യത്തിന്മേൽ സമിതി ശിപാർശ നൽകുന്നത് ഉചിതമാകുമെന്നും ധനകാര്യ സ്പെഷ്യൽ സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തി. ക്രമക്കേടുകളെല്ലാം ഓഡിറ്റ് തടസ്സമുന്നയിക്കുമ്പോൾ മാത്രമാണ് പരിശോധനയ്ക്ക് വിധേയമാകുന്നതെന്നും ആ സമയത്ത് അവ പരിഹരിക്കാൻ സാധിച്ചെന്ന് വരില്ലെന്നും അഭിപ്രായപ്പെട്ടു. ക്രമക്കേടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ പരിശോധിക്കാനും പരിഹാരം കാണാനും സാധിച്ചില്ലെങ്കിൽ വ്യവസ്ഥിതി ഗുരുതരമായി തകരാറിലാവാൻ സാധ്യതയുണ്ടെന്നും നിരീക്ഷിച്ച സമിതി ഓഡിറ്റ് ഖണ്ഡികയിൽ പരാമർശ വിധേയമായ ഗുരുതരമായ ക്രമക്കേടിന് ഉത്തരവാദി ആരാണെന്ന് കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

12. പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽനിന്നും ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി, പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും സ്ഥിതി വിവരകണക്കുകൾ ശേഖരിച്ച നൽകിയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഫോൺ മുഖാന്തരം പത്തനംതിട്ട ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

### നിഗമനങ്ങൾ/ശിപാർശകൾ

13. പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗം സംബന്ധിച്ച് 4 ഖണ്ഡികകൾ ഉൾപ്പെട്ടിരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്രയധികം ക്രമക്കേടുകൾ ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാത്തതും അത് പരിശോധിക്കാത്തതും വകുപ്പിന്റെ ഗുരുതരമായ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ആയതിൽ മസ്റ്റർറോൾ ഉപയോഗിച്ചുള്ള പെറ്റി വർക്കുകളും നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള റോഡ് മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ; സാങ്കേതികാനുമതി നേടുകയോ കൃത്യമായ അളവുപുസ്തക രേഖപ്പെടുത്തലുകളും നടത്തുകയോ ചെയ്യാതെ തുകകൾ പിൻവലിച്ച് റോഡ് മെയിന്റനൻസ് നടത്തിയതായി കാണിച്ചിരിക്കുന്നു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള തുകയുടെ വൗച്ചറുകൾ കാണിക്കാതെ നിയമപരമല്ലാത്ത, കമ്മിറ്റിയിൽ ചർച്ച ചെയ്യാത്ത വൗച്ചറുകളിൽ ഒപ്പിട്ടിട്ടില്ലെന്ന പ്രസിഡന്റിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. വാഹനദുരുപയോഗം സംബന്ധിച്ച് ഉത്തരവുകളുണ്ടെന്നും പെർഫോമൻസ് ഓഡിറ്റ് തലത്തിലാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നുമുള്ള വസ്തുത സമിതി മനസിലാക്കുന്നു. മേൽ പ്രവൃത്തികൾക്ക് പിൻവലിച്ച തുക ഉത്തരവാദികളായ വ്യക്തികളിൽ നിന്നും അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്ക് യാത്രചെയ്യുന്നതിലേക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 50,000/- രൂപ വരെ ചെലവ് ചെയ്യാമെന്ന ഉത്തരവിന്റെ പിൻബലത്തിൽ വ്യക്തമായ ആവശ്യങ്ങൾ രേഖപ്പെടുത്താതെയും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്താതെയും യാത്രകൾ നടത്തിയത് സംബന്ധിച്ച് ക്രമക്കേട് നടന്നതായി വ്യക്തമാകുന്ന സാഹചര്യത്തിൽ നഷ്ടതുക ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ക്വട്ടേഷൻ ക്ഷണിക്കാതെ ശുചീകരണ സാമഗ്രികൾ വാങ്ങിയവകയിൽ നടന്ന ക്രമക്കേടുകൾ ഭരണ സമിതിയുടെ കെടുകാര്യസ്ഥത വെളിപ്പെടുത്തുന്നു. രേഖകൾ യഥാസമയം പരിശോധിച്ചിരുന്നുവെങ്കിൽ ഇത്രയും നഷ്ടം സംഭവിക്കില്ലാ യിരുന്നുവെന്നും ഇപ്രകാരം സംഭവിച്ചത് വകുപ്പിന്റെ ഉന്നതതലത്തിൽ സംഭവിച്ച അനാസ്ഥയും വീഴ്ചയുമാണെന്നും സമിതി കണക്കാക്കുന്നു. ക്രമക്കേടുകൾക്ക് ഉത്തരവാദികളിൽനിന്നും നഷ്ടതുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയതിനെതുടർന്ന് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ അവ്യക്തമായ ഒരു മറുപടിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് നല്കിയിട്ടുള്ളത്. ഇത് സമിതി നിർദ്ദേശത്തിനോടുള്ള അനാസ്ഥയായി സമിതി വീക്ഷിക്കുന്നു.

17. കമ്മിറ്റിയുടെ ലഘുഭക്ഷണ ചെലവിലേക്ക് മാസംതോറും വൻതുകകൾ ചെലവഴിച്ചതും ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ന്യായമായതിൽ കൂടുതൽ തുകയിൽ എടുത്തതുമായി ബന്ധപ്പെട്ടും ഓഫീസിലേക്ക് സ്റ്റേഷനറി സാധനങ്ങൾ അനധികൃതമായി വാങ്ങിയതു സംബന്ധിച്ചും ധാരാളം ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള ദുർവ്യയങ്ങളും പരിധി ലംഘിച്ചുള്ള ചെലവുകളും ക്രമക്കേടുകളും ഓഡിറ്റ് തടസ്സത്തിലൂടെ മാത്രം ശ്രദ്ധയിൽപ്പെടുന്നത് ഉന്നതഉദ്യോഗസ്ഥതലത്തിലുള്ള പരാജയവും അനാസ്ഥയുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം ദുർവ്യയങ്ങൾക്ക് ഇടനൽകാത്തവിധം ഉന്നതതലത്തിലുള്ളവർ ജാഗ്രതയും പരിശോധനയും നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**നെല്ലിക്കാമൺ നീർത്തട പദ്ധതി സമയബന്ധിതമായി നടപ്പാക്കിയില്ല (2007-08 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.37)**

ഗ്രാമപഞ്ചായത്തിലെ 565 ഹെക്ടർ സ്ഥലത്തെ പ്രകൃതി വിഭവ പരിപാലനത്തിന് ഉദ്ദേശിച്ച് ആവിഷ്കരിച്ച നെല്ലിക്കാമൺ നീർത്തട പദ്ധതി ഗ്രാമ പഞ്ചായത്ത് അധികൃതരുടെയും നിർവ്വഹണാധികാരിയായ കൃഷി ഓഫീസറുടെയും നിഷ്ക്രിയത്വംമൂലം നടപ്പായില്ല. പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച 67.13 ലക്ഷം രൂപയും പഞ്ചായത്തിന്റെ വിഹിതമായ 4.81 ലക്ഷം രൂപയും ട്രഷറിയിൽ നിന്നും മാറി ഫലരഹിതമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ്, ഖണ്ഡിക നമ്പർ 5.5.3 (2)]

ഓഡിറ്റ് തടസ്സം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിന്, ഓഡിറ്റ് സമയത്ത് പദ്ധതി ആരംഭിച്ചിരുന്നില്ലെന്നും പിന്നീട് പ്രവൃത്തി ആരംഭിക്കുകയും മുഴുവൻ തുകയും

ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും പലിശയിനത്തിൽ 9 ലക്ഷം രൂപ മാത്രമേ അവശേഷിക്കുന്നുള്ളുവെന്നും ആയതിന് പുതിയ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഡി.പി.സി. യുടെ അംഗീകാരത്തിന് നൽകുകയും ചെയ്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ടി പദ്ധതിയ്ക്കായി ആരംഭിച്ചിരുന്ന ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന 76,56,879 രൂപയിൽ ചെലവാക്കാതെ അവശേഷിച്ചിരുന്ന 33,36,879 രൂപ തിരിച്ചടച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞതിന് തുക പൂർണ്ണമായി ചെലവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിന്റെ വിശദീകരണം സമിതി ആവശ്യപ്പെട്ടതിന് പ്രസ്തുത പദ്ധതി ആദ്യം പഞ്ചായത്താണ് ഏറ്റെടുത്തിരുന്നതെന്നും അപ്പോഴുണ്ടായ ചില സാങ്കേതിക തടസ്സങ്ങളാലും പിന്നീട് ഏജൻസിയെ ഏല്പിക്കുന്നതിലുണ്ടായ ബുദ്ധിമുട്ടുകളാലും പദ്ധതിയ്ക്ക് കാലതാമസം വന്നിട്ടുണ്ടെന്നും പുതിയ ഏജൻസി എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ വ്യക്തമാക്കി. പദ്ധതിയുടെ പലിശ തനതുഫണ്ടിൽ വകയിരുത്തിയതെങ്ങനെയെന്ന് സമിതി സംശയം ഉന്നയിച്ചതിന് കേന്ദ്ര പദ്ധതിയിലേക്കാണ് തുക വകയിരുത്തിയിരിക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചപ്പോൾ അപ്രകാരം ചെയ്യാൻ സാധിക്കുകയില്ല എന്ന് ഫിനാൻസ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പദ്ധതി നടപ്പിലാക്കിയതിന്റെയും പലിശത്തുക വിനിയോഗിച്ചതിന്റെയും വിശദാംശങ്ങൾ ബോധ്യപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

18. 2006-07 മുതൽ 2008-2009 വരെയുള്ള കാലയളവിൽ നടപ്പാക്കേണ്ടിയിരുന്ന പദ്ധതി 2012-2013 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയത് അധിക ചെലവിന് കാരണമായിട്ടുണ്ട്. ടി അധിക ചെലവ് ഗുണഭോക്താക്കൾ നേരിട്ട് വഹിക്കേണ്ടിവന്നുവെന്നതും പദ്ധതി നടത്തിപ്പിന്റെ അപാകതയായി ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

19. **പദ്ധതി നടത്തിപ്പിൽ നേരിട്ട കാലതാമസംമൂലം അധിക ചെലവ് വന്നിട്ടുണ്ടെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയാണെന്ന് സമിതി അംഗീകരിക്കുന്നു. എന്നാൽ പദ്ധതിക്കായി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന പദ്ധതി തുകയുടെ പലിശ തനതു ഫണ്ടിൽ വകയിരുത്തിയത് എപ്രകാരമാണെന്ന് വ്യക്തമാക്കണമെന്ന സമിതിയുടെ നിർദ്ദേശവും അപ്രകാരം തനതുഫണ്ടിൽ തുക വകയിരുത്താൻ സാധിക്കില്ലെന്ന ഫിനാൻസ് സ്പെഷ്യൽ സെക്രട്ടറിയുടെ അഭിപ്രായവും മുൻനിർത്തി പദ്ധതി സംബന്ധിച്ചും പലിശത്തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും നല്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ്**

**ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. ആധിക ചെലവ് ഗുണഭോക്താക്കൾ നേരിട്ടുവഹിച്ചുവെന്ന മറുപടിയിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും കൃത്യതയില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കിയ തിന്റെയും പലിശത്തുക വിനിയോഗിച്ചതിന്റെയും കൃത്യമായ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

പന്തളം ഗ്രാമപഞ്ചായത്ത്

**കൊച്ചിൻ റിഫൈനറിയിൽനിന്നും ടാർ വാങ്ങിയതിന്റെ വില ഡിമാന്റ് ഡ്രാഫ്റ്റായി നൽകി 4,51,685 രൂപ തടസ്സപ്പെടുത്തുന്നു:**

<u>(2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-21)</u>

കൊച്ചിൻ റിഫൈനറിയിൽനിന്നും 180 ബാരൽ ടാർ വാങ്ങിയതിന് 4,51,685 രൂപ 9-12-2002-ലെ 196854-ാം നമ്പർ സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുന്നതിനുവേണ്ടിയാണെന്ന് പറയുന്നുണ്ടെങ്കിലും ഡി. ഡി. നമ്പർ ലഭ്യമല്ല. കൂടാതെ ഡ്രാഫ്റ്റ് എടുക്കുന്നതിനുള്ള ഫാറത്തിന്റെ കൗണ്ടർ ഫോയിലിൽ ബാങ്ക് സീലും കാണുന്നില്ല. ആകെ 180 ബാരൽ ടാറിന്റെ വില രേഖപ്പെടുത്തിയ 3 ഇൻവോയിസുകൾ ഫയലിൽ ഉണ്ടെങ്കിലും 60 ബാരലിന്റെ ഡെലിവറി ഓർഡർ മാത്രമേ ഫയലിലുള്ളൂ. 180 ബാരൽ ടാറിന്റെ വിതരണം സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ടെങ്കിലും, തുക കൊച്ചിൻ റിഫൈനറിയ്ക്കു നൽകിയതു സംബന്ധിച്ച് കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവായ 4,51,685 രൂപ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.15.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

20. സെൽഫ് ചെക്ക് പ്രകാരം 4,51,685 രൂപ പിൻവലിച്ച് 180 ബാരൽ ടാർ വാങ്ങിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിന്മേൽ വിശദീകരണം ആരാഞ്ഞതിന് 2002-2003 വർഷത്തിൽ നടന്ന വിഷയമാണെന്നും 2-12-2013-ൽ ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് കൊച്ചിൻ റിഫൈനറിക്ക് കത്തയച്ചിട്ടുണ്ടെന്നും കൃഷി ഓഫീസർ അറിയിച്ച ഓഡിറ്റ് തടസ്സം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളെകുറിച്ചും 2002-ൽ നടന്ന സംഭവത്തിന് 2013-ൽ മാത്രമാണ് നടപടി സ്വീകരിച്ചത് എന്നതിനെപ്പറ്റിയും കൊച്ചിൻ റിഫൈനറിയിൽ നിന്ന് ക്യാഷ് ഇൻവോയ്സുകൾ

ഡെലിവറി ഓർഡറുകൾ എന്നിവ ലഭ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന് ഇതുമായി ബന്ധപ്പെട്ട് രേഖകൾ ഫയലിൽ ലഭ്യമല്ല എന്ന് മറുപടി നൽകി. ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും രേഖകൾ നഷ്ടപ്പെട്ടതെങ്ങനെയെന്നും ഉത്തരം നൽകാൻ നിലവിലെ സെക്രട്ടറി ബാധ്യസ്ഥനാണെന്നും സർക്കാർ ഇക്കാര്യം പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നല്കണമെന്നും കൊച്ചിൻ റിഫൈനറിക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കണമെന്നും ആയത് പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നല്കണമെന്നും സമിതി നിർദ്ദേശിച്ചു. റിപ്പോർട്ട് നൽകാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

21. കൊച്ചിൻ റിഫൈനറിക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്നു അറിയിച്ചു കൊള്ളുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**22. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും രേഖകൾ നഷ്ടപ്പെട്ടതെങ്ങനെയെന്നും കണ്ടെത്തി മറുപടി നൽകണമെന്ന് സർക്കാരിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കൊച്ചിൻ റിഫൈനറിക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഒരു മാസത്തിനകം നൽകാമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കപ്പെടാത്തത് സമിതി ഗൗരവമായി കാണുന്നു. കൊച്ചിൻ റിഫൈനറിയിൽനിന്നും പ്രസ്തുത കാലയളവിൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 180 ബാരൽ ടാർ യഥാർത്ഥത്തിൽ വാങ്ങിയിട്ടുണ്ടോയെന്നതു സംബന്ധിച്ച് വ്യക്തമായ മറുപടി ടി സ്ഥാപനത്തിനോട് ആവശ്യപ്പെടാവുന്നതാണെന്നിരിക്കെ ഇക്കാര്യത്തിൽ ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതും സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ സമിതി നിർദ്ദേശപ്രകാരമുള്ള നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## ആധുനിക രീതിയിലുള്ള അറവുശാലാ നിർമ്മാണം

(2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-46)

2000-2001-ൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിനായി 29-4-2000-ൽ 31,00,000 രൂപയുടെ ഭരണാനുമതിയും 30-3-2001-ൽ 30,93,000 രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. 6-2-1998-ലെ ജി.ഒ.(ആർ.റ്റി.) 319/98/എൽ.എ.ഡി. പ്രകാരം അറവുശാല നിർമ്മാണം നടക്കുന്നതിനുള്ള നോഡൽ ഏജൻസിയായി "ചേർത്തല സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്)" എന്ന സ്ഥാപനത്തെ നിർദ്ദേശിച്ചിട്ടുള്ളതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 19-3-2002-ലെ തീരുമാനപ്രകാരം അറവുശാല നിർമ്മാണം ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ "സിൽക്കി" നെ ഏൽപ്പിച്ചു. "സിൽക്കി"-ന്റെ ആവശ്യപ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 30 ശതമാനം തുകയായ 9,28,140 രൂപ 20-3-2002-ൽ നൽകി. 19-3-2002-ലെ പഞ്ചായത്ത് കമ്മിറ്റി അറവുശാലയ്ക്കായി പബ്ലിക് മാർക്കറ്റിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തായി 30 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ഓഡിറ്റ് തീയതിവരെയും അറവുശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറിയി ട്ടില്ലാത്തതിനാൽ തുടർനടപടികൾ ഒന്നും നടന്നിട്ടില്ല. "മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങുകയോ, പൊതുജനങ്ങളിൽനിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞുകൊണ്ട് നോട്ടീസ് പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാ"യെന്ന് പന്തളം പരിസ്ഥിതി സംരക്ഷണ സമിതി ബഹു. ഓംബുഡ്സ്മാനിൽ പരാതി നൽകിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടേയും സെക്രട്ടറിയുടെയും സമയബന്ധിതമായ നടപടികളുടെ അഭാവമാണ് പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ലഭിക്കാൻ ഇടയാക്കാത്തത്. 6/2002-ൽ സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് ഈ പ്രോജക്ടിന് തനതു ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ മാറ്റിയിരുന്നു. എന്നാൽ 9-7-2003-ലെ ജി.ഒ. (പി) 381/2003/ഫിൻ. പ്രകാരം ജനറൽ പി.ഡി., പ്ലാൻ പി.ഡി.അക്കൗണ്ടുകൾ നിർത്തലാക്കിയതിനെ തുടർന്ന് ഈ ഇനത്തിലുള്ള ബാക്കി തുകയെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടുമില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 3.15.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. 33 ലക്ഷത്തോളം രൂപയുടെ അനുമതി ലഭിച്ച പദ്ധതി 11 വർഷമായിട്ടും പൂർത്തിയാക്കാത്തതിന്റെയും സിൽക്കിനെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്ത് 9,28,140 രൂപ അഡ്വാൻസ് നൽകുകയും 25 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെയും നിജസ്ഥിതി സമിതി ആരാഞ്ഞതിന് പദ്ധതിയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നതാണ് ഓഡിറ്റ് തടസ്സമെന്ന് കൃഷി ഓഫീസർ മറുപടി നൽകി. കൂടാതെ 2007-ലെ ഓഡിറ്റ് തടസ്സം മാറ്റാനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ ഹാജർബുക്ക് കാണാനില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയാണുണ്ടായിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയ സമിതി 13 വർഷമായിട്ടും നടപ്പാക്കാൻ സാധിക്കാത്ത പ്രസ്തുത പദ്ധതി 2009-2010-ൽ അനുവദിച്ച തുക വിനിയോഗിച്ചാലും പൂർത്തിയാക്കാൻ കഴിയില്ലെന്നും അഭിപ്രായപ്പെട്ടു. പദ്ധതിതുകയുടെ 30% സിൽക്കിന്റെ പേരിൽ നൽകിയതിലൂടെയുണ്ടായ സാമ്പത്തിക നഷ്ടം ആരിൽനിന്നും എങ്ങനെ ഈടാക്കുമെന്നും പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് പരിഹാരം കാണുന്നതെങ്ങനെയെന്നും ആരാഞ്ഞ സമിതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ അനുവാദം വാങ്ങുകയോ പൊതുജനാഭിപ്രായം തേടുകയോ ചെയ്യാതെ 30% തുക ഏജൻസിയിൽ ഏല്പിച്ചത് ഗുരുതരമായ വീഴ്ചയാണെന്ന് എടുത്തു പറഞ്ഞു. പഞ്ചായത്ത് ഭരണ സമിതി സിൽക്കിനെ ഏല്പിച്ച തുക പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നാരാഞ്ഞതിന് രേഖാമൂലം ആവശ്യപ്പെട്ടതായി രേഖകളില്ലെന്നും ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ കുറച്ചുഭാഗം മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും നിലവിൽ ഇതു സംബന്ധിച്ച് കേസ്സില്ലാ എന്നും കൃഷി ഓഫീസർ മറുപടി നൽകി. ടി വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെയും ഉദ്യോഗസ്ഥരുടേയും പിഴവുകൾ പരിശോധിച്ചിട്ടുണ്ടോയെന്ന സമിതിയുടെ തുടർചോദ്യത്തിന്, പഞ്ചായത്ത് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും 30% തുക നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാകുന്നില്ലെന്നും 20-7-2002-നുശേഷം ഈ വിഷയം സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിട്ടില്ലെന്നും കൂടുതൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി. സിൽക്കിൽനിന്നും തുക തിരിച്ചു പിടിക്കാൻ അടിയന്തരനടപടി സ്വീകരിക്കുവാനും പദ്ധതി പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യുവാനും വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാനും സമിതി നിർദ്ദേശിച്ചു. രണ്ടു മാസത്തിനകം റിപ്പോർട്ട് നൽകാമെന്ന് പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

24. പദ്ധതി നടത്തിപ്പിന് നിക്ഷേപിച്ച തുക തിരിച്ച് നൽകാൻ കഴിയില്ലെന്ന് 11-3-2014-ലെ SILK/SF4/08-03/2014/946 നമ്പർ കത്ത് പ്രകാരം 'സിൽക്ക്' ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

25. പ്രസ്തുത പദ്ധതി പുനരാരംഭിക്കാൻ സാധ്യമല്ലെന്ന് നോഡൽ ഏജൻസി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

26. അറവുശാല നിർമ്മിക്കേണ്ട സ്ഥലം യഥാസമയം 'സിൽക്കി'ന് കൈമാറാത്തതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭ്യമാക്കാത്തതുമാണ് പദ്ധതി നടപ്പാക്കാതെ പോകാൻ കാരണം. പദ്ധതി നടത്തിപ്പിലെ വീഴ്ചകൾക്ക് ഭരണസമിതിയും സെക്രട്ടറിയുമാണ് ഉത്തരവാദികൾ.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. ആധുനിക രീതിയിലുള്ള അറവുശാലയുടെ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ അനുമതി ലഭിച്ച പദ്ധതി 13 വർഷമായിട്ടും നടപ്പാക്കാതെ പോയതിന്റെ യഥാർത്ഥ ഉത്തരവാദികൾ അന്നത്തെ ഭരണസമിതിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമാണെന്ന് ഓഡിറ്റ് നൽകിയ മറുപടിയിൽനിന്നും സമിതി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ അനുവാദം വാങ്ങുകയോ പൊതുജനാഭിപ്രായം തേടുകയോ ചെയ്യാതെ പദ്ധതിയുടെ 30% തുക ഏജൻസിയ്ക്ക് നൽകിയ നടപടിയിലൂടെ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഗുരുതരമായ വീഴ്ചയായി സമിതി കാണുന്നു. പദ്ധതി നടത്തിപ്പിന് നിക്ഷേപിച്ച തുക തിരികെ നല്കാൻ സാധിക്കില്ലെന്ന SILK നിലപാട് ന്യായീകരിക്കത്തക്കതല്ല. ചെയ്യാത്ത ജോലിക്ക് കൈപ്പറ്റിയ തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് തിരികെ നല്കുവാൻ SILK-നെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പുനരാരംഭിക്കാൻ സാധിക്കാത്ത പദ്ധതിക്ക് തുക നല്കിയവരിൽ നിന്നും പണം തിരികെ ഈടാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ധനസഹായവിതരണ മേഖലകളിൽ കൃത്രിമം കാണിച്ചു.**

<u>(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2-14)</u>

9-7-2003-ലെ സർക്കാർ ഉത്തരവ് 381/2003/ഫിൻ. പ്രകാരം പ്ലാൻ പി.ഡി. അക്കൗണ്ടുകൾ മരവിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക്

3-ാം ഗഡു തുക വിതരണം ചെയ്യുന്നതിന് ഒന്നിലധികം പേർക്ക് വേണ്ടി തുക നൽകുന്നതിനായി സെക്രട്ടറിക്ക് റിക്വിസിഷൻ നൽകുകയും സെക്രട്ടറി നൽകിയ ചെക്ക് പണമായി മാറ്റി ഗുണഭോക്താക്കൾക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും ചെയ്ത നടപടി ക്രമവിരുദ്ധമാണ്. കൂടാതെ, സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ (ജനറൽ) ഗുണഭോക്താക്കൾക്കായി വി.ഇ.ഒ.-യ്ക്ക് 1,91,000 രൂപയുടെ ചെക്ക് മാറി വിതരണം ചെയ്തതിന്റെ രജിസ്റ്റർ, കൈപ്പറ്റ് രസീത് എന്നിവ തിരുത്തി 45,000 രൂപയുടെയും പട്ടികജാതി ഗുണഭോക്താക്കൾക്കായി നൽകിയ 2,34,500 രൂപയുടെ ചെക്ക് മാറി വിതരണം ചെയ്തതിൽ 10,000 രൂപയുടേതുമുൾപ്പെടെ 55,000 രൂപയുടെ പണാപഹരണം നടന്നതായി കാണുന്നു. പണാപഹരണം നടത്തിയ വി.ഇ.ഒ.-യ്ക്ക് എതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.16.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് 2003-2004 സാമ്പത്തിക വർഷത്തെ പ്രസ്തുത ക്രമക്കേടിന് വിജിലൻസ് അന്വേഷണം നടത്തിയിരുന്നുവെന്നും ആയിടയ്ക്ക് തന്നെ പഞ്ചായത്തിൽ നിന്ന് ഫയൽ നഷ്ടപ്പെട്ടുവെന്നും അതിനുശേഷം 2010-ൽ വീണ്ടും വിജിലൻസ് അന്വേഷണം നടക്കുകയും വി.സി.3/2013 എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരികയാണെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കേസിന്റെ നിലവിലെ സ്ഥിതിയെ സംബന്ധിച്ചും ക്രമക്കേടിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച വകുപ്പുതല നടപടികളെ കുറിച്ചും വിശദീകരണം ആവശ്യപ്പെട്ടതിന് ആരോപണ വിധേയനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ 20-7-2005-ൽ സസ്പെന്റ് ചെയ്യുകയും 12-10-2007-ൽ കുത്തുപറമ്പ് ബ്ലോക്കിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സസ്പെൻഷൻ, പരാമർശ വിധേയമായ ഓഡിറ്റ് ഖണ്ഡികയിലെ വിഷയവുമായി ബന്ധപ്പെട്ടതാണോ എന്ന് സംശയം പ്രകടിപ്പിച്ച സമിതി, ഓഡിറ്റ് കണ്ടെത്തിയതിനുപരിയായി ടി ഉദ്യോഗസ്ഥൻ നടത്തിയ ക്രമക്കേടുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോയെന്നും വിജിലൻസ് കേസന്വേഷണത്തിനു പുറമേ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞതിന് ടിയാൻ 6,69,445 രൂപയുടെ തിരിമറി നടത്തിയതായി പെർഫോമൻസ് ഓഡിറ്റ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും തുകയുടെ 12% പലിശ അടയ്ക്കുവാനും ഉത്തരവായെന്നും അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽനിന്നും

താല്ക്കാലിക സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും കേസിൽ പഞ്ചായത്ത് എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ വ്യക്തമാക്കി. മൂന്നവർഷമായിട്ടും സ്റ്റേ പിൻവലിച്ചിട്ടില്ലാത്തതിന്റെ കാരണവും കേസിന്റെ നിലവിലെ സ്ഥിതിയും സ്റ്റേ പിൻവലിക്കാൻ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ സംബന്ധിച്ചും ആരാഞ്ഞതിന് അഡ്വ. ജനറലിന്റെ ഓഫീസിൽനിന്നും 2011-ന് ശേഷം ഒരു മറുപടിയും ലഭിച്ചിട്ടില്ലെന്ന് ഡി.സി. മറുപടി നൽകി. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാവാം സ്റ്റേ പിൻവലിക്കാൻ സാധിക്കാത്തതെന്ന് അനുമാനിച്ച സമിതി സർക്കാരിനോട് വിശദീകരണം ആവശ്യപ്പെടുകയും വകുപ്പുകൾക്ക് വേണ്ടി ശക്തമായി വാദിക്കാൻ വക്കീലന്മാരെ ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് ആരായുകയും ചെയ്തപ്പോൾ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി അപ്രകാരം ചെയ്യുന്നതിന് നിയമപരമായ തടസ്സമുണ്ടെന്നും സർക്കാർ കേസുകൾക്ക് ഹാജരാവുകയെന്നത് അഡ്വ. ജനറലിന്റെ ഭരണഘടനാപരമായ ചുമതലയാണെന്നും ഫിനാൻസ് സെക്രട്ടറി ചൂണ്ടിക്കാട്ടുകയും തദ്ദേശ സ്വയംഭരണവകുപ്പുകളുടെ കേസ് കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക വിംഗ് എന്ന ആശയത്തെക്കുറിച്ച് ആലോചിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. ക്രമക്കേടിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ അപഹരിച്ച തുക പലിശ സഹിതം ഈടാക്കാനും ടിയാനെതിരെയുള്ള വിജിലൻസ് കേസ് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുവാനും സമിതി ആവശ്യപ്പെട്ടു. കൂടാതെ ഉദ്യോഗസ്ഥൻ കോടതിയിൽ ഫയൽ ചെയ്ത കേസിലെ സ്റ്റേ നിലവിലുണ്ടോയെന്നും സ്റ്റേ നീക്കിയിട്ടുണ്ടെങ്കിൽ അക്കാര്യമറിഞ്ഞിട്ടും സി.ആർ.ഡി. ഔദാര്യം കാണിക്കുന്നതാണോ എന്നും അന്വേഷിച്ച് റിപ്പോർട്ട് നല്കണമെന്ന് കമ്മീഷണറുടെ ചുമതല വഹിക്കുന്ന ഗ്രാമവികസന അഡീഷണൽ കമ്മീഷണറോട് സമിതി നിർദ്ദേശിച്ചു

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

29. 1. വിജിലൻസ് കേസ് നടന്നു വരുന്നു. (നമ്പർ 3/2013/PTA)

2. തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

3. ഉത്തരവാദികൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

**30. 2003-04 സാമ്പത്തിക വർഷത്തിൽ നടന്ന സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദിയായ വി.ഇ.ഒ.യുടെ പേരിൽ വിജിലൻസ് കേസന്വേഷണം നടന്നു വരുന്നതായി സമിതി മനസ്സിലാക്കുന്നു. പെർഫോമൻസ് ഓഡിറ്റ് വിഭാഗം ടിയാൻ 6,69,445 രൂപയുടെ തിരിമറി നടത്തിയിട്ടുള്ളതായി കണ്ടെത്തിയതിന്റെ**

**പേരിൽ അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും തുകയുടെ 12% പലിശ അടയ്ക്കുവാനും ഉത്തരവായതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ നിന്നും താല്ക്കാലിക സ്റ്റേ വാങ്ങിയതായി തെളിവെടുപ്പ് വേളയിൽ ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാണ് സ്റ്റേ പിൻവലിക്കാൻ സാധിക്കാത്തതെന്ന് സമിതി അനുമാനിക്കുന്നു. ക്രമക്കേടിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും തുക പലിശസഹിതം ഈടാക്കി കേസിലെ നടപടികൾ ത്വരിതപ്പെടുത്തി സ്റ്റേ നീക്കിയിട്ടുണ്ടോയെന്നും ഈ വിഷയത്തിൽ ഗ്രാമവികസന കമ്മീഷണർ അനുകൂലമായി നിൽക്കുന്നുണ്ടോയെന്നും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വിജിലൻസ് കേസ് നടന്നുവരുന്നുവെന്നും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും നഷ്ടത്തുക ഈടാക്കിയിട്ടില്ലെന്നും കാണുന്നു. ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തി 13 വർഷങ്ങൾ കഴിഞ്ഞിട്ടും ആയതിന് കാരണക്കാരായവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് കുറ്റകരമായ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. സ്റ്റേ വെക്കേറ്റ് ചെയ്യാതിരിക്കുന്നത് കുറ്റക്കാർക്ക് സഹായകരമാകുമെന്നും ആയതിനാൽ സ്റ്റേ നീക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ നടപടി സ്വീകരിക്കുകയും, വിജിലൻസ് കേസ് ത്വരിതപ്പെടുത്തുകയും ചെയ്ത് ബഹു. കോടതി വിധിക്കനുസൃതമായി നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

പന്തളം-തെക്കേക്കര ഗ്രാമപഞ്ചായത്ത്

**കീരിക്കുഴി-ചിറയത്ത് ഏലാതോട് സംരക്ഷണം-മുൻകൂർ കുറവ് ചെയ്യാതെ അധികം നൽകി**

<u>(2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-21)</u>

ഈ പ്രവർത്തിക്ക് 2,62,000 രൂപ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും 2,52,000 രൂപയ്ക്കുമാത്രമേ ഭരണാനുമതി നൽകിയിരുന്നുള്ളൂ. വിവിധ ചെക്കുകൾ പ്രകാരം 2,52,336 രൂപയാണ് പ്രതിഫലമായി കൺവീനർക്ക് നൽകിയിട്ടുള്ളത്. പ്രവർത്തിയുടെ ആകെ മൂല്യത്തുക നികുതി തുകയും മറ്റ് ചെലവുകളുമുൾപ്പെടെ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽതുക നൽകിയതിൽ മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 50,000 രൂപ കുറവ് ചെയ്യേണ്ടതിന് പകരം 25,000 രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. മുൻകൂർ തുക ശരിയായി ക്രമപ്പെടുത്താതെ പ്രതിഫലം നൽകിയതിന് 25,000 രൂപ അധികമായി നൽകി.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2007-08-ലെ സമാഹൃത റിപ്പോർട്ട്) ഓഡിറ്റ് ഖണ്ഡിക നമ്പർ 3.17.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശ സ്വയംഭരണവകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. പ്രസ്തുത പദ്ധതിക്ക് 25,000 രൂപ അധികം നൽകി എന്ന ഓഡിറ്റ് തടസ്സത്തെ സംബന്ധിച്ചും ഉദ്യോഗസ്ഥർ നടത്തുന്ന ധനാപഹരണം സംബന്ധിച്ച് ഓഡിറ്റുമായി ബന്ധപ്പെട്ട കേസുകൾ സമിതി പരിഗണനയ്ക്കെടുക്കുമ്പോൾ ടി തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നുമുള്ള ശിപാർശയോടെയാണ് സർക്കാർ മറുപടി ലഭിക്കുന്നതും ആയത് തന്നെ സമിതിയുടെ യോഗ നോട്ടീസ് നല്കുമ്പോൾ മാത്രമാണ് അന്വേഷിക്കുന്നതെന്നും സർക്കാരിന്റെയും വകുപ്പിന്റെയും ഈ നടപടി ആശാസ്യമല്ലെന്നും സർക്കാരും വകുപ്പും ഇക്കാര്യം ഗൗരവമായി കാണണമെന്നും ഓഡിറ്റ് പരാമർശ സമയത്തോ മറ്റേതെങ്കിലും ഘട്ടത്തിലോ ഇവ അന്വേഷിക്കപ്പെടുന്നില്ലെന്നും സർക്കാരും വകുപ്പും ഇക്കാര്യങ്ങളിൽ യാതൊരു ശ്രദ്ധയും ചെലുത്തുന്നില്ലെന്നും ഇതിനായി സംവിധാനമില്ലെങ്കിലോ ഉള്ള സംവിധാനത്തിൽ കുറവുണ്ടെങ്കിലോ അവ പരിഹരിക്കാൻ സർക്കാരിലേക്ക് നിർദ്ദേശം സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ജില്ലകളുടെ ചുമതല വഹിക്കുന്ന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗമുണ്ടെന്നും ഓരോ വിഭാഗത്തിലും ഓരോ സീനിയർ സൂപ്രണ്ടുമാരെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടി എടുക്കുന്നതെന്നും പരാമർശവിധേയമായ വിഷയം വർഷങ്ങൾക്ക് മുമ്പുള്ളതാണെന്നും അത്തരം സംഗതികളിൽ ലോക്കൽ ഫണ്ട് വകുപ്പുമായി ചേർന്ന് അദാലത്തുകൾ നടത്തി തീർപ്പാക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**32. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കൺവീനർ മൊബിലൈസേഷൻ അഡ്വാൻസായി കൈപ്പറ്റിയ 25,000 രൂപ പഞ്ചായത്തിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ ധനാപഹരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ സമിതി പരിഗണിക്കുമ്പോൾ മാത്രമാണ് ഉത്തരവാദിയായ വ്യക്തി തുക തിരിച്ചടവാക്കിയിട്ടുണ്ടെന്ന മറുപടി സർക്കാർ സമർപ്പിക്കുന്നത്. ഇത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി കാണുന്നു. ടി വിഷയങ്ങളിന്മേൽ യഥാവിധി തുടർ നടപടി സ്വീകരിക്കാതെ തെളിവെടുപ്പ് വേളയിൽ തടസ്സം ഒഴിവാക്കി നല്കണമെന്ന് മറുപടി നല്കുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി താക്കീത് ചെയ്യുന്നതോടൊപ്പം പരാമർശ വിഷയങ്ങളിന്മേൽ പരിഹാരം കണ്ടെത്തുന്നതിന് കുറ്റമറ്റ സംവിധാനം വേണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## പൊതു അവലോകനം

### നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത്

വിവിധ വൈദ്യുത/കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വൻതുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.

നിക്ഷേപവേലകൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവെച്ചതിനുശേഷം ചെക്കുകൾ വഴിയായിരിക്കണമെന്നും, കൂടാതെ കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതുമാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശഭരണ സ്ഥാപനവും നിക്ഷേപ പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ, പ്രവർത്തി പൂർത്തിയാക്കിയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്നുറപ്പുവരുത്താൻ വേണ്ട നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡികനമ്പർ | തുക നിക്ഷേപിച്ച സ്ഥാപനം | തുക (രൂപ) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2004-05/3-4(1) | കെ.എസ്.ഇ.ബി. തിരുവല്ല | 34,350 |
| | | 2004-05/3-4(2) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 1,00,000 |
| | | 2004-05/3-4(3) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 3,24,714 |
| | | 2004-05/3-4(4) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 9,50,000 |
| | | 2004-05/3-4(5) | നിർമ്മിതി കേന്ദ്രം, പത്തനംതിട്ട | 1,00,000 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | കുറ്റൂർ ഗ്രാമപഞ്ചായത്ത് | 2003-04/3-1 | കെ.എസ്.ഇ.ബി., ചെങ്ങന്നൂർ | 2,44,340 |
| 3 | വള്ളിക്കോട് ഗ്രാമപഞ്ചായത്ത് | 2003-04/3-2 | കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട | 50,850 |
| 4 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | 2003-04/3-5 | കെ.എസ്.ഇ.ബി., ചെറുകോൽ | 4,67,890 |
| 5 | ചിറ്റാർ ഗ്രാമപഞ്ചായത്ത് | 2003-04/3-22 | കെ.എസ്.ഇ.ബി.വടശ്ശേരിക്കര | 4,53,740 |
| 6 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 2004-05/3-16 | കെ.എസ്.ഇ.ബി. | 41,080 |
| 7 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 2001-02 | കെ.എസ്.ഇ.ബി. | 1,27,012 |
| 8 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2004-05/3-5 | കെ.എസ്.ഇ.ബി. | 47,880 |
| 9 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2007-08/3-3 | പത്തനംതിട്ട ബിൽഡിംഗ് ഡിവിഷൻ | 1,50,000 |
| 10 | സീതത്തോട് ഗ്രാമപഞ്ചായത്ത് | 2004-05/3-16 | കെ.എസ്.ഇ.ബി. | 2,41,000 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 2.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. 8 പഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയും കെ.എസ്.ഇ.ബി.യും ഏറ്റെടുത്ത കുടിവെള്ള വൈദ്യുതപദ്ധതികൾ പൂർത്തിയാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് പെരിങ്ങര, കുറ്റൂർ, വള്ളിക്കോട്, ചെറുകോൽ, ചിറ്റാർ എന്നീ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്നും സമിതി നിർദ്ദേശപ്രകാരം അവ ഓഡിറ്റിന് സമർപ്പിച്ച ബോധ്യപ്പെട്ടുത്താമെന്നും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറി/ അസിസ്റ്റന്റ് സെക്രട്ടറിമാർ അറിയിച്ചു. കടമ്പനാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയും സീതത്തോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ടെന്ന് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥനും അറിയിച്ചു.

ഏനാദിമംഗലം ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ആയതിനായി കെ.എസ്.ഇ.ബി.-യ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരിൽനിന്ന് സമിതി വിശദീകരണമാരാഞ്ഞു. മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ ഏനാദിമംഗലം ഒഴികെയുള്ള പഞ്ചായത്തുകളിലെ പ്രവൃത്തികളെല്ലാം പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും ഏനാദിമംഗലത്തിന്റെ രണ്ട് പ്രവൃത്തികളിൽ ഒന്നിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നേരത്തെ തന്നെ തയ്യാറാക്കിയിട്ടുണ്ടെന്നും രണ്ടാമത്തേത് വർഷങ്ങൾക്കുമുമ്പ് നടന്ന പ്രവൃത്തിയാണെന്നും ആയതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ കെ.എസ്.ഇ.ബി. ഓഫീസിൽ ലഭ്യമായിരുന്നില്ലെന്നും അവ പഞ്ചായത്ത് നൽകിയാൽ സ്ഥലപരിശോധന നടത്തി വിനിയോഗ സാക്ഷ്യപത്രം രണ്ടാഴ്ചയ്ക്കുള്ളിൽ നല്കാമെന്നും കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ മറുപടി നൽകി.

34. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ ഏജൻസികളെ (ഉദാ. കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി) ഏല്പിക്കുന്ന നിക്ഷേപ വേലകളുടെ പൂർത്തീകരണത്തിലും വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിലും അസാധാരണമായ കാലതാമസമുണ്ടാകുന്നുവെന്നും ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി ആവശ്യപ്പെടുമ്പോൾ മാത്രമാണ് പണി പൂർത്തീകരിച്ച് സാക്ഷ്യപത്രം നൽകുന്നതെന്നും നിരീക്ഷിച്ച സമിതി പണി പൂർത്തിയാക്കിയാലും ഇല്ലെങ്കിലും പൊതുജനങ്ങൾക്ക് പരാതി ഇല്ലാത്തപക്ഷം പഞ്ചായത്ത് അധികൃതർ സാക്ഷ്യപത്രം ആവശ്യപ്പെടുകയോ ബന്ധപ്പെട്ട ഏജൻസികൾ അവ നൽകുകയോ ചെയ്യാറില്ലെന്നും അഭിപ്രായപ്പെട്ടു. യഥാസമയം പ്രവൃത്തി പൂർത്തിയാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെടുന്നതിനും സംവിധാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി പണിപൂർത്തിയാക്കിയശേഷം എത്രയും പെട്ടെന്ന് വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടെന്നും വ്യക്തമാക്കി. അങ്ങനെ ഒരു സംവിധാനം ഏർപ്പെടുത്തുകയും ബന്ധപ്പെട്ട രേഖകളും സാക്ഷ്യപത്രവും സൂക്ഷിക്കുകയും അവയ്ക്ക് കൃത്യത ഉണ്ടാകുകയും ചെയ്യുന്നപക്ഷം ഇത്തരം ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാനാകുമെന്ന് സമിതി ചൂണ്ടിക്കാട്ടി. ഡബിൾ എൻട്രി അക്കൗണ്ടിംഗിൽ കുടിശ്ശിക തുകയുടെ ലിസ്റ്റുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അവ വിധേയമാക്കിയാൽ മതിയെന്നും പെർഫോമൻസ് ഓഡിറ്റ് ശക്തമാക്കിയാൽ ഇക്കാര്യം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നും നിലവിലുള്ള വലിയ കുടിശ്ശിക ജോലികൾ എസ്.പി.എ.ഒ. മുൻകൈയെടുത്ത് പരിഹരിക്കുന്നതിനുള്ള ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുന്നത് നന്നായിരിക്കുമെന്നും ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. പെർഫോമൻസ് ഓഡിറ്റ് സമയബന്ധിതമായി നടത്താനുള്ള സാധ്യത ചർച്ച ചെയ്യുന്നതിനായി എസ്.പി.എ.ഒ.-യെ സമിതി മുമ്പാകെ വിളിക്കാമെന്നും അതിനുശേഷം തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

35. **നിക്ഷേപവേലകൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 8 ഗ്രാമപഞ്ചായത്തുകളാണ് ഓഡിറ്റ് തടസ്സത്തിൽ ഉൾപ്പെട്ടിരുന്നത്. ആയതിൽ ഏനാദിമംഗലം ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾ പണി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്നും ഏനാദിമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട രണ്ട് ഓഡിറ്റ് തടസ്സങ്ങളിൽ ഒന്നിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും രണ്ടാമത്തെ പ്രവൃത്തി മുൻപ് നടന്നതിനാൽ കെ.എസ്.ഇ.ബി.-ൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ലായിരുന്നുവെന്നും സ്ഥലപരിശോധന നടത്തി സാക്ഷ്യപത്രം നല്കാമെന്നും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

36. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി പോലുള്ള ഏജൻസികളെ ഏല്പിക്കുന്ന പ്രവൃത്തികളിൽ പൂർത്തീകരിക്കുന്നതിനും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിലും അസാധാരണമായ കാലതാമസമുണ്ടാകുന്നുവെന്നും പ്രസ്തുത വിഷയങ്ങൾ സമിതിയുടെ പരിഗണനയ്ക്കെത്തുമ്പോൾ മാത്രമാണ് ആയതിന്മേൽ നടപടി സ്വീകരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏജൻസികൾ യഥാസമയം പണി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഇത്തരം പിഴവുകൾ ആവർത്തിക്കാതെ കൃത്യതയുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നും, പെർഫോമൻസ് ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

കടമ്പനാട് ഗ്രാമപഞ്ചായത്ത്

**റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് സിമന്റ് കുറവ് ഉപയോഗിക്കുകയും ഉപയോഗിക്കാത്ത സിമന്റിന് കൂടിയ വില നൽകുകയും ചെയ്തു.**

<u>(2006-2007 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-11)</u>

2006-2007 വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ അളവിൽ സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടില്ല. ആവശ്യമായതിനേക്കാൾ 3760 കി.ഗ്രാം സിമന്റ് കുറവാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കൺവീനർമാർ ഹാജരാക്കിയ ചെലവു കണക്കുകളിൽനിന്നും

വ്യക്തമായിട്ടുണ്ട്. സിമന്റിന്റെ വിനിയോഗം എം.ബുക്കിൽ രേഖപ്പെടുത്തി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ആവശ്യമായ അളവിൽ മെറ്റീരിയൽസ് ഉപയോഗിച്ച് നിലവാരം പുലർത്തിയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താതെയാണ് പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഉപയോഗിക്കാത്ത 3760 കി.ഗ്രാം സിമന്റിന്റെ വിലകൂടി ഉൾപ്പെടുത്തിയാണ് കൺവീനർമാർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. അധികം നൽകിയ തുക കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ എൻജിനീയറിൽ നിന്നോ ഈടാക്കണം. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിക്ക് ആവശ്യമായ സിമന്റിന്റെ അളവ് | വാങ്ങി ഉപയോഗിച്ച സിമന്റിന്റെ അളവ് | കുറവ് |
|---|---|---|---|---|
| 1 | വെട്ടുവയൽ-പാലത്തടം റോഡ് കോൺക്രീറ്റിംഗ്<br>പ്രോ. നമ്പർ 212/07 | 10804 കി.ഗ്രാം | 9500 കി.ഗ്രാം | 1304 കി.ഗ്രാം |
| 2 | Viii-ാം വാർഡിൽ പ്ളാമൂട്ടിൽപ്പടി-ഇലവുംമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 3519 കി. ഗ്രാം | 2000 കി.ഗ്രാം | 1519 കി.ഗ്രാം |
| 3 | സെന്റ് മേരീസ് ചർച്ച്-തോയിപ്പാട്ട് റോഡ് കോൺക്രീറ്റിംഗ് (SGRY) | 3519 കി. ഗ്രാം | 3000 കി.ഗ്രാം | 519 കി.ഗ്രാം |
| 4 | കന്നാട്ടുകുന്ന് അമ്പിയിൽപ്പടി റോഡ് ഉദ്ധാരണം (SGRY) | 7918 കി. ഗ്രാം | 7500 കി.ഗ്രാം | 418 കി.ഗ്രാം |
| | | | ആകെ | 3760 കി.ഗ്രാം |

[(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത റിപ്പോർട്ട്) ഓഡിററ് ഖണ്ഡിക നമ്പർ 3.5.(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

37. പ്രസ്തുത ഓഡിറ്റ് തടസ്സത്തിന്മേൽ സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവർക്ക് നൽകിയ നോട്ടീസിന് ലഭിച്ച മറുപടിയിൽ സിമന്റിന്റെ അളവിൽ കുറവ് വരുത്തിയിട്ടില്ലെന്നും നല്ല രീതിയിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും റോഡ് ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നാണ് പറഞ്ഞിരിക്കുന്നതെന്നും നഷ്ടപ്പെട്ട തുക തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് കൺവീനർമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി

അറിയിച്ചു. പ്രവൃത്തി പരിചയക്കുറവുമൂലമുണ്ടായ പിഴവാണെന്നും 225 പാക്കറ്റ് സിമന്റിന്റെ ബില്ലിന് പകരം 200 പാക്കറ്റിന്റെ ബിൽ വച്ചിട്ടുണ്ടെന്നും മാർച്ചിലെ തിരക്ക് കാരണം 25 പാക്കറ്റിന്റെ ബിൽ നഷ്ടമായിട്ടുണ്ടെന്നും പ്രവൃത്തി നടന്ന സമയത്തെ എ.ഇ. സമിതിയെ അറിയിച്ചു. സിമന്റ് കുറച്ച് ഉപയോഗിച്ചിട്ടും കോൺട്രാക്ടർക്ക് മുഴുവൻ തുകയും അനുവദിച്ച് കൊടുത്തതിന്റെയും ഓഡിറ്റ് തടസ്സത്തിന് മറുപടി നൽകാത്തതിന്റെയും കാരണം, ആയതിന്റെ ഉത്തരവാദി എന്നിവ സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് പ്രവൃത്തി ചെയ്ത ബെനിഫിഷ്യറി കമ്മിറ്റി എസ്റ്റിമേറ്റ് അനുസരിച്ചുള്ള ബില്ലിന്റെ രസീതുകൾ നൽകിയിട്ടില്ലെന്നും എം.ബുക്കിൽ സിമന്റിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ലെന്നും വർക്ക് തൃപ്തികരമാണെന്ന എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും മുൻ സെക്രട്ടറി വ്യക്തമാക്കി. പ്രവൃത്തി നടക്കുന്ന സമയത്തെ സെക്രട്ടറി ആരായിരുന്നുവെന്നും എം. ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഉപയോഗിച്ച സിമന്റിന്റെ അളവ് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടി ല്ലെന്നാണ് ഓഡിറ്റ് റിപ്പോർട്ടിലുള്ളതെന്ന് ഫിനാൻസ് സെക്രട്ടറി അറിയിച്ചതിന് പ്രവൃത്തി പരിശോധിച്ച് എ.ഇ. സാക്ഷ്യപ്പെടുത്തി നൽകുന്ന കണക്കുകൾ പരിശോധിച്ച് ആയതിൽ പിശകുകളുണ്ടോയെന്ന് മാത്രം സെക്രട്ടറി പരിശോധിച്ചാൽ മതിയെന്നും അതിന്റെ സാങ്കേതിക വശം നോക്കേണ്ട പരിജ്ഞാനമോ ഉത്തരവാദിത്വമോ സെക്രട്ടറിക്കില്ലെന്നും മുൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. സെക്രട്ടറിയുടെ വിശദീകരണം അംഗീകരിക്കാവുന്നതാണെന്ന് ഫിനാൻസ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ പരിചയക്കുറവുമൂലം എഞ്ചിനീയർമാരുടെ ഭാഗത്തുനിന്നും വീഴ്ച പറ്റിയിട്ടുണ്ടെന്നും പഞ്ചായത്ത് റിപ്പോർട്ട് പ്രകാരം ഗുണനിലവാരം ഉള്ള സിമന്റാണ് ഉപയോഗിച്ചിരിക്കു ന്നതെന്നും കാണുന്നതിന്റെ നിജസ്ഥിതി പരിശോധിക്കണമെന്ന് സമിതി ആവശ്യപ്പെട്ട തിന് ഓഡിറ്റ് തടസ്സത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ എഞ്ചിനീയർ, കൺവീനർ എന്നിവരിൽ നിന്നും നഷ്ടത്തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി. കൺവീനർക്ക് അധികം തുക നൽകിയത് ക്രമവിരുദ്ധമായാണെന്നും പ്രസ്തുത തുക കൺവീനറിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ സമിതി ആവശ്യപ്പെട്ടതിന്മേൽ രണ്ടുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പു നൽകി.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

38. പലിശ സഹിതം തുക ഒടുക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31-1-2014-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക നാളിതുവരെ ഒടുക്കിയിട്ടില്ല. കൺവീനർമാരിൽനിന്നും തുക ഈടാക്കാൻ നോട്ടീസ് നൽകിയിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**39. ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്ന് നഷ്ടത്തുക ഈടാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ നഷ്ടത്തുക നാളിതുവരെ ഈടാക്കിയിട്ടില്ലെന്നും ഇതുമായി ബന്ധപ്പെട്ട കൺവീനർക്ക് നോട്ടീസ് നൽകിയിട്ടില്ലെന്നും കാണുന്നു. പ്രവൃത്തി പരിശോധിച്ച് എ.ഇ. സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകൾ പരിശോധിക്കുന്ന ഉത്തരവാദിത്വം മാത്രമാണ് സെക്രട്ടറിക്കുള്ളതെന്നും സാങ്കേതികവശം നോക്കേണ്ട ആവശ്യമില്ലെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കൺവീനർക്ക് അധികം നല്കിയ തുക തിരിച്ച് പ്രസ്തുത വ്യക്തിയിൽ നിന്നോ അല്ലെങ്കിൽ ആയതിന്റെ യഥാർത്ഥ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിൽ വകുപ്പ് വീഴ്ച വരുത്തിയതായി കണക്കാക്കിക്കൊണ്ട് അടിയന്തരമായി നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് നല്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ചെറുകോൽ ഗ്രാമപഞ്ചായത്ത്

**ഡെപ്പോസിറ്റ് വർക്കുകൾ-പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രവൃത്തികൾക്കായി (വൈദ്യുതീകരണം, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലസേചന പദ്ധതികൾ, കുടിവെള്ളക്കിണർ തുടങ്ങിയവ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നീ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ വൻതുക നിക്ഷേപിച്ചുവരുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽനിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം പല സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അതുപോലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഭാഗമായി 23-2-2008-ലെ ജി.ഒ.(പി)95/2008/ഫിൻ. പ്രകാരം അഡ്വാൻസ് തുക പിൻവലിച്ച് അനർട്ടിൽ നിക്ഷേപിക്കാൻ അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പല പഞ്ചായത്തുകളും അനർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഈ പ്രോജക്ടുകൾ പലതും പൂർത്തീകരിച്ചിട്ടില്ല

തുക അടവാക്കുകയല്ലാതെ ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുകാണുന്നില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക സ്ഥാപനങ്ങളുടെ ഫണ്ടിൽ മൃതനിക്ഷേപമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | തദ്ദേശസ്വയം ഭരണ സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ | പ്രവൃത്തിയുടെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | തുക |
|---|---|---|---|---|---|
| 1 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | 2007-08/3-32 | പഞ്ചായത്ത് ഓഫീസിന്റെയും മറ്റു സ്ഥാപനങ്ങളുടെയും വൈദ്യുതീകരണം | പൊതുമരാമത്തു വകുപ്പ് | 1,40,000 |
| | | | | | 1,40,000 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക നമ്പർ 2.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

40. പഞ്ചായത്താഫീസിന്റെയും മറ്റും വൈദ്യുതീകരണത്തിന് നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**41. ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാമർശം സംബന്ധിച്ച് പഞ്ചായത്താഫീസിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും വൈദ്യുതീകരണത്തിന് നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചുവെന്ന മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. വിവിധ പ്രവൃത്തികൾക്കായി മുൻകൂറായി നൽകുന്ന തുകകളുടെ വിശദാംശങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്നതിനാൽ പല**

**സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കാതെ വരുന്നതായി സമിതി വിലയിരുത്തുന്നു.**

ഓഡിറ്റ് ഖണ്ഡിക

**6.65 ലക്ഷം ചെലവഴിച്ചിട്ടും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം അനിശ്ചിതാവസ്ഥയിൽ**

(2007-08 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-8)

2007-08-ലെ പ്രോജക്ട് നമ്പർ എസ്. 001/07-08 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി 6,65,944 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവഴിച്ച 6,65,944 രൂപയിൽ 6,00,000 രൂപ പ്ലാന്റ് നിർമ്മാണത്തിനും 65,944 രൂപ സ്ഥലം യോഗ്യമാക്കുന്നതിനുമായാണ് ഉപയോഗിച്ചത്. വയലത്തല ചാക്കപ്പാലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് 100 മീറ്റർ കിഴക്കുവശത്തായി പമ്പ ഇറിഗേഷൻ വക 2 ഏക്കറോളം സ്ഥലത്താണ് പ്ലാന്റ് നിർമ്മിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റിയുടെ 18-8-2007-ലെ 1(8)-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനും, പബ്ലിക് മാർക്കറ്റ്, സ്റ്റേഡിയം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുമായി പി.ഐ.പി. വക സ്ഥലം ഏറ്റെടുക്കുവാൻ തീരുമാനിച്ചു. ഇതിന് മുന്നോടിയായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി തിരുവനന്തപുരത്തുള്ള ബയോടെക് ഡയറക്ടറുമായി പഞ്ചായത്ത് സെക്രട്ടറി 28-1-2008-ൽ എഗ്രിമെന്റ് വച്ചു. 28-2-2008-ലെ ഡി. ഡി. നമ്പർ 411095 പ്രകാരം 6,00,000/- രൂപ ബയോടെക് ഡയറക്ടർക്ക് നൽകുകയും ചെയ്തു.

പമ്പ ഇറിഗേഷൻ വക സ്ഥലം പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുണ്ട്. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന മലിനീകരണ ബോർഡിൽ നിന്നും വാങ്ങാതെയാണ് പ്ലാന്റിന് വേണ്ടി തുക ചെലവഴിച്ചത്.

പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ വയലത്തല ഗ്രാമനിവാസികൾ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിൽ നിരവധി മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുമെന്നും പറഞ്ഞിരുന്നു. പബ്ലിക് മാർക്കറ്റ് ആരംഭിക്കാനാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്നും ബയോഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിനെക്കുറിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലായെന്നും പരാതിയിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയും ബയോടെക് ഡയറക്ടറുമായുള്ള എഗ്രിമെന്റിൽ 2008 മാർച്ച് 31-ന് മുൻപ് പ്ലാന്റിന്റെ പണി പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി തുക

നൽകിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്ലാന്റിനുവേണ്ടിയുള്ള പ്രവൃത്തി ആരംഭിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥലം ഇതിനായി പലതവണ വൃത്തിയാക്കുന്നതിന് മൊത്തം 65,944 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലതാമസം വരുന്നതുമൂലം ഇത്തരം ചെലവുകൾ ആവർത്തിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിൽ സംജാതമായിട്ടുണ്ട്. ആയതിനാൽ 65,944 രൂപയുടെ ചെലവ് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ദീർഘവീക്ഷണമില്ലാതെയും ആസൂത്രണമില്ലാതെയും പദ്ധതിപ്പണം ചെലവ് ചെയ്തത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് സർക്കാർ തലത്തിലുള്ള അന്വേഷണം ശിപാർശ ചെയ്യുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 5.2.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. ബയോടെക് എന്ന സ്ഥാപനത്തിന് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാനായി നൽകിയ തുക പദ്ധതി നടപ്പാക്കാത്തതിനാൽ തിരികെ ഈടാക്കാനോ പദ്ധതി നടപ്പാക്കാനോ സാധിക്കാത്തതു സംബന്ധിച്ച് സമിതി മറുപടി ആവശ്യപ്പെട്ടതിന് പ്രദേശ വാസികളുടെ എതിർപ്പ് കാരണം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നും നിർദ്ദിഷ്ടപദ്ധതി ശുചിത്വമിഷനുമായി ചേർന്ന് ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണ പ്രോജക്ടുമായി നടപ്പാക്കി നല്കണമെന്നാവശ്യപ്പെട്ടപ്പോൾ പദ്ധതിക്കായി ചെലവഴിച്ച 1,20,444/- രൂപ കിഴിച്ചുള്ള തുകയ്ക്ക് മാത്രമേ പുതിയ പദ്ധതിക്കായി നീക്കിവെയ്ക്കാൻ സാധിക്കുകയുള്ളുവെന്നുമാണ് പ്രസ്തുത സ്ഥാപനം അറിയിച്ചതെന്നും സെക്രട്ടറി മറുപടി നൽകി. വിജയ സാധ്യത പരിശോധിക്കാതെ മുൻകൂർ തുക നൽകിയതെന്തിനാണെന്നും ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ തുടർ ചോദ്യത്തിന് സാധ്യതാ പഠനം നടത്തുകയോ ഗ്രാമസഭയുടെ അംഗീകാരം ലഭിക്കുകയോ ചെയ്തിട്ടില്ലെന്നും ഭരണസമിതിയുടെ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും സെക്രട്ടറി അറിയിച്ചു. മുൻകൂർ നൽകിയ തുക ഈടാക്കാൻ സ്വീകരിച്ച നടപടിയെന്തെന്ന് സമിതി ആരാഞ്ഞതിന് പത്തനംതിട്ട ജില്ലാ കളക്ടറോട് കാര്യങ്ങൾ അറിയിച്ചിട്ടുണ്ടെന്നും ബയോടെക്കുമായി യോഗം വിളിച്ചിട്ടുണ്ടെന്നും ഇക്കാര്യങ്ങൾ വകുപ്പിനെ ബോധിപ്പിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. ഇക്കാര്യത്തിൽ വകുപ്പിന് വീഴ്ച സംഭവിച്ചതായും പഠനം നടത്താതെയും സാങ്കേതിക പരിജ്ഞാനമില്ലാതെയും ബയോഗ്യാസ് നിർമ്മാണ പദ്ധതി പല സ്ഥലങ്ങളിലും ചെയ്തതുമൂലം പരാജയപ്പെട്ടതായും സാങ്കേതിക ഉപദേശങ്ങൾ സ്വീകരിച്ച് പദ്ധതി ഫലപ്രദമാക്കണമെന്നും പദ്ധതിയ്ക്കായി സ്ഥാപനത്തിന് ചെലവായ തുകയുടെ ഉത്തരവാദിത്വം സ്ഥാപനത്തിന് മേൽ കെട്ടിവെയ്ക്കാൻ കഴിയില്ലെന്നും സമിതി

അഭിപ്രായപ്പെട്ടു. ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ബയോടെക്കിന് ചെലവായ തുക കിഴിച്ച് ബാക്കി തുക ബാങ്ക് പലിശ സഹിതം തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം ടി സ്ഥാപനം 7,45,000 രൂപ തിരികെ നൽകാൻ സമ്മതിച്ചതായി സെക്രട്ടറി അറിയിച്ചു. സ്ഥാപനം ചെലവാക്കിയതു കഴിച്ചുള്ള തുക അടിയന്തരമായി ഈടാക്കണമെന്നും ഈ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ടി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്തു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

43. ബയോടെക്കിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. 15 ദിവസത്തിനകം തുക അടയ്ക്കാമെന്ന് ബയോടെക്ക് ഡയറക്ടർ 20-2-2014-ൽ ഇ-മെയിൽ മുഖേന ബഹു. പത്തനംതിട്ട ജില്ലാ കളക്ടർക്ക് അണ്ടർടേക്കിംഗ് നൽകിയിരുന്നു. എന്നാൽ 12-3-2014-ൽ ജില്ലാ കളക്ടർ, എ.ഡി.എം., പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കക്ഷികളാക്കി ബഹു. ഹൈക്കോടതിയിൽ WP(C) No.7537/14 നമ്പരായി ബയോടെക്ക് ഡയറക്ടർ റിട്ട് ഫയൽ ചെയ്യുകയാണുണ്ടായത്.

### നിഗമനങ്ങൾ/ശിപാർശകൾ

**44. മാലിന്യ സംസ്കരണ പദ്ധതി പ്രാവർത്തികമാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രാദേശിക പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് സാധ്യതാപഠനം നടത്താതെയും സാങ്കേതിക പരിജ്ഞാനമില്ലാതെയും ഗ്രാമസഭയുടെ അംഗീകാരം ലഭിക്കാതെയും പദ്ധതിയ്ക്കായി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതും തുക കൈമാറിയതും ആസൂത്രണത്തിലെ ഗുരുതരമായ പിഴവായും സാമ്പത്തിക നിരുത്തരവാദമായും സമിതി കാണുന്നു. ബയോഗ്യാസ് നിർമ്മാണ പദ്ധതി സാങ്കേതികപ്പിഴവിന്റെ പേരിൽ പല സ്ഥലങ്ങളിലും പരാജയപ്പെട്ടതായതിനാൽ സാങ്കേതിക ഉപദേശങ്ങൾ സ്വീകരിച്ച് ഫലപ്രദമാക്കണമായിരുന്നുവെന്നും ബയോടെക്കിന് ഈ പദ്ധതിക്കായി ചെലവായ തുക കിഴിച്ച് ബാക്കി തുക പലിശ സഹിതം തിരികെ നല്കണമെന്നുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശം സ്ഥാപനം അംഗീകരിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽനിന്നും സമിതിക്ക് ബോധ്യമാകുന്നു. എന്നാൽ 15 ദിവസത്തിനകം തുക അടയ്ക്കാമെന്ന ടി സ്ഥാപന ഡയറക്ടറുടെ ഉറപ്പ് പാലിക്കാതെ സ്ഥാപനം ജില്ലാ കളക്ടർ, എ.ഡി.എം., പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കക്ഷികളാക്കി ബഹു. കോടതി റിട്ട് ഫയൽ ചെയ്തതിലെ സാംഗത്യം സമിതിക്ക വ്യക്തമാകുന്നില്ല. ഇത്തരത്തിൽ നിരുത്തരവാദപരമായ**

**സമീപനം, സ്വീകരിക്കുന്ന ഏജൻസികളെ ഭാവിയിൽ ഇത്തരം നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും വിലക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണെന്നഭിപ്രായപ്പെട്ട സമിതി ഈ വിഷയം സംബന്ധിച്ചും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.**

**സബ്സിഡിയായി വാങ്ങി സ്ഥിരനിക്ഷേപമാക്കി**

**(2006-07 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-13)**

**ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി പണമായി നൽകി**

**ഗുണഭോക്താവ് സബ്സിഡി സ്ഥിരനിക്ഷേപമാക്കി**

പദ്ധതി വിഹിതം 40,000 രൂപയും ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ 1,60,000 രൂപയുമുൾപ്പെടെ 2,00,000 രൂപ വകയിരുത്തി അംഗീകരിച്ച പദ്ധതിയാണിത്. (തൊഴിൽ സഹായം-ഓട്ടോറിക്ഷയ്ക്ക് വായ്പയും സബ്സിഡിയും) പ്രോജക്റ്റ് LVEO ആണ് നടപ്പാക്കിയത്. പട്ടികജാതിയിൽപെട്ട ഡ്രൈവിംഗ് ലൈസൻസുള്ള രണ്ട് യുവാക്കൾക്ക് തൊഴിൽ സഹായം എന്ന നിലയിൽ ഓട്ടോറിക്ഷ വാങ്ങുന്നതിന് വായ്പാധിഷ്ഠിത പദ്ധതിയായി ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വായ്പ അനുവദിക്കുമ്പോൾ സബ്സിഡിയായി ധനകാര്യ സ്ഥാപനത്തിന് 20,000 രൂപ പദ്ധതിവിഹിതത്തിൽ നിന്ന് നൽകുന്നു.

ഈ പദ്ധതിക്കായി എഗ്രിമെന്റ് വച്ചിട്ടുള്ള ശ്രീ. ഒ.വി.സുരേഷ്, ഒലിപ്പുറത്ത്, ചെറുകോൽ എന്നയാൾക്ക് കച്ചേരിപ്പടി ഐ.എൻ.ജി.-വൈശ്യാ ബാങ്കിൽനിന്നും ഒരു ലക്ഷം രൂപ ഓട്ടോറിക്ഷ വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ടെന്നും അതിൽ 80,000 രൂപ പലിശയടക്കം തിരിച്ചടയ്ക്കേണ്ടതും 20,000 രൂപ "Back End" സബ്സിഡിയായി നൽകേണ്ടതുമാണെന്ന് ബാങ്ക് മാനേജർ LVEO അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുകയായ 20,000 രൂപ (ബിൽ നമ്പർ 20/06-07/2437) ഗുണഭോക്താവിന്റെ പേരിൽ നൽകി. സബ്സിഡി തുക ബാങ്കിന്റെ പേരിൽ നൽകാതെ ഗുണഭോക്താവിന് നേരിട്ട് നല്കിയ നടപടി ക്രമവിരുദ്ധമാണ്. ലോൺതുകയുപയോഗിച്ച് ഓട്ടോറിക്ഷ വാങ്ങാതെ ടിയാൻ ഐ.എൻ.ജി. വൈശ്യാ ബാങ്കിൽ സബ്സിഡി തുക 4-5-2007-ൽ 5 വർഷത്തേക്ക് ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വായ്പാ സബ്സിഡി തുക സ്ഥിരനിക്ഷേപമാക്കിയ നടപടി കുറ്റകരവും സർക്കാരിനെ കബളിപ്പിക്കലുമാണ്. 20,000 രൂപ 12% പലിശ സഹിതം ഈടാക്കി വികസന ഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ

ശ്രീമതി സി. ബി. ഓമന, വി.ഇ.ഒ.

കൃഷ്ണഭവൻ, ഇടയാറൻമുള വെസ്റ്റ് പി.ഒ., ഇടയാറൻമുള.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11-ലെ സമാഹൃത റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 5.4.4.(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II-ആയി ചേർത്തിരിക്കുന്നു.

45. പ്രസ്തുത ഓഡിറ്റ് തടസ്സത്തിന്മേൽ സമിതി വിശദീകരണം തേടിയതിന് ഓട്ടോറിക്ഷ വാങ്ങുന്നതിനായി ഐ.എൻ.ജി. വൈശ്യ, ബാങ്ക് മുഖേന അനുവദിച്ച തുക 12% പലിശ സഹിതം തിരിച്ചടവാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചുവെങ്കിലും ക്രമക്കേട് യഥാസമയം കണ്ടെത്തുന്നതിൽ മോണിറ്ററിംഗ് സമിതി വീഴ്ച വരുത്തിയതിനും ഗുണഭോക്താവ് തിരിച്ചടവാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയതിന്റെ ചെല്ലാൻ ഓഡിറ്റിന് ഹാജരാക്കാത്തതിനുമുള്ള കാരണം ആരാഞ്ഞതിന് ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് മൂന്നോ നാലോ ദിവസത്തിനകം ഹാജരാക്കാമെന്ന് സെക്രട്ടറി സമിതിക്ക് ഉറപ്പ് നല്കി.

**നിഗമനങ്ങൾ/ശിപാർശകൾ**

**46. ഗുണഭോക്താവ് സബ്സിഡി തുക സ്ഥിര നിക്ഷേപമാക്കിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ വ്യക്തിയിൽനിന്നും തുക തിരിച്ചടവാക്കിയെന്നതിനെ മുൻനിർത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ പ്രസ്തുത ക്രമക്കേട് കണ്ടെത്തുന്നതിലും കാലതാമസം ഉണ്ടായത് വീഴ്ചയായി സമിതി കാണുന്നു. ഗുണഭോക്താവ് തിരിച്ചടവാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയതിന്റെ ചെല്ലാൻ ഓഡിറ്റിന് ഹാജരാക്കണമെന്നും ആയത് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം റിപ്പോർട്ട് ചെയ്യണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

## പൊതു അവലോകനം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച

1-4-2004 മുതൽ പ്രാബല്യത്തിൽ വന്ന 12-6-2003-ലെ ജി.ഒ.(പി)319/03/ധന. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം പല തദ്ദേശഭരണ സ്ഥാപനങ്ങളും ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചുവരുന്നില്ല. ക്യാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യാതെയും മാസാന്ത്യത്തിലും വർഷാന്ത്യത്തിലും ക്ലോസ് ചെയ്ത് റിക്കൺസിലിയേഷൻ നടത്താതെയുമാണ് സൂക്ഷിച്ചു വരുന്നത്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം നിയമപരമായി എഴുതേണ്ടതായ

രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന്റെ കൃത്യത അറിയാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടാതെ പല സ്ഥാപനങ്ങളും വരവ്-ചെലവ് രജിസ്റ്ററുകൾ, മുൻകൂർ രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ ക്രമപ്രകാരം എഴുതുന്നതായി കാണുന്നില്ല. ഓരോ വർഷത്തെയും ഫയലുകളും രജിസ്റ്ററുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുവാനുള്ള അടിസ്ഥാന സാഹചര്യങ്ങൾ ഇല്ല എന്നതാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ തയ്യാറാക്കി രജിസ്റ്ററുകളും രേഖകളും വർഷംതിരിച്ച് കൃത്യമായി സൂക്ഷിക്കുവാൻ നിർദ്ദേശം ഉണ്ടാകേണ്ടതാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്ത പഞ്ചായത്തുകൾക്ക് ഉദാഹരണം താഴെ കൊടുക്കുന്നു:

## പത്തനംതിട്ട ജില്ല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് വർഷം |
|---|---|---|
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2006-07 |
| 2 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2005-06 |
| 3 | റാന്നി ഗ്രാമപഞ്ചായത്ത് | 2003-04 |
| 4 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 2001-02 |
| 5 | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 2002-03 |
| 6 | ചിറ്റാർ ഗ്രാമപഞ്ചായത്ത് | 2002-03 |
| 7 | കുളനട ഗ്രാമപഞ്ചായത്ത് | 2003-04 |
| 8 | സീതത്തോട് ഗ്രാമപഞ്ചായത്ത് | 2004-05 |
| 9 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2004-05 |
| 10 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2005-06 |
| 11 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2007-08 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2009-10-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ സംഭവിച്ചിട്ടുള്ള വീഴ്ചകൾ പരിഹരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ടി ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

48. **ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററും സൂക്ഷിക്കുന്നതിൽ (കൃത്യത ഇല്ലാത്തതു സംബന്ധിച്ച ഓഡിറ്റ് തടസ്സം സംബന്ധിച്ച്) നിലവിൽ വീഴ്ചകൾ പരിഹരിച്ച് തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കിയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2017, ആഗസ്റ്റ് 23.

<u>അനുബന്ധം I</u>

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3 | പ്രമാടം ഗ്രാമപഞ്ചായത്ത് | തട്ടക്കുന്ന് പ്രദേശത്ത് ജലസേചനം ഏർപ്പെടുത്താൻ ആരംഭിച്ച പദ്ധതി, ഓഡിറ്റിന്റെ പരിശോധനാ കാലയളവിൽ പകുതി മുടങ്ങിയ നിലയിലായിരുന്നുവെന്നും ആ നിലയിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 12,91,756/- രൂപ ഗ്രാമപഞ്ചായത്തിന്റെ നഷ്ടമായി കണക്കാക്കിയെന്നും നിലവിൽ പദ്ധതി പ്രവർത്തനക്ഷമമാണെന്നും 150 കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ, പദ്ധതിയ്ക്കായി തുക ചെലവഴിച്ചതിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്ന നിഗമനത്തിൽ എത്തിച്ചേർന്നുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 6 | സീതത്തോട് ഗ്രാമപഞ്ചായത്ത് & പന്തളം ഗ്രാമപഞ്ചായത്ത് | ഓഡിറ്റിന്റെ പരിശോധനാവേളയിൽ വൗച്ചറുകളും ക്യാഷ്ബുക്കും എഴുതി സൂക്ഷിക്കാറില്ലായിരുന്നുവെന്നും നിലവിൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് കൃത്യതയോടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും തെളിവെടുപ്പു വേളയിൽ പ്രസ്തുത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ്‌വകുപ്പ് സ്ഥലപരിശോധന നടത്തി ഈ വിഷയത്തിൽ റിപ്പോർട്ട് നല്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് വകുപ്പ് സ്ഥലപരിശോധന നടത്തിയതായുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കൂടാതെ വൗച്ചറുകളും അനുബന്ധരേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലെന്ന വിവരമടങ്ങുന്ന |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടാണ് സീതത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കുന്ന മറുപടിയാണ് ഓഡിറ്റ് വകുപ്പ് സമിതി മുമ്പാകെ നല്കിയിട്ടുള്ളത്. പന്തളം ഗ്രാമപഞ്ചായത്തിന്റേതായ പരാമർശവും ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വീഴ്ചവരുത്തിയ നടപടി ഉചിതമായി സമിതി കാണുന്നില്ല. ആയതിനാൽ പരാമർശിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ സ്ഥലപരിശോധന നടത്തിയുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 9 | റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്തിൽ ജനലുകൾ മാറ്റിസ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് സമിതി പരിശോധിച്ചതിൽ 5 ജനലുകൾ മാറ്റാനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നതിൽ 4 വെർട്ടിക്കൽ ഫ്രെയിമും രണ്ട് ഹൊറിസോണ്ടൽ ഫ്രെയിമും മാത്രമേ മാറ്റിവയ്ച്ചിട്ടുള്ളുവെന്ന് തെളിവെടുപ്പ് വേളയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയിൽനിന്നും സമിതി മനസ്സിലാക്കുന്നു. |
| | 10 | ,, | ടി വിഷയത്തിൽ നിജസ്ഥിതി ആരായുന്നതിന് സർക്കാർ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടി കണക്കിലെടുത്ത് ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ ജനലുകൾ ഒന്നുംതന്നെ മാറ്റി സ്ഥാപിച്ചിട്ടില്ല എന്ന് കാണുന്നു. രണ്ട് വകുപ്പുകളും ലഭ്യമാക്കിയ മറുപടിയിലെ വൈരുദ്ധ്യം സമിതി ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം ഓഡിറ്റ് പരിശോധനാവേളയിൽ ക്രമക്കേടായി കണ്ടെത്തിയ 19421 രൂപയ്ക്കുപകരം ഗ്രാമപഞ്ചായത്തിന്റെ അറ്റകുറ്റപ്പണിക്കായി |

| | | | |
|---|---|---|---|
| | | | ചെലവഴിച്ച 226064 രൂപയും തടസ്സമുന്നയിച്ചത് ഓഡിറ്റിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി സമിതി കണക്കാക്കുന്നു. ആയതിന്മേലുള്ള വിശദീകരണം ഓഡിറ്റ് വകുപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | 13 | റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗം സംബന്ധിച്ച് 4 തടസ്സങ്ങൾ ഉൾപ്പെട്ടിരുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്രയധികം ക്രമക്കേടുകൾ ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടാത്തതും അത് പരിശോധിയ്ക്കാത്തതും വകുപ്പിന്റെ ഗുരുതരമായ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ആയതിൽ മസ്റ്റർറോൾ ഉപയോഗിച്ചുള്ള പെറ്റി വർക്കുകളും നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള റോഡ് മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ; സാങ്കേതികാനുമതി നേടുകയോ കൃത്യമായ അളവു പുസ്തക രേഖപ്പെടുത്തലുകളും നടത്തുകയോ ചെയ്യാതെ തുകകൾ പിൻവലിച്ച് റോഡ് മെയിന്റനൻസ് നടത്തിയതായി കാണിച്ചിരിക്കുന്നു. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള തുകയുടെ വൗച്ചറുകൾ കാണിക്കാതെ നിയമപരമല്ലാത്ത, കമ്മിറ്റിയിൽ ചർച്ച ചെയ്യാത്ത വൗച്ചറുകളിൽ ഒപ്പിട്ടിട്ടില്ലെന്ന പ്രസിഡന്റിന്റെ വാദം ന്യായീകരിക്കത്തക്കതല്ല. വാഹന ദുരുപയോഗം സംബന്ധിച്ച് ഉത്തരവുകളുണ്ടെന്നും പെർഫോമൻസ് ഓഡിറ്റ് തലത്തിലാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നുമുള്ള വസ്തുത സമിതി മനസിലാക്കുന്നു. മേൽപ്രവൃത്തികൾക്ക് പിൻവലിച്ച തുക ഉത്തരവാദികളായ വ്യക്തികളിൽനിന്നും അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 14 | റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത് | ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്ക് യാത്ര ചെയ്യുന്നതിലേക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിന് 50000 രൂപ വരെ ചെലവ് ചെയ്യാമെന്ന ഉത്തരവിന്റെ പിൻബലത്തിൽ വ്യക്തമായ ആവശ്യങ്ങൾ രേഖപ്പെടുത്താതെയും പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്താതെയും യാത്രകൾ നടത്തിയത് സംബന്ധിച്ച് ക്രമക്കേട് നടന്നതായി വ്യക്തമാകുന്ന സാഹചര്യത്തിൽ നഷ്ടത്തുക ഉത്തരവാദികളായവരിൽനിന്നും തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | 15 | ,, | ക്വട്ടേഷൻ ക്ഷണിക്കാതെ ശുചീകരണ സാമഗ്രികൾ വാങ്ങിയവകയിൽ നടന്ന ക്രമക്കേടുകൾ ഭരണസമിതിയുടെ കെടുകാര്യസ്ഥത വെളിപ്പെടുത്തുന്നു. രേഖകൾ യഥാസമയം പരിശോധിച്ചിരുന്നുവെങ്കിൽ ഇത്രയും നഷ്ടം സംഭവിക്കില്ലായിരുന്നു വെന്നും ഇപ്രകാരം സംഭവിച്ചത് വകുപ്പിന്റെ ഉന്നതതലത്തിൽ സംഭവിച്ച അനാസ്ഥയും വീഴ്ചയുമാണെന്നും സമിതി കണക്കാക്കുന്നു. ക്രമക്കേടുകൾക്ക് ഉത്തരവാദികളിൽനിന്നും നഷ്ടത്തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | 16 | ,, | ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തി നടപടി സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടു ത്തിയിരുന്നു. എന്നാൽ അവ്യക്തമായ ഒരു മറുപടിയാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് നല്കിയിട്ടുള്ളത്. ഇത് സമിതി നിർദ്ദേശത്തിനോടുള്ള അനാസ്ഥ യായി സമിതി വീക്ഷിക്കുന്നു. |
| | 17 | ,, | കമ്മിറ്റിയുടെ ലഘുഭക്ഷണ ചെലവിലേക്ക് മാസം തോറും വൻതുകകൾ ചെലവഴിച്ചതും ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ന്യായമായതിൽ കൂടുതൽ തുകയിൽ എടുത്തതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ടും ഓഫീസിലേക്ക് സ്റ്റേഷനറി സാധനങ്ങൾ അനധികൃതമായി വാങ്ങിയതു സംബന്ധിച്ചും ധാരാളം ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള ദുർവ്യയങ്ങളും പരിധി ലംഘിച്ചുള്ള ചെലവുകളും ക്രമക്കേടുകളും ഓഡിറ്റ് തടസ്സത്തിലൂടെ മാത്രം ശ്രദ്ധയിൽപ്പെടുന്നത് ഉന്നതഉദ്യോഗസ്ഥ തലത്തിലുള്ള പരാജയവും അനാസ്ഥയുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം ദുർവ്യയങ്ങൾക്ക് ഇടനൽകാത്തവിധം ഉന്നത തലത്തിലുള്ളവർ ജാഗ്രതയും പരിശോധനയും നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | 19 | റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത് | പദ്ധതി നടത്തിപ്പിൽ നേരിട്ട കാലതാമസം മൂലം അധിക ചെലവ് വന്നിട്ടുണ്ടെന്ന ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയാണെന്ന് സമിതി അംഗീകരിക്കുന്നു. എന്നാൽ പദ്ധതിക്കായി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന പദ്ധതി തുകയുടെ പലിശ തനതുഫണ്ടിൽ വകയിരുത്തിയത് എപ്രകാരമാണെന്ന് വ്യക്തമാക്കണമെന്ന സമിതിയുടെ നിർദ്ദേശവും അപ്രകാരം തനതുഫണ്ടിൽ തുക വകയിരുത്താൻ സാധിക്കില്ലെന്ന ഫിനാൻസ് സ്പെഷ്യൽ സെക്രട്ടറിയുടെ അഭിപ്രായവും മുൻനിർത്തി പദ്ധതി സംബന്ധിച്ചും പലിശത്തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും നല്കണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. അധിക ചെലവ് ഗുണഭോക്താക്കൾ നേരിട്ട് വഹിച്ചുവെന്ന മറുപടിയിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും കൃത്യതയില്ല. ആയതിനാൽ പദ്ധതി നടപ്പിലാക്കിയതിന്റെയും പലിശത്തുക വിനിയോഗിച്ചതിന്റെയും കൃത്യമായ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് അവ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| 4 | 22 | പന്തളം ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും രേഖകൾ നഷ്ടപ്പെട്ടതെങ്ങനെയെന്നും കണ്ടെത്തി മറുപടി നൽകണമെന്ന് സർക്കാരിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കൊച്ചിൻ റിഫൈനറിക്ക് തുക നൽകിയതിന്റെ കൈപ്പറ്റ് രസീത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഒരു മാസത്തിനകം നൽകാമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കപ്പെടാത്തത് സമിതി ഗൗരവമായി കാണുന്നു. കൊച്ചിൻ റിഫൈനറിയിൽനിന്നും പ്രസ്തുത കാലയളവിൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 180 ബാരൽ ടാർ യഥാർത്ഥത്തിൽ വാങ്ങിയിട്ടുണ്ടോയെന്നതു സംബന്ധിച്ച് വ്യക്തമായ മറുപടി ടി സ്ഥാപനത്തിനോട് ആവശ്യപ്പെടാവുന്നതാണെന്നിരിക്കെ ഇക്കാര്യത്തിൽ ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തതും സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ ഈ വിഷയത്തിൽ സമിതി നിർദ്ദേശ പ്രകാരമുള്ള നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകണമെന്ന് സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| | 27 | ” | ആധുനിക രീതിയിലുള്ള അറവുശാലയുടെ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ അനുമതി ലഭിച്ച പദ്ധതി 13 വർഷമായിട്ടും നടപ്പാക്കാതെ പോയതിന്റെ യഥാർത്ഥ ഉത്തരവാദികൾ അന്നത്തെ ഭരണ സമിതിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമാണെന്ന് ഓഡിറ്റ് നൽകിയ മറുപടിയിൽനിന്നും സമിതി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ ബന്ധപ്പെട്ട വകുപ്പിന്റെയോ അനുവാദം വാങ്ങുകയോ |

| | | | |
|---|---|---|---|
| | | | പൊതുജനാഭിപ്രായം തേടുകയോ ചെയ്യാതെ പദ്ധതിയുടെ 30% തുക ഏജൻസിയ്ക്ക് നൽകിയ നടപടിയിലൂടെ പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഗുരുതരമായ വീഴ്ചയായി സമിതി കാണുന്നു. പദ്ധതി നടത്തിപ്പിന് നിക്ഷേപിച്ച തുക തിരികെ നല്കാൻ സാധിക്കില്ലെന്ന SILK നിലപാട് ന്യായീകരിക്കത്തക്കതല്ല. ചെയ്യാത്ത ജോലിക്ക് കൈപ്പറ്റിയ തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തിരികെ നൽകാൻ SILK-ന് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പുനരാരംഭിക്കാൻ സാധിക്കാത്ത പദ്ധതിക്ക് തുക നല്കിയവരിൽ നിന്നും പണം തിരികെ ഈടാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ച് റിപ്പോർട്ട് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 30 | വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് | 2003-04 സാമ്പത്തിക വർഷത്തിൽ നടന്ന സാമ്പത്തിക ക്രമക്കേടിന് ഉത്തരവാദിയായ വി.ഇ.ഒ.-യുടെ പേരിൽ വിജിലൻസ് കേസന്വേഷണം നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. പെർഫോമൻസ് ഓഡിറ്റ് വിഭാഗം ടിയാൻ 6,69,445 രൂപയുടെ തിരിമറി നടത്തിയിട്ടുള്ളതായി കണ്ടെത്തിയതിന്റെ പേരിൽ അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും തുകയുടെ 12% പലിശ അടയ്ക്കുവാനും ഉത്തരവായതിനെതിരെ ടിയാൻ ഹൈക്കോടതിയിൽനിന്നും താല്ക്കാലിക സ്റ്റേ വാങ്ങിയതായി തെളിവെടുപ്പ് വേളയിൽ ഗ്രാമവികസന അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാലാണ് സ്റ്റേ പിൻവലിക്കാൻ സാധിക്കാത്തതെന്ന് സമിതി അനുമാനിക്കുന്നു. ക്രമക്കേടിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും തുക പലിശസഹിതം ഈടാക്കി കേസിലെ നടപടികൾ ത്വരിതപ്പെടുത്തി സ്റ്റേ നീക്കിയിട്ടുണ്ടോയെന്നും ഈ വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | ഗ്രാമവികസന കമ്മീഷണർ അനുകൂലമായി നിൽക്കുന്നുണ്ടോയെന്നും റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വിജിലൻസ് കേസ് നടന്നു വരുന്നുവെന്നും ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും നഷ്ടത്തുക ഈടാക്കിയിട്ടില്ലെന്നും കാണുന്നു. ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തി 13 വർഷങ്ങൾ കഴിഞ്ഞിട്ടും ആയതിന് കാരണക്കാരായവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് കുറ്റകരമായ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. സ്റ്റേ വെക്കേറ്റ് ചെയ്യാതിരിക്കുന്നത് കുറ്റക്കാർക്ക് സഹായകരമാകുമെന്നും ആയതിനാൽ സ്റ്റേ നീക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ നടപടി സ്വീകരിക്കുകയും, വിജിലൻസ് കേസ് ത്വരിതപ്പെടുത്തുകയും ചെയ്ത് ബഹു. കോടതി വിധിക്കനുസൃതമായി നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 32 | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട കൺവീനർ മൊബിലൈസേഷൻ അഡ്വാൻസായി കൈപ്പറ്റിയ 25,000 രൂപ പഞ്ചായത്തിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ ധനാപഹരണവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ സമിതി പരിഗണിക്കുമ്പോൾ മാത്രമാണ് ഉത്തരവാദിയായ വ്യക്തി തുക തിരിച്ചടവാക്കിയിട്ടുണ്ടെന്ന മറുപടി സർക്കാർ സമർപ്പിക്കുന്നത്. ഇത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി സമിതി കാണുന്നു. ടി വിഷയങ്ങളിന്മേൽ യഥാവിധി തുടർ നടപടി സ്വീകരിക്കാതെ തെളിവെടുപ്പ് വേളയിൽ തടസ്സം ഒഴിവാക്കി നൽകണമെന്ന് മറുപടി നൽകുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി താക്കീത് ചെയ്യുന്നതോടൊപ്പം |

| | | | |
|---|---|---|---|
| | | | പരാമർശ വിഷയങ്ങളിന്മേൽ പരിഹാരം കണ്ടെത്തുന്നതിന് കുറ്റമറ്റ സംവിധാനം വേണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 7 | 35 | പെരിങ്ങര, കുറ്റൂർ, വള്ളിക്കോട് ചെറുകോൽ, ചിറ്റാർ, ഏനാദിമംഗലം, കടമ്പനാട്, സീതത്തോട് ഗ്രാമ പഞ്ചായത്തുകൾ | നിക്ഷേപവേലകൾ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് 8 ഗ്രാമപഞ്ചായത്തുകളാണ് ഓഡിറ്റ് തടസ്സത്തിൽ ഉൾപ്പെട്ടിരുന്നത്. ആയതിൽ ഏനാദിമംഗലം ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾ പണി പൂർത്തിയാക്കി വിനിയോഗ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്നും ഏനാദിമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട രണ്ട് ഓഡിറ്റ് തടസ്സങ്ങളിൽ ഒന്നിന് വിനിയോഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും രണ്ടാമത്തെ പ്രവൃത്തി മുൻപ് നടന്നതിനാൽ കെ.എസ്.ഇ.ബി.-ൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ലായിരുന്നുവെന്നും സ്ഥലപരിശോധന നടത്തി സാക്ഷ്യപത്രം നല്കാമെന്നും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | 36 | " | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി പോലുള്ള ഏജൻസികളെ ഏല്പിക്കുന്ന പ്രവൃത്തികളിൽ പൂർത്തീകരിക്കുന്നതിനും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിലും അസാധാരണമായ കാലതാമസമുണ്ടാകുന്നുവെന്നും പ്രസ്തുത വിഷയങ്ങൾ സമിതിയുടെ പരിഗണനയ്ക്കെത്തുമ്പോൾ മാത്രമാണ് ആയതിന്മേൽ നടപടി സ്വീകരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഏജൻസികൾ യഥാസമയം പണി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഇത്തരം പിഴവുകൾ ആവർത്തിക്കാതെ കൃത്യതയുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നും, പെർഫോമൻസ് ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 8 | 39 | കടമ്പനാട് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്ന് നഷ്ടത്തുക ഈടാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ നഷ്ടത്തുക നാളിതുവരെ ഈടാക്കിയിട്ടില്ലെന്നും ഇതുമായി ബന്ധപ്പെട്ട കൺവീനർക്ക് നോട്ടീസ് നൽകിയിട്ടില്ലെന്നും കാണുന്നു. പ്രവൃത്തി പരിശോധിച്ച് എ.ഇ. സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകൾ പരിശോധിക്കുന്ന ഉത്തരവാദിത്വം മാത്രമാണ് സെക്രട്ടറിക്കുള്ളതെന്നും സാങ്കേതികവശം നോക്കേണ്ട ആവശ്യമില്ലെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ കൺവീനർക്ക് അധികം നല്കിയ തുക തിരിച്ച് പ്രസ്തുത വ്യക്തിയിൽനിന്നോ അല്ലെങ്കിൽ ആയതിന്റെ യഥാർത്ഥ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിൽ വകുപ്പ് വീഴ്ച വരുത്തിയതായി കണക്കാക്കിക്കൊണ്ട് അടിയന്തരമായി നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് നല്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9. | 41 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാമർശം സംബന്ധിച്ച് പഞ്ചായത്ത് ആഫീസിന്റെയും മറ്റ് സ്ഥാപനങ്ങളുടേയും വൈദ്യുതീകരണത്തിന് നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചുവെന്ന മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. വിവിധ പ്രവൃത്തികൾക്കായി മുൻകൂറായി നൽകുന്ന തുകകളുടെ വിശദാംശങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നതിനാൽ പല സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കാതെ വരുന്നതായി സമിതി വിലയിരുത്തുന്നു. |

| | | | |
|---|---|---|---|
| | 44 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | മാലിന്യ സംസ്കരണ പദ്ധതി പ്രാവർത്തികമാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രാദേശിക പ്രശ്നങ്ങൾ മുൻകൂട്ടിക്കണ്ട് സാധ്യതാപഠനം നടത്താതെയും സാങ്കേതിക പരിജ്ഞാനമില്ലാതെയും ഗ്രാമസഭയുടെ അംഗീകാരം ലഭിക്കാതെയും പദ്ധതിയ്ക്കായി സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതും തുക കൈമാറിയതും ആസൂത്രണത്തിലെ ഗുരുതരമായ പിഴവായും സാമ്പത്തിക നിരുത്തരവാദമായും സമിതി കാണുന്നു. ബയോഗ്യാസ് നിർമ്മാണ പദ്ധതി സാങ്കേതികപ്പിഴവിന്റെ പേരിൽ പല സ്ഥലങ്ങളിലും പരാജയപ്പെട്ടതായതിനാൽ സാങ്കേതിക ഉപദേശങ്ങൾ സ്വീകരിച്ച് ഫലപ്രദമാക്കണമായിരുന്നുവെന്നും ബയോടെക്കിന് ഈ പദ്ധതിക്കായി ചെലവായ തുക കിഴിച്ച് ബാക്കി തുക പലിശ സഹിതം തിരികെ നല്കണമെന്നുമുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശം സ്ഥാപനം അംഗീകരിച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽനിന്നും സമിതിക്ക് ബോധ്യമാകുന്നു. എന്നാൽ 15 ദിവസത്തിനകം തുക അടയ്ക്കാമെന്ന ടി സ്ഥാപന ഡയറക്ടറുടെ ഉറപ്പ് പാലിക്കാതെ സ്ഥാപനം ജില്ലാ കളക്ടർ, എ.ഡി.എം., പഞ്ചായത്ത് സെക്രട്ടറി എന്നിവരെ കക്ഷികളാക്കി ബഹു. കോടതി റിട്ട് ഫയൽ ചെയ്തതിലെ സാംഗത്യം സമിതിക്ക് വ്യക്തമാകുന്നില്ല. ഇത്തരത്തിൽ നിരുത്തരവാദപരമായ സമീപനം, സ്വീകരിക്കുന്ന ഏജൻസികളെ ഭാവിയിൽ ഇത്തരം നടപടികൾ സ്വീകരിക്കുന്നതിൽനിന്നും വിലക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണെന്നഭിപ്രായപ്പെട്ട സമിതി ഈ വിഷയം സംബന്ധിച്ചും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകണമെന്ന് ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| | 46 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | ഗുണഭോക്താവ് സബ്സിഡി തുക സ്ഥിര നിക്ഷേപമാക്കിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ വ്യക്തിയിൽനിന്നും തുക തിരിച്ചടവാക്കി യെന്നതിനെ മുൻനിർത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. എന്നാൽ പ്രസ്തുത ക്രമക്കേട് കണ്ടെത്തുന്നതിലും കാലതാമസം ഉണ്ടായത് വീഴ്ചയായി സമിതി കാണുന്നു. ഗുണഭോക്താവ് തിരിച്ചടവാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയതിന്റെ ചെല്ലാൻ ഓഡിറ്റിന് ഹാജരാക്കണമെന്നും ആയത് ലഭ്യമായി ട്ടുണ്ടെങ്കിൽ ടി വിവരം റിപ്പോർട്ട് ചെയ്യണമെന്നും ഓഡിറ്റ് വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 48 | പെരിങ്ങര, റാന്നി, ഓമല്ലൂർ, ചിറ്റാർ, കുളനട, സീതത്തോട്, കടമ്പനാട് ഗ്രാമ പഞ്ചായത്തുകൾ | ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററും സൂക്ഷിക്കുന്നതിൽ (കൃത്യത ഇല്ലാത്തതു സംബന്ധിച്ച ഓഡിറ്റ് തടസ്സം സംബന്ധിച്ച്) നിലവിൽ വീഴ്ചകൾ പരിഹരിച്ചതായി തെളിവെടുപ്പ് വേളയിൽ വ്യക്തമാക്കി യതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II
# സർക്കാരിൽ നിന്നും ലഭിച്ച മറുപടി

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ പ്രമാടം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3-1 | <u>ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാത്ത ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെ സംബന്ധിച്ച പൊതു നിരീക്ഷണം</u><br>1998-99 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെക്കൊടുക്കുന്നു | 1998-99 മുതൽ ഓരോ വാർഷിക പദ്ധതിയിലും കുറെശ്ശെ തുക വകയിരുത്തി ഘട്ടം ഘട്ടമായി പണി പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണ്. |

| ക്രമ നമ്പർ | ഓ. റി. വർഷം | ഖണ്ഡം | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 4 | 2002-03 | 2-8 | പ്രമാടം ഗ്രാ. പ. | 1291756 | തട്ടക്കുന്ന് പ്രദേശത്ത് ജലസേചനം ഏർപ്പെടുത്താൻ ലക്ഷ്യമിട്ട് 1998-99ൽ പദ്ധതി ആരംഭിച്ചു. 2001-02 വരെ തുടർച്ചയായി പീസ്മീൽ രീതിയിൽ പണി നിർവ്വഹിച്ചു. 700 മീറ്റർ പൈപ്പ്ലൈനും ജലവിതരണ പൈപ്പും പമ്പ്സെറ്റും സ്ഥാപിക്കുവാൻ ശേഷിക്കുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ പത്തനംതിട്ട ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ

സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശവിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2007-08 | 3-13 | **പത്തനംതിട്ട ജില്ല - പൊതു പരാമർശങ്ങൾ**<br>നാടിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനുള്ള മാർഗ്ഗരേഖ പ്രാദേശിക തലത്തിൽ രൂപ കൽപന ചെയ്ത് നടപ്പാക്കുന്നതിനുവേണ്ടി പദ്ധതി വിഹിതം അനുവദിച്ചുവരുന്നത് നിർവ്വഹണത്തിലെ കെടുകാര്യസ്ഥതയും ഫലപ്രദമായ മോണിട്ടറിംഗിന്റെ അഭാവവും പദ്ധതി സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാത്തതുമൂലം പൂർണ്ണമായ ഫലപ്രാപ്തിയിൽ എത്തിയില്ല. പദ്ധതി രൂപീകരണത്തിന്റെ പ്രാദേശിക ഘടകങ്ങളായ ഗ്രാമസഭകൾ ചട്ടപ്രകാരം വിളിച്ചു കൂട്ടുന്നില്ലെന്നതും ജനകീയ പങ്കാളിത്തം നാമമാത്രമാകുന്നതും ശ്രദ്ധയിൽപ്പെട്ട വസ്തുതകളാണ്. വികസന പദ്ധതികൾ റോഡുകളുടെ റിപ്പയറിംഗ് കോൺക്രീറ്റ് എന്നിവ മാത്രമായി മാറിയിട്ടുണ്ട്. കാർഷിക പ്രാധാന്യമുള്ള ഈ മലയോര ജില്ലയിൽ നാടിന്റെ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അതീവ പ്രാധാന്യമർഹിക്കുന്ന നെൽകൃഷി, തെങ്ങുകൃഷി എന്നിവ അവഗണനയുടെ വക്കിലാണ്. പകരം വൻ തുകകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാഴകൃഷിക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഫലപ്രാപ്തി കൈവരിച്ചിട്ടില്ല.<br>കൃത്യമായ ഉപഭോഗം കണക്കാക്കാതെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നൽകുന്നത് ആവർത്തന സ്വഭാവമുള്ള ചെലവിനങ്ങളിൽ പെടുന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വൻ സാമ്പത്തിക നഷ്ടമുണ്ടാകുന്നു. വൈദ്യുതലൈൻ നീട്ടുന്നതിന് വൈദ്യുതി ബോർഡ് തയ്യാറാക്കിക്കൊടുക്കുന്ന പ്രോജക്ടുകളിൽ മുൻകൂർ തുകയടച്ച് വർഷങ്ങൾക്കുശേഷവും വൈദ്യുതലൈൻ നീട്ടാത്തതിനാൽ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭിച്ച കോടിക്കണക്കിന് രൂപ പ്രയോജന രഹിതമായിട്ടുണ്ട്. ഇതൊഴിവാക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കിനായി ബന്ധപ്പെടുന്ന സ്ഥാപനങ്ങളുമായി കരാർ വയ്ക്കേണ്ടതും സമയബന്ധിതമായി പണി പൂർത്തിയാക്കാൻവേണ്ട നടപടി സ്വീകരിക്കേണ്ടതും അവ കരാർ പ്രകാരം തന്നെ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. | നിലവിൽ ജില്ലയിലെ എല്ലാ പഞ്ചായത്തും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്.<br>സീതത്തോട്-കെ.എസ്.ഇ.ബി ലൈൻ എക്സ്റ്റൻഷൻ പൂർത്തിയാക്കിയതിന്റെ സാക്ഷ്യപത്രം തക്കാട് ഇലക്ട്രിക്കൽ സെക്ഷൻഅസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നുംലഭിച്ചിട്ടുണ്ട് ആയത് ഓഡിറ്റ് നിരാകരണം ഒഴിവാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകളായ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ തനതുവരുമാനത്തിൽ വൻ നഷ്ടം ഉണ്ടാകുന്നതോടൊപ്പം വസ്തുക നടപ്പുപരിധി കഴിഞ്ഞ് കാലഹരണപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. നികുതികൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുന്നില്ല.

രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടിൻമേൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

3.13.1 <u>വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച</u>

ഓഡിറ്റ് വേളയിൽ വൗച്ചറും അനുബന്ധരേഖകളും ഹാജരാക്കാത്ത ഗ്രാമ പഞ്ചായത്തുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| നം | സ്ഥാപനത്തിന്റെ പേര് | ഓ റി വർഷം | ഖ നം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | സീതത്തോട് ഗ്രാമ പഞ്ചായത്ത് | 2002-03 | 2-7 | 1,29,748 |
| 2 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2002-03 (ചെലവ്) | 2-14 | 3,39,978 |
| 3 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2002-03 | 2-13 | 91,741 |
| 4 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2003-04 (ചെലവ്) | 2-26 | 1,73,981 |
| 5 | കോന്നി ബ്ലോക്ക് പഞ്ചായത്ത് | 2002-03 (ചെലവ്) | 2-2 | 15,45,807 |
| 6 | പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 2005-06 | 3-4 | 11,94,688 |
| 7 | പന്തളം ഗ്രാമ പഞ്ചായത്ത് (ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തത്) | 2002-03 | 2-44 | 2,20,000 |

പന്തളം- നിലവിൽ ജില്ലയിലെ എല്ലാ പഞ്ചായത്തും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കുന്നുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ റാന്നി-അങ്ങാടി ഗ്രാമ പഞ്ചായത്ത്

സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3.14.1 | **പഞ്ചായത്തിന്റെ അറ്റകുറ്റപ്പണി - കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06; ഖണ്ഡിക നമ്പർ: 2-17)<br><br>ഗ്രാമ പഞ്ചായത്താഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി 2,52,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2,27,585 രൂപ കരാറുകാരന് നൽകുകയുണ്ടായി. എസ്റ്റിമേറ്റ് പ്രകാരം 5 ജനലുകൾ ഇളക്കിമാറ്റി പകരം ആഞ്ഞിലിത്തടിയിൽ ഫ്രെയിമും, തേക്ക് പലകയിലുള്ള ജനൽപാളിയും പണിയാൻ 18,421 രൂപ കരാറുകാരന് നൽകി. എന്നാൽ ഭൗതിക പരിശോധനയിൽ, പഞ്ചായത്താഫീസിലെ ഒരൊറ്റ ജനൽപാളി പോലും മാറ്റി സ്ഥാപിച്ചിട്ടില്ല. എല്ലാ ജനലുകളും പഴയതുതന്നെയാണ് ഉപയോഗത്തിലുള്ളതെന്ന് ബോധ്യപ്പെട്ടു. പഴയ ഉരുപ്പടികൾ സ്റ്റോക്കിലെടുത്ത്, ലേലം ചെയ്തതായി കാണുന്നില്ല. ഒറ്റനോട്ടത്തിൽതന്നെ ഇത്തരം അപാകത വ്യക്തമാകുന്ന സാഹചര്യത്തിൽ, പ്രവൃത്തിയുടെ നടത്തിപ്പിൽ മറ്റ് അപാകതകളും ഉണ്ടായിട്ടുണ്ടോ എന്ന് നിർണ്ണയിക്കുവാൻ ഉന്നതതല സാങ്കേതിക അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള ഉരുപ്പടി നൽകാതെയുള്ള 18,421 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നികുതി ഉൾപ്പെടെ ചെലവ് ചെയ്ത 2,45,485 രൂപയിൽ 2,26,064 രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു. | ടി പ്രവൃത്തിയുടെ അളവെടുപ്പും രേഖപ്പെടുത്തി ബിൽ തയ്യാർ ചെയ്ത അസി: എഞ്ചിനീയർ ശ്രീ. എം.എം. വർക്കി തുക നൽകിയ സെക്രട്ടറി ശ്രീ. എ. എഡിസൺ എന്നിവരോട് വിശദീകരണം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് 14.02.2012-ൽ നോട്ടീസ് നൽകി. അസി. എഞ്ചിനീയറുടെ വിശദീകരണം ലഭിച്ചതിൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാർ ചെയ്തതിൽ വന്ന ന്യൂനതയാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായിട്ടുള്ളതെന്ന വിവരം ബോധിപ്പിച്ചിരിക്കുന്നു. ടി മറുപടിയിൽ ഓഡിറ്റ് പരാമർശ പ്രകാരമുള്ള നഷ്ടങ്ങൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ലെന്നുള്ള വിവരവും അറിയിച്ചിരിക്കുന്നു. ടി മറുപടി പ്രകാരം ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് പഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അപേക്ഷ സമർപ്പിച്ചു. 12/07/2012 ൽ എൽ എഫ് ഓഡിറ്റ് ഓഫീസർ ഗ്രാമപഞ്ചായത്താഫീസിൽ വെച്ച് നിർവ്വഹണ ഉദ്യോഗസ്ഥനെ നേരിൽ കേൾക്കുകയും മറുപടി രേഖകളുമായി ഒത്തു നോക്കി സ്ഥലപരിശോധന നടത്തുകയും ചെയ്തു. പുനർറിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറോട് സർക്കാരിന്റെ 30.06.2012, 4.1.13, 11.12.2013 തീയതികളിലെ 9765/എഞ്ചി1/12/തസ്വഭവ നമ്പർ കത്തുകൾ പ്രകാരം നിർദ്ദേശിച്ചിരുന്നു. അന്വേഷണറിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്രസ്തുത അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ</u>**

**<u>ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക</u>**

| ക്രമനമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 4 | 2010–11 | 5.5.3(1) | **ക്രമരഹിതവും അനധികൃതവുമായ ചെലവ് – പഞ്ചായത്ത് ഫണ്ടിന്റെ ദുർവ്യയം**<br><u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007–08, ഖണ്ഡിക നമ്പർ: 3–1</u><br>• തീരുമാനങ്ങൾ കൃത്രിമമായി മിനിട്സിൽ എഴുതി ചേർത്തു<br>• പ്രസിഡന്റിന്റെ അനുമതിയില്ലാതെ ചെലവു നടത്തി<br>• എസ്റ്റിമേറ്റും സാങ്കേതികാനുമതിയും അളവുപുസ്തകവും ഇല്ലാതെയും പൊതുമരാമത്ത് പ്രവൃത്തി.<br>• യാത്രാപ്പടി ഇനത്തിലും ക്രമക്കേട്.<br><br>പഞ്ചായത്ത് ഫണ്ട് യാതൊരു മാനദണ്ഡവും നിയമവും പിൻവലിച്ച് ഗുരുതരമായ ധനദുർവിനിയോഗം നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്ത്‌രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമുള്ള ഉത്തരവ് വാങ്ങിയതിനു ശേഷമേ പഞ്ചായത്തു ഫണ്ടിൽനിന്നും തുക പിൻവലിക്കാൻ പാടുള്ളൂ എന്ന നിബന്ധന പലപ്പോഴും പാലിച്ചില്ല. പരിശോധനാവിധേയമാക്കിയ ഏതാനും വൗച്ചറുകളിലെ തീരുമാനങ്ങൾ മിനിട്ടിസുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചിട്ടുള്ളതല്ല എന്ന് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പല തീരുമാനങ്ങളുടെ പകർപ്പുകളിലും തീരുമാനം നമ്പരോ തീയതിയോ ചേർത്തിട്ടുമില്ല. കൂടാതെ വൗച്ചറുകൾ ഒന്നും തന്നെ പ്രസിഡന്റ് കാണുകയോ ഒപ്പുവെയ്ക്കുകയോ ചെയ്തിട്ടില്ല. | ടി വിഷയം സംബന്ധിച്ച് പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.<br><br>2007–08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന വിഷയങ്ങളിന്മേൽ അന്വേഷണം നടത്തിയതിൽ അന്നത്തെ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. എഡിസൺ ധനവിനിയോഗം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമവും അനുബന്ധ ചട്ടങ്ങളും പാലിക്കാതെയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവ് ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് പരാമർശിച്ചിരിക്കുന്നത് ശരിയാണ്. ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള |

| | | | | |
|---|---|---|---|---|
| | | | പഞ്ചായത്ത് രാജ് വകുപ്പ് 182 പ്രകാരം ഓരോ മാസത്തെയും കണക്കുകൾ അടുത്തമാസം 10-നുമുമ്പായി സെക്രട്ടറി ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് പരിശോധനയ്ക്ക് നൽകേണ്ടതും പരിശോധനാവിധേയമായി പഞ്ചായത്ത് കമ്മിറ്റിയും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും കൃത്യമായും ചുമതലാബോധത്തോടുംകൂടി നിർവ്വഹിച്ചിരുന്നുവെങ്കിൽ ധനദുർവിനിയോഗവും ചട്ടവിരുദ്ധമായ നടപടികളും ആരംഭത്തിൽ തന്നെ കണ്ടെത്തുവാനും തടയിടുവാനും സാധിക്കുമായിരുന്നു.<br><br>പഞ്ചായത്തു ഫണ്ടിൽ നിന്നും വിവിധ ഇനത്തിൽ തുക പിൻവലിച്ചതിൽ ഉണ്ടായിട്ടുള്ള ധനദുർവിനിയോഗത്തിന്റെയും ക്രമക്കേടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>***(1) <u>മസ്റ്റർറോൾ ഉപയോഗിച്ചുള്ള പെറ്റിവർക്കുകളും നടപടി ക്രമങ്ങൾ പാലിക്കാതെയുള്ള - റോഡ് മെയിന്റനൻസും</u>***<br>പഞ്ചായത്ത്രാജ് (പൊതുമരാമത്തു പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നടത്തുവാൻ ഉദ്ദേശിക്കുന്ന പൊതുമരാമത്തു പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള ഒരു ലിസ്റ്റ് സാമ്പത്തിക വർഷാരംഭത്തിൽ പഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്. ചട്ടം 3(2) പ്രകാരം ഇപ്രകാരം നടത്തുവാൻ ഉദ്ദേശിക്കുന്ന ഓരോ മരാമത്തു പണികളുടെയും ഏകദേശം അടങ്കൽ എസ്റ്റിമേറ്റും (റഫ്കോസ്റ്റ് എസ്റ്റിമേറ്റ്) തയ്യാറാക്കേണ്ടതാണ്. ചട്ടം 6(1) പ്രകാരം മതിപ്പ് ചെലവ് 5,000/-രൂപയിൽ കവിയാത്ത അറ്റകുറ്റ പണികൾക്കും മറ്റു ചില്ലറ പണികൾക്കും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതില്ലായെങ്കിലും ചട്ടം 15(1) പ്രകാരം ഏതൊരു പൊതുമരാമത്ത് പണിയെ സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ഫാറത്തിലുള്ള അളവ് പുസ്തകം വച്ചുപോരേണ്ടതുണ്ട്. ഇത്തരത്തിലുള്ള യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ ശുചീകരണത്തിന്റെ മറവിൽ 4900/- രൂപ ചെലവ്വരുന്ന ധാരാളം പ്രവൃത്തികൾ (കാട് വെട്ടിത്തെളിക്കൽ, ഓട വൃത്തിയാക്കൽ തുടങ്ങിയവ)നടത്തിയതായി കാണിച്ച് വൻദുർവ്യയമാണ് നടത്തിയിരിക്കുന്നത്. പ്രസിഡന്റിന് 5000/-രൂപവരെയുള്ള കണ്ടിജന്റ് ചെലവുകൾ ചെയ്യാമെന്ന ആക്ടിലെ വ്യവസ്ഥ ദുരുപയോഗം ചെയ്തതായിട്ടാണ് കാണുന്നത്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുക, | ഖണ്ഡികകളിൽ പരാമർശിക്കുന്ന ചെലവുകളിന്മേലുള്ള വൗച്ചറുകൾ ഫയലിൽ കാണാൻ കഴിഞ്ഞു. എന്നാൽ ചെലവു സംബന്ധിച്ച വൗച്ചറുകൾ പ്രസിഡന്റ് കാണുകയോ, ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടി ഓഡിറ്റ് പരാമർശം സംബന്ധിച്ച് ടിയാൻ നൽകിയിട്ടുള്ള മറുപടിയിൽ തുകകൾ യഥാർത്ഥത്തിൽ ചെലവഴിച്ചതാണെന്നും വൗച്ചറുകൾ പ്രസിഡന്റിന്റെ സമയക്കുറവ് മൂലം ഒപ്പ് രേഖപ്പെടുത്താൻ കഴിയാഞ്ഞതിനാലാണ് ഓഡിറ്റ് നിരാകരിച്ചതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. തുകകൾ ചെലവഴിച്ചതിനു ശേഷം വർഷങ്ങൾ കഴിഞ്ഞുള്ള അന്വേഷണമായതിനാൽ തുക യഥാർത്ഥത്തിൽ ചെലവഴിച്ചതാണോ എന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. എന്നാൽ പഞ്ചായത്തിന്റെ ധനവിനിയോഗം സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കാത്തത് ടിയാന്റെ ഭാഗത്തു നിന്നുള്ള |

| | | | | |
|---|---|---|---|---|
| | | | സാങ്കേതിക അനുമതി നേടുക തുടങ്ങിയ നിയമപരമായ നടപടക്രമങ്ങൾ പാലിക്കാതെയും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ നടപടിക്രമങ്ങൾ പാലിക്കാതെയും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്താതെയും റോഡ് മെയിന്റനൻസിനായി 27500/-രൂപ, 29500/ -രൂപ, 37872-രൂപ എന്നീ തുകകൾ ചെലവ് ചെയ്ത് നാല് റോഡ് മെയിൻനൻസ് പ്രവൃത്തികളും നടത്തിയതായി കാണിച്ച് തുക പിൻവലിച്ചിട്ടുണ്ട്.<br><br>24/10/2007-ലെ ചെക്ക് നമ്പർ.46029 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും 60,000/- രൂപ പിൻവലിച്ച് ഫിലിപ്പ് മാത്യു, മരുതിക്കൽ, നെല്ലിക്കമൺ എന്നയാളിന് റോഡുകളിൽ നിരത്താനായി ക്വാറിമക്ക് വാങ്ങിയതിന്റെ വിലനൽകി എന്ന ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ ചെലവിന് വിശ്വാസ്യത ഇല്ല. മേൽപറഞ്ഞ പ്രകാരം ചട്ടവിരുദ്ധമായി റോഡ് പ്രവൃത്തികൾക്കായി ചെലവഴിച്ച 441034/-രൂപ നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക കാണുക)<br><br>***(2) <u>വാഹന വാടകയും യാത്രപ്പടിയും</u>***<br><br>സർക്കാർ ഉത്തരവ് 82/07 ത.സ്വ.ഭ.വ. തീയതി 8/1/07 പ്രകാരം പഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക കാര്യങ്ങൾക്കായി വാഹനം വാടയ്ക്ക് എടുക്കുന്നതിന് 50,000/- രൂപ ചെലവ് ചെയ്യാമെന്ന ഉത്തരവിന്റെ ബലത്തിൽ വ്യക്തമായ ആവശ്യം രേഖപ്പെടുത്താതെയും പഞ്ചായത്ത് കമ്മറ്റി ചുമതലപ്പെടുത്താതെയും പ്രസിഡന്റും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും തൻവർഷം നടത്തിയിട്ടുള്ള ദീർഘദൂര യാത്രകൾക്ക് വാഹന വാടകയിനത്തിൽ 48,041/- രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവാക്കിയിട്ടുള്ളത്. സെക്രട്ടറിയും ജനപ്രതിധികളും ജില്ലയ്ക്കകത്തുള്ള യാത്രകൾക്കും തിരുവനന്തപുരം യാത്രകൾക്കായി യാത്രപ്പടി ഇനത്തിൽ കൈപ്പറ്റിയ 81706/- രൂപയ്ക്ക് പുറമെയാണ് ഔദ്യോഗിക യാത്രകളെന്ന പേരിൽ മേൽപറഞ്ഞ തുക ചെലവഴിച്ചത്. 1/07 മുതൽ 9/07 വരെയുള്ള കാലയളവിൽ 120 തവണയാണ് സെക്രട്ടറി, പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ തിരുവനന്തപുരം യാത്രകൾ നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കുമാത്രമേ വാഹനം വാടയ്ക്ക് എടുക്കാവു എന്നിരിക്കെ വ്യക്തമായ ആവശ്യം, | വീഴ്ചയാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.<br><br>ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ.എഡിസൺ പക്കൽ നിന്നും ടി തുക ഈടാക്കുവാൻ 19/11/13 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാനപ്രകരം തീരുമാനിച്ചിട്ടുണ്ട്. 1 മുതൽ 4 വരെ യുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്ന ആകെ തുകയായ 11,72,857/- രൂപ ഈടാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാനാവശ്യപ്പെട്ട് ടിയാന് 2/12/13 ൽ സി1-5409/10, നമ്പർ കത്ത് പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ഉദ്ദേശ്യം, ബന്ധപ്പെട്ട വിഷയവും ഫയൽ നമ്പരും, പഞ്ചായത്തു തീരുമാനം, ടൂർ ഡയറി തുടങ്ങി യാത്രയുടെയും ചെലവിന്റെയും സാധുതയും നിജസ്ഥിതിയും തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖകയും വൗച്ചറിനൊപ്പം ചേർത്തിട്ടില്ല.<br>ഒരു യാത്രപ്പടി ബില്ലിലും പഞ്ചായത്തിന്റെ ഔദ്യോഗിക കാര്യത്തിനാണെന്ന് വ്യക്തമാക്കുന്നതും തെളിയിക്കുന്നതുമായ രേഖകളൊന്നും ലഭ്യമല്ല. മാത്രമല്ല സെക്രട്ടറിയും ജനപ്രതിനിധിയും നടത്തിയ ഏറെ യാത്രകൾക്കും കമ്മിറ്റി തീരുമാനം ഇല്ലാതെ യാത്രപ്പടി നൽകിയിട്ടുണ്ട്. മേൽപറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ വാഹനവാടകയിനത്തിൽ ചെലവുചെയ്ത 48041/-രൂപയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ യാത്രപ്പടി ഇനത്തിൽ ചെലവ് ചെയ്ത 72812/- രൂപയുടെ നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക കാണുക)<br><br>***(3)കണ്ടിജന്റ് ചെലവുകൾ***<br><br>കേരള പഞ്ചായത്ത്രാജ് 156-ാം വകുപ്പ്4 (സി) ഉപവകുപ്പ് അനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്ക് ചെലവാക്കാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി ജി.ഒ.(എം.എസ്)271/2004/ത.സ്വ.ഭ.വ. തീയതി 14/9/2004 പ്രകാരം ഒരു പ്രാവശ്യം 5,000/-രൂപയും പ്രതിമാസം 10,000/-രൂപയുമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ബജറ്റിൽ മതിയായ തുക ഉൾപ്പെടുത്തിയിരിക്കണം, തൊട്ടടുത്ത കമ്മിറ്റിയിൽ ചെലവിലേക്ക് ചെക്ക് നമ്പർ: 46019/10-10-2007 പ്രകാരം 4,900/-രൂപയും ചെക്ക് നമ്പർ.46111/29/10/07 പ്രകാരം 28,500/-രൂപയും ഉദ്ദേശ്യം വ്യക്തമാക്കാതെയും അനുബന്ധ രേഖകളില്ലാതെയും പിൻവലിച്ചു. ഇതുപോലെ എല്ലാമാസവും വൻതുകകളാണ് ലഘുഭക്ഷണത്തിനായി ചെലവ് കാണിച്ചിട്ടുളളത്. ഫോട്ടോസ്റ്റാറ്റ് കോപ്പികൾ എടുത്തതിലാണ് മറ്റൊരു ദുർവ്യയം ഉണ്ടായിട്ടുളളത്. പല സ്ഥാപനങ്ങളിൽ നിന്നും ആയിരക്കണക്കിന് രൂപ യുടെ ബില്ലുകൾ സംഘടിപ്പിച്ച് ഓരോ മാസവും വൻതുകകൾ ചെലവ് എഴുതിയിട്ടുണ്ട്. 2007-08 വർഷം ഒരു കോപ്പിക്ക് ഒരു രൂപയും അതിലും താഴ്ന്ന നിരക്കിലും ഫോട്ടോസ്റ്റാറ്റ് | |

കോപ്പികൾ ലഭ്യമാകുമായിരുന്നപ്പോൾ ഒരു കോപ്പിക്ക് 1.25 രൂപ നിരക്കിലാണ് തുക കണക്കാക്കിയിട്ടുള്ളത്. ഒരു വർഷത്തേയ്ക്ക് ഫോട്ടോസ്റ്റാറ്റ് കോപ്പികൾ എടുക്കുന്നതിന് ക്വട്ടേഷൻ വിളിച്ചിരുന്നെങ്കിൽ വളരെക്കുറഞ്ഞ നിരക്കിൽ കോപ്പികൾ എടുത്തുതരുന്നതിന് സ്ഥാപനങ്ങൾ സന്നദ്ധമാകുമായിരുന്നു.

ആഫീസ് ആവശ്യത്തിനായി ധാരാളം ഇലക്ട്രിക്, സ്റ്റേഷനറി സാധനങ്ങൾ അനധികൃതമായി വാങ്ങുകയും സ്റ്റോക്കിൽ ചേർക്കാതെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനധികൃതമായും പരിധി ലംഘിച്ചും ചെലവുചെയ്ത 2,13,825/- രൂപയുടെ കണ്ടിജന്റ് ചെലവ് തുക നിരാകരിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക കാണുക).

| മാസം | തൻമാസത്തെ കണ്ടിജന്റ് ചെലവ് | ഒരു പ്രാവശ്യം ചെലവഴിക്കാവുന്ന പരിധി ലംഘിച്ച് ചെലവ് ചെയ്ത തുക | പ്രതിമാസം പരിധി ലംഘിച്ച് ചെലഴിച്ച തുക | പരിധി ലംഘിച്ച കാരണത്താൽ നിരാകരിച്ച തുക (3+4) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 4/07 | 3924 | - | | |
| 5/07 | 12655 | - | | |
| 6/07 | 34475 | 3500 | | |
| 7/07 | 43278 | 5606 | | |
| 8/07 | 23394 | - | | |
| 9/07 | 35274 | 13672 | | |
| 10/07 | 87300 | 36835 | | |
| 11/07 | 6912 | - | | |
| 12/07 | 20555 | - | | |
| 1/08 | 15875 | - | | |
| 2/08 | 15559 | - | | |
| 3/08 | 25460 | 7482 | | |
| ആകെ | 324661/- | 67095/- | 146730/- | 213825/- |

| | | | | |
|---|---|---|---|---|
| | | | 4. <u>ശുചീകരണം:</u><br><br>ശുചീകരണത്തിൻെറ മറവിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാതെയും ചെലവിനെ സാധൂകരിക്കുന്നതിന് അനുബന്ധ രേഖകളില്ലാതെയും വലിയ തുകകൾ ചെലവ് ചെയ്തിട്ടുണ്ട്. ഭരണസമിതി തീരുമാനം ഇല്ലാതെയും ക്വട്ടേഷൻ വിളിക്കാതെയും വൻതുക ചെലവ് ചെയ്ത് ബ്ലീച്ചിംഗ് പൗഡർ, ഫിനോൾ തുടങ്ങിയ ശുചീകരണ സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.<br><br>ചുരുക്കത്തിൽ ശുചീകരണമുൾപ്പെടെ സാധ്യമായ എല്ലാ മേഖലകളിലും നിയമത്തിൻെറ ചെറിയ പഴുതുകളും ഭരണസമിതിയുടെ ഭാഗത്തുനിന്നുമു്ള വീഴ്ചയും പരമാവധി മുതലെടുത്ത് വൻതുകകളാണ് ദുർവിനിയോഗം ചെയ്തിട്ടുള്ളത്.<br><br>*<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>*<br><br>ശ്രീ. എ. എഡിസൺ (സെക്രട്ടറി),<br>അക്ഷര, മേക്കൊല്ല ഹൗസ്, ധനുവച്ചപുരം പി.ഒ.,<br>തിരുവനന്തപുരം. | |

| | | | | |
|---|---|---|---|---|
| 4 | 2010-11 | 5.5.3.(2). | ***നെല്ലിക്കമൺ നീർത്തട പദ്ധതി - സമയബന്ധിതമായി നടപ്പാക്കിയില്ല.***<br><br>***<u>ആഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ 3-37</u>***<br><br>@ 76.56 ലക്ഷം രൂപ നിഷ്ക്രിയാവസ്ഥയിൽ.<br>@ നടന്നത് പദ്ധതിയുടെ ഉദ്ഘാടനം മാത്രം.<br><br>ഗ്രാമപഞ്ചായത്തിലെ 565 ഹെക്ടർ സ്ഥലത്തെ പ്രകൃതിവിഭവ പരിപാലനത്തിന് ഉദ്ദേശിച്ച് ആവിഷ്ക്കരിച്ച നെല്ലിക്കമൺ നീർത്തടപദ്ധതി ഗ്രാമപഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണാധികാരിയായ കൃഷി ആഫീസറുടെയും നിഷ്ക്രിയത്വം മൂലം നടപ്പായില്ല. പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച 67,13,000/- രൂപയും, പഞ്ചായത്തിന്റെ വിഹിതമായ 4,81,000/- രൂപയും ട്രഷറിയിൽ നിന്നും മാറി ഫലരഹിതമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br><br>പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ റാന്നി-അങ്ങാടി, കൊറ്റനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട 925 ഹെക്ടർ സ്ഥലം ഉൾപ്പെടുന്ന നെല്ലിക്കമൺ നീർത്തട പദ്ധതിക്ക് 62,25,000/- രൂപയുടെ കർമ്മപദ്ധതിക്കാണ് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുള്ളത്. 2006-07 മുതൽ 2008-09 വരെ കാലയളവിൽ പശ്ചിമഘട്ടവികസന പദ്ധതിയുടെ ഭാഗമായി പദ്ധതി നടപ്പാക്കുന്നതിനായിരുന്ന ഉദ്ദേശിച്ചിരുന്നത്. പദ്ധതി നടത്തിപ്പിനായി റാന്നി എസ്.ബി.റ്റി. ശാഖയിൽ കൃഷി ആഫീസറുടെയും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിൽ സംയുക്തമായി ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ.670343512) നാളിതുവരെ 76,56,879/-രൂപ വരവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. | ടി വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല.<br><br>നെല്ലിക്കമൺ നീർത്തട പദ്ധതിയ്ക്ക് 2006-07, 2007-08 വർഷങ്ങളിൽ കേന്ദ്ര വിഹിതമായി 43,20,000 രൂപയും പഞ്ചായത്ത് വിഹിതമായി 4,81,000 രൂപയും ചെലവാക്കിയിട്ടുള്ളതും, ഓഡിറ്റ് പൂർത്തീകരിച്ചിട്ടു ള്ളതുമാണ്. നെല്ലിക്കമൺ നീർത്തട പദ്ധതിയ്ക്ക് 2006-07, 2007-08, 2008-09,2009-10 വർഷങ്ങളിലേക്ക് കേന്ദ്ര വിഹിതമായി അനുവദിച്ച് മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടെന്നും പലിശ ഇനത്തിൽ 9,86,247/- രൂപ മാത്രമാണ് ഇനിയും ചെലവഴിക്കാ നുള്ളതെന്നും ടി തുക ചെലവാക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാ ക്കിയതിന് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും നിലവിലെ കൃഷി ആഫീസർ ശ്രീമതി. മായാദേവി അറിയിച്ചിട്ടുണ്ട്. |

| ഇനം | അക്കൗണ്ടിൽ ക്രഡിറ്റ് വന്ന തുക | | | ആകെ |
|---|---|---|---|---|
| | 2007-08 | 2008-09 | 2009-10 | |
| കേന്ദ്രവിഹിതം | 21,00,000 | 22,22,000 | 23,93,000 | 67,13,000 |
| പഞ്ചായത്ത് വിഹിതം | 2,61,000 | 22,20,000 | | 4,81,000 |
| പലിശ | 49,214 | 1,34,048 | 1,74,992 | 3,58,254 |
| തിരിച്ചറിയാനാവാത്ത വരവ് | | 1,04,625 | | 1,04,625 |
| ആകെ | | | | 76,56,879 |

പദ്ധതിയുടെ ഉദ്ഘാടനം നടന്നത് 17/1/2007-ലാണ്. ഉദ്ഘാടനത്തിനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 58,500/- രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു. നീർത്തട ഗ്രാമസഭ കൂടി നീർത്തട കമ്മറ്റി തുടർന്ന് 6 തവണ യോഗം ചേർന്നിട്ടുണ്ട്. അവസാനമായി 7-2-2008 ലാണ് യോഗം ചേർന്നത്. അതിനുശേഷം പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പദ്ധതി സമയബന്ധിതമായി നടപ്പാക്കാതിരുന്നതിന് നിർവ്വഹണാധികാരിയുടെ വിശദീകരണം ആവശ്യമാണ്. ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

*ഉത്തരവാദിയായ ഉദ്യോഗസ്ഥൻ*

*ശ്രീ.ജോർജ്ജ്.കെ.വർഗ്ഗീസ്, കൃഷി ഓഫീസർ,*
*ഗവൺമെന്റ്ഫാം, പുല്ലാട്*

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ പന്തളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3.15.1 | **കൊച്ചിൻ റിഫൈനറിയിൽ നിന്നും ടാർ വാങ്ങിയതിന്റെ വില ഡിമാന്റ് ഡ്രാഫ്റ്റായി നൽകി - 4,51,685 രൂപ തടസ്സപ്പെടുത്തുന്നു:**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03 (ചെലവ്); ഖണ്ഡിക നമ്പർ: 2-21)<br><br>കൊച്ചിൻ റിഫൈനറിയിൽ നിന്നും 180 ബാരൽ ടാർ വാങ്ങിയതിന് 4,51,685 രൂപ 09.12.2002ലെ 196854-ാം നമ്പർ സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ചു. ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുന്നതിന് വേണ്ടിയാണെന്ന് പറയുന്നുണ്ടെങ്കിലും ഡിഡി നമ്പർ ലഭ്യമല്ല. കൂടാതെ ഡ്രാഫ്റ്റ് എടുക്കുന്നതിനുള്ള ഫാറത്തിന്റെ കൗണ്ടർ ഫോയിലിൽ ബാങ്ക് സീലും കാണുന്നില്ല. ആകെ 180 ബാരൽ ടാറിന്റെ വില രേഖപ്പെടുത്തിയ 3 ഇൻവോയിസുകൾ ഫയലിലുണ്ടെങ്കിലും 60 ബാരലിന്റെ ഡെലിവറി ഓർഡർ മാത്രമേ ഫയലിലുള്ളൂ. 180 ബാരൽ ടാറിന്റെ വിതരണം സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ടെങ്കിലും, തുക കൊച്ചിൻ റിഫൈനറിക്ക് നൽകിയത് സംബന്ധിച്ച് കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവായ 4,51,685 രൂപ തടസ്സപ്പെടുത്തുന്നു. | കൊച്ചിൻ റിഫൈനറിയിൽ നിന്നും ഡി.ഡി. നൽകിയതിന്റെ രസീത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 2/12/13 ൽ കത്ത് നൽകിയിട്ടുണ്ട്. ടി ഡി.ഡി രസീത് നേരിട്ടെത്തിക്കാൻ പന്തളം പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2 | 2007-08 | 3.15.2 | **ആധുനിക രീതിയിലുള്ള അറവുശാല നിർമ്മാണം:**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03 (ചെലവ്); ഖണ്ഡിക നമ്പർ: 2-46)<br><br>2000-01ൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ആധുനിക രീതിയിലുള്ള അറവുശാല നിർമ്മിക്കുന്നതിനായി 29.04.2000ൽ 31,00,000 രൂപയുടെ ഭരണാനുമതിയും 30.03.2001ൽ 30,93,000 രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചിരുന്നു. 08.02.1998ലെ ജി.ഒ(ആർടി)319/98/എൽഎസ്ജി പ്രകാരം അറവുശാല നിർമ്മാണം ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായ "ചേർത്തല സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്)" എന്ന സ്ഥാപനത്തെ നിർദ്ദേശിച്ചിട്ടുള്ളതനാൽ പഞ്ചായത്ത് കമ്മറ്റിയുടെ 18.03.2002ലെ ലെ തീരുമാന പ്രകാരം അറവ്ശാല നിർമ്മാണം ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ "സിൽക്ക്" നെ ഏൽപ്പിച്ചു. "സിൽക്കി"ന്റെ ആവശ്യ പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 30 % തുകയായ 9,28,140 രൂപ 20/03/2002 ൽ നൽകി. 19/03/2002ലെ പഞ്ചായത്ത് കമ്മറ്റി അറവ്ശാലക്കായി പബ്ലിക് മാർക്കറ്റിന്റെ വടക്ക് പടിഞ്ഞാറ് | ജനറൽ പി.ഡി. പ്ലാൻ പി.ഡി. അക്കൗണ്ടുകൾ നിർത്തലാക്കിയതിനെ തുടർന്ന് ഈ ഇനത്തിലുള്ള ബാക്കി തുകയെ സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് പത്തനംതിട്ട ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് 9/12/13ൽ അപേക്ഷിച്ച് കത്ത് |

| | | | | |
|---|---|---|---|---|
| | | | മാത്രമായി 30 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് തീരുമാനിച്ചു എങ്കിലും ഓഡിറ്റ് തീയതി വരെയും അറവുശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം കൈമാറിയിട്ടില്ലാത്തതിനാൽ തുടർ നടപടികൾ ഒന്നും നടന്നിട്ടില്ല. "മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങുകയോ, പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞുകൊണ്ട് നോട്ടീസ് പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല"എന്ന് പറഞ്ഞ് പരിസ്ഥിതി സംരക്ഷണ സമിതി ബഹു. ഓംബുഡ്സ്മാനിൽ പരാതി നൽകിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെയും, സെക്രട്ടറിയുടെയും [illegible] നടപടികളുടെ അഭാവമാണ് പദ്ധതി കൊണ്ട് യാതൊരു പ്രയോജനവും ലഭിക്കാൻ ഇടയാകാത്തത്. 08/2002ൽ സെക്രട്ടറിയുടെ പ്ലാൻ പി.ഡി അക്കൗണ്ടിലേക്ക് ഈ പ്രോജക്ടിന് തനത് ഫണ്ടിൽ നിന്ന് 25,00,000 രൂപ മാറ്റിയിരുന്നു. എന്നാൽ 09/07/2005 ലെ ജി. ഒ. പി. 381/2003/ ഫിൻ. പ്രകാരം ജനറൽ പി. ഡി. പ്ലാൻ പി. ഡി. അക്കൗണ്ടുകൾ നിർത്തലാക്കിയതിനെ തുടർന്ന് ഈ ഇനത്തിലുള്ള ബാക്കി തുകയെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടുമില്ല. | സമർപ്പിച്ചിട്ടുണ്ട്. |

1397/2017.

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേൽ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്**

**സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശസംഗ്രഹം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003<br>2007-08 | 3.18.1 | **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഭവനസഹായ വിതരണ രേഖകളിൽ കൃത്രിമം കാണിച്ചു.**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03 (ഖണ്ഡിക നമ്പർ 2-14)<br>9/7/03 ലെ സർക്കാർ ഉത്തരവ് 381/2003/ഫിൻ. പ്രകാരം പ്ലാൻ പി.ഡി. അക്കൗണ്ടുകൾ മരവിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 3-ാം ഗഡു തുക വിതരണം ചെയ്യുന്നതിന് മാവിലധികം പേർക്കു വേണ്ട തുക നൽകുന്നതിനായി സെക്രട്ടറിയ്ക്ക് റിക്വിസിഷൻ നൽകുകയും സെക്രട്ടറി നൽകിയ ചെക്ക് പണമായി മാറ്റി ഗുണഭോക്താക്കൾക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും ചെയ്ത നടപടി ക്രമ വിരുദ്ധമാണ്. കൂടാതെ, സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ (ബാങ്ക്) ഗുണഭോക്താക്കൾക്കായി വി. ഇ. ഒ യ്ക്ക് 1,91,000 രൂപയുടെ ചെക്ക് മാറി വിതരണം ചെയ്തതിൽ രജിസ്റ്റർ, കൈപ്പറ്റ് രസീത് എന്നിവ തിരുത്തി 45000 രൂപയുടെയും പട്ടികജാതി ഗുണഭോക്താക്കൾക്കായി നൽകിയ 2,34,500 രൂപയുടെ ചെക്ക് മാറി വിതരണം ചെയ്തതിൽ 10000 രൂപയുടെയും ഉൾപ്പെടെ 55,00 രൂപയുടെ പണാപഹരണം നടന്നതായി കാണുന്നു. പണാപഹരണം നടത്തിയ വി ഇ ഒ യ്ക്ക് എതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടില്ല. | ടി പരാമർശത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. കെ. സുകുമാരനെതിരെ വിജിലൻസ് കേസ് നമ്പർ വി. സി. 3/2013 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. |

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത്

സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിവരം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2007-08 | 3.17.1 | **കിരികുഴി-ചിറയത്ത് ഏലാതോട് സംരക്ഷണം - മുൻകൂർ കുറവ് ചെയ്യാതെ അധികം നൽകി**<br>(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03; ഖണ്ഡിക നമ്പർ: 2-21)<br><br>ഈ പ്രവർത്തിക്ക് 2,62,000 രൂപ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും 2,52,000 രൂപയ്ക്ക് മാത്രമേ ഭരണാനുമതി നൽകിയിരുന്നുള്ളൂ. വിവിധ ചെക്കുകൾ പ്രകാരം 2,52,536 രൂപയാണ് പ്രതിഫലമായി കൺവീനർക്ക് നൽകിയത്. പ്രവർത്തിയുടെ ആകെ മൂല്യത്തുക നികുതി തുകയും മറ്റ് ചെലവുകളുൾപ്പെടെ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽതുക നൽകിയതിൽ മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 50,000 രൂപ കുറവ് ചെയ്യുന്നതിന് പകരം 25,000 രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. മുൻകൂർ തുക ശരിയായി ക്രമപ്പെടുത്താതെ പ്രതിഫലം നൽകിയതിന് 25,000 രൂപ അധികമായി നൽകി. | കൺവീനർ ശ്രീ. ബിജുജോണിന് മൊബിലൈസേഷൻ അഡ്വാൻസായി അധികരിച്ച് നൽകിയ 25000/-രൂപ തീയതി 25.09.2010-ൽ രസീത് നമ്പർ 65/70181 പ്രകാരം പഞ്ചായത്ത് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര പത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2009-10 | 2.8 | **നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്.**<br>വിവിധ വൈദ്യുത കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വൻതുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരളാ വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപവേലകൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പ് വെച്ചതിന് ശേഷം ചെക്കുകൾ വഴിയായിരിക്കണമെന്ന് കൂടാതെ കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതുമാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കാരാർ ഒപ്പു വെയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശ ഭരണ സ്ഥാപനവും നിക്ഷേപ പ്രവർത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ പ്രവർത്തി പൂർത്തിയാക്കിയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല ആയതിനാൽ പ്രോജക്റ്റുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്നില്ല. | <u>പെരിങ്ങര ഗ്രാമപഞ്ചായത്ത്</u><br>നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ കെ.എസ്.ഇ.ബി. കെ.ഡബ്ല്യു.എ., നിർമ്മിതി കേന്ദ്രം എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.<br><u>കുറ്റൂർ ഗ്രാമപഞ്ചായത്ത്</u><br>നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കാൻ കെ.എസ്.ഇ.ബി. യ്ക്ക് കത്ത് നൽകിയിട്ടുണ്ട്.<br><u>വള്ളിക്കോട് ഗ്രാമപഞ്ചായത്ത്</u><br>നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. 13/12/12 ലെ സി1.1269/09 കത്ത് പ്രകാരം വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ട്. |

ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതികൾ എല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഓ.റി.വർഷം/ഖ.നം. | തുക നിക്ഷേപിച്ച സ്ഥാപനം | തുക (രൂപ) |
|---|---|---|---|---|
| 1 | പെരിങ്ങര ഗ്രാമ പഞ്ചായത്ത് | 2004-05/3-4(1) | കെ.എസ്.ഇ.ബി., തിരുവല്ല | 34,350/- |
| | | 2004-05/3-4(2) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 1,00,000/- |
| | | 2004-05/3-4(3) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 3,24,714 |
| | | 2004-05/3-4(4) | കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 9,50,000/- |
| | | 2004-05/3-4(5) | നിർമ്മിതികേന്ദ്രം, പത്തനംതിട്ട | 1,00,000/- |
| 2 | കുറ്റൂർ ഗ്രാമ പഞ്ചായത്ത് | 2003-04/3-1 | കെ.എസ്.ഇ.ബി., ചെങ്ങന്നൂർ | 2,44,340/- |

**ചെറുകോൽ ഗ്രാമപഞ്ചായത്ത്**

2009-10 ലെ സമാഹൃത റിപ്പോർട്ടിൽ 2003-04/3-5 ഖണ്ഡിക പ്രകാരം ലൈൻ എക്സ്റ്റൻഷനു വേണ്ടി 4,67,890/- രൂപ എന്ന് കാണിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയ്ക്ക് 264090/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

**ചിറ്റാർ ഗ്രാമപഞ്ചായത്ത്**

നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. സീതത്തോട് കക്കാട് ഇലക്ട്രിക്കൽ സെക്ഷൻ അസി.എൻജിനീയറുടെ 11/3/13 ലെ ജി.4/ഡി.ബി./കെ.കെ.ഡി/2013-14 നമ്പർ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്<br>നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.<br>കടമ്പനാട് ഗ്രാമപഞ്ചായത്ത്<br>1.നിക്ഷേപ വേലകൾ പൂർത്തീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. അസി.എൻജീനിയറുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.<br>2.1.നിക്ഷേപ വേലകൾ പൂർത്തീകരിച്ചു. പത്തനംതിട്ട ബിൽഡിംഗ് ഡിവിഷനിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാൻ കത്ത് കൊടുത്തിട്ടുണ്ട്.<br>സീതത്തോട് ഗ്രാമപഞ്ചായത്ത്<br>കെ.എസ്.ഇ.ബി ലൈൻ എക്സറ്റൻഷൻ പൂർത്തിയാക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം കക്കാട് ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| | | | 3 | വള്ളിക്കോട് ഗ്രാമപഞ്ചായത്ത് | 2003–04/3–2 | കേരള വാട്ടർ അതോറിറ്റിപത്തനംതിട്ട | 50,850/– | |
| | | | 4 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | 2003–04/3–5 | കെ.എസ്.ഇ.ബി., ചെറുകോൽ | 4,67,890/– | |
| | | | 5 | ചിറ്റാർ ഗ്രാമപഞ്ചായത്ത് | 2003–04/3–22 | കെ.എസ്.ഇ.ബി., വടശ്ശേരിക്കര | 4,53,740/– | |
| | | | 6 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 2004–05/3–16 | കെ.എസ്.ഇ.ബി. | 41,080/– | |
| | | | 7 | ഏനാദിമംഗലം ഗ്രാമപഞ്ചായത്ത് | 2001–02 | കെ.എസ്.ഇ.ബി. | 1,27,012/– | |
| | | | 8 | കടമ്പനാട് | 2004–05/3–5 | കെ.എസ്.ഇ.ബി. | 47,880/– | |
| | | | 9 | കടമ്പനാട് | 2007–08/3–3 | പത്തനംതിട്ട ബിൽഡിംഗ് ഡിവിഷൻ | 1,50,000/– | |
| | | | 10 | സീതത്തോട് | 2004–05/3–16 | കെ.എസ്.ഇ.ബി. | 2,41,000/– | |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ കടമ്പനാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാരനടപടിപത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2009–10 | 3.5.1(1) | **<u>3.5.1(1) റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് സിമിന്റ് കുറവ് ഉപയോഗിക്കുകയും, ഉപയോഗിക്കാത്ത സിമിന്റിന് കൂടി വില നൽകുകയും ചെയ്തു.</u>**<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2006–07, ഖണ്ഡിക. 3.11<br>2006–07 വർഷം ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് ആവശ്യമായ അളവിൽ സിമിന്റ് വാങ്ങി ഉപയോഗിച്ചിട്ടില്ല. ആവശ്യമായതിനേക്കാൾ 3760കി.ഗ്രാം. സിമിന്റ് കുറവാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കൺവീനർമാർ ഹാജരാക്കിയ ചെലറി കണക്കിൽ നിന്ന് വ്യക്തമായിട്ടുണ്ട്. സിമിന്റിന്റെ വിനിയോഗം എം.ബുക്കിൽ രേഖപ്പെടുത്തി എൻജിനിയർ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആവശ്യമായ അളവിൽ മെറ്റീരിയല്സ് ഉപയോഗിച്ച് നിലവാരം പുലർത്തിയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്താതെയാണ് പ്രവൃത്തികളുടെ ഫൈനൽ പേയ്മെന്റ് നൽകിയിട്ടുള്ളതെന്ന് കാണുന്നു. ഉപയോഗിക്കാത്ത 3760കി.ഗ്രാം. സിമിന്റിന്റെ വില കൂടി ഉൾപ്പെടുത്തിയാണ് കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. അധികം നൽകിയ തുക കൺവീനർമാരിൽ നിന്നും ഉത്തരവാദിയായ എജിനീയറിൽ നിന്നും ഈടാക്കണം. പ്രവർത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു. | പരാമർശ പ്രവർത്തികൾക്ക് ആവശ്യമായ സിമിന്റ് ഉൾപ്പെടയുള്ള സാധനസാമഗ്രികൾ ഉപയോഗിച്ച് ഗുണനിലവാരം പുലർത്തി വേല പൂർത്തീകരിച്ച് ഇപ്പോഴും കേടുപാട് കൂടാതെ ഗതാഗതയോഗ്യമായി നിലനിൽക്കുന്നുണ്ട്. എസ്റ്റിമേറ്റിൻ പ്രകാരം സിമിന്റ് കൺവീനർമാർ സപ്ലൈ ചെയ്തിട്ടുള്ളതും അതു പൂർണ്ണമായും പ്രവർത്തികൾക്ക് ഉപയോഗിച്ചിട്ടുള്ളതുമാണ് . എം.ബുക്കിൽ രേഖപ്പെടുത്തുവാൻ ബോധപൂർവ്വമല്ലാത്ത |

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയ്ക്ക് ആവശ്യമായ സിമിന്റിന്റെ അളവ് | വാങ്ങി ഉപയോഗിച്ച് അളവ് | കുറവ് |
|---|---|---|---|---|
| 1 | വെട്ടുവയൽ – പാലത്തടം റോഡ് കോൺക്രീറ്റിംഗ് പ്രോ.നമ്പർ 212/07 | 10804 കി.ഗ്രാം | 9500 കി.ഗ്രാം | 1304 കി.ഗ്രാം |
| 2 | 8–ാം വാർഡിൽ പ്ലാമൂട്ടിൽ പടി. ഇലവുംമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 3519 കി.ഗ്രാം | 2000 കി.ഗ്രാം | 1519 കി.ഗ്രാം |
| 3 | സെന്റ് മേരീസ് ചർച്ച് തോയിപ്പാട്ട് റോഡ് കോൺക്രീറ്റിംഗ് (എസ്.ജി.ആർ.വൈ) | 3519 കി.ഗ്രാം | 3000 കി.ഗ്രാം | 519 കി.ഗ്രാം |
| 4 | കന്നാട്ടുകുന്ന് അമ്പിയിൽപ്പടി റോഡ് ഉദ്ധാരണം (എസ്.ജി.ആർ.വൈ) | 7918 കി.ഗ്രാം | 7500 കി.ഗ്രാം | 418 കി.ഗ്രാം |
| | ആകെ | | | 3760. കി. ഗ്രാം |

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ഡി.രവീന്ദ്രൻ, അസി.എഞ്ചിനീയർ,
എൽ.സി.ജി.ഡി. ചരുവിളയിൽ,
ചിരണിക്കൽ, പുതുമല.പി.ഒ.
പറക്കോട്.

പിഴവുണ്ടായതാകയാൽ പരാമർശം ഒഴിവാക്കുവാൻ അപേക്ഷിക്കുന്നു

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ ചെറുകോൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2010-11 | 2.14 | **ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം**<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവധ പ്രവർത്തനങ്ങൾക്കായി (വൈദ്യുതീകരണം, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലസേചന പദ്ധതികൾ, കുടിവെള്ള കിണർ തുടങ്ങിയവ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നീ വകുപ്പുകളിൽ വൻ തുക നിക്ഷേപിച്ചിരുന്നു.<br>സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവെയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് കെ. എസ്. ഇ. ബി, കെ. ഡബ്ലിയു. എ തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തു വരുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്ക് സൂക്ഷിക്കാത്തതുമൂലം പല സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അതുപോലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഭാഗമായി 23/02/08- ലെ ജി. ഒ. (പി)/95/2008 ഫിൻ പ്രകാരം അഡ്വാൻസ് തുക പിൻവലിച്ച് അനർട്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പല പഞ്ചായത്തുകളും അനർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ പ്രോജക്ടുകൾ പലതും പൂർത്തീകരിച്ചിട്ടില്ല.<br>തുക അടവാക്കുകയല്ലാതെ ആ ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു കാണുന്നില്ല ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക സ്ഥാപനങ്ങളുടെ | പഞ്ചായത്ത് ഓഫീസിലെ വൈദ്യുതീകരണം പൂർത്തീകരിച്ച് 08/03/2013 ൽ പൂർത്തീകരണ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. |

ഫണ്ടിൽ മൃതനിക്ഷേപമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പത്തനംതിട്ട ജില്ല | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | ഒ.ഇ. വർഷം/ വ.നം | പ്രവൃത്തിയുടെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | തുക |
| 1 | ചെറുകോൽ ഗ്രാമപഞ്ചായത്ത് | 2007-08/ 3-32 | പഞ്ചായത്ത ഓഫീസിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും വൈദ്യുതീകരണം | പൊതുമരാമത്ത് വകുപ്പ് | 1,40,000 |
| | | | | ആകെ | 1,40,000 |

| | | | | |
|---|---|---|---|---|
| 2 | 2010-11 | 5.2.14.(1) | **5.2.14(1), 6.65 ലക്ഷം ചെലവഴിച്ചിട്ടും ബയോഗാസ് പ്ലാന്റ് നിർമ്മാണം അനിശ്ചിതാവസ്ഥയിൽ**<br>2007-08 ലെ പ്രോജക്റ്റ് നമ്പർ എസ് 1/07-08 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 6,65,944 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവഴിച്ച 6,65,944 രൂപയിൽ 6 ലക്ഷം രൂപ പ്ലാന്റ് നിർമ്മാണത്തിന് 6,65,944 രൂപ സ്ഥലം യോഗ്യമാക്കുന്നതിനുമായാണ് ഉപയോഗിച്ചത് വയലത്തല, ചാക്കപ്പാലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് 100മി. കിഴക്കുവശത്തായി പമ്പാ ഇറിഗേഷൻ വക 2 ഏക്കറോളം | 2007-08 ൽ 6 ലക്ഷവും മണ്ണിന്റെ പണിയ്ക്ക് 65944 ഉം 2008-09 ൽ 2 ലക്ഷവും ചേർത്ത് 865944 രൂപ ബയോടെക്ക് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് ഒരു ചെറിയ കുഴിയെടുത്തതല്ലാതെ പ്രോജക്റ്റ് ആരംഭിക്കാൻ പോലും കഴിയാത്ത |

| | | | | |
|---|---|---|---|---|
| | | | സ്ഥലത്താണ് പ്ലാന്റ് നിർമ്മിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചത്. പഞ്ചായത്ത് കമ്മിറ്റിയുടെ 18/8/2007 ലെ 1(8)-ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിന് പബ്ലിക്ക് മാർക്കറ്റ് സ്റ്റേഡിയം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയ്ക്കുമായി പി.ഐ.പി. വക സ്ഥലം ഏറ്റെടുക്കുവാൻ തീരുമാനിച്ചു. ഇതിനു മുന്നോടിയായി ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായി തിരുവനന്തപുരത്തുള്ള ബയോടെക്ക് ഡയറക്ടറുമായി പഞ്ചായത്ത് സെക്രട്ടറി 28/1/2008 ൽ എഗ്രിമെന്റ് വെച്ചു. 28/2/2008 ലെ ഡി.ഡി.നം.411095 പ്രകാരം 6 ലക്ഷം രൂപയുടെ ഡി.ഡി. ബയോടെക്ക് ഡയറക്ടർക്ക് നൽകുകയും ചെയ്തു.<br>പമ്പാ ഇറിഗേഷൻ വക സ്ഥലം പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടുണ്ട്. എന്നാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് തുക ചെലവഴിച്ചത്.<br>പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ സ്ഥലവാസികൾ കളക്ടറ്ക്ക് നൽകിയ പരാതിയിൽ നിരവധി മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുമെന്നും പറഞ്ഞിരുന്നു. പബ്ലിക്ക് മാർക്കറ്റ് ആരംഭിക്കാനാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്നും ബയോഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിനെ കുറിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലയെന്നും പരാതിയിൽ പറഞ്ഞിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയും ബയോടെക് ഡയറക്ടറുമായുള്ള എഗ്രിമെന്റിൽ 2008 മാർച്ച് 31 ന് മുമ്പ് പ്ലാന്റിന്റെ പണി പൂർത്തീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് വേണ്ടി തുക നല്കിയിട്ട് ഒരു വർഷം കഴിഞ്ഞിട്ടും പ്ലാന്റിനു വേണ്ടിയുള്ള പ്രവൃത്തി . ആരംഭിച്ചിച്ചില്ല. കൈമാറിക്കിട്ടിയ സ്ഥലം ഇതിനായി പലതവണ വൃത്തിയാക്കുന്നതിന് മൊത്തം 65,944 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിന് കാലതാമസം വന്നതിനാൽ ഇത്തരം ചെലവുകൾ ആവർത്തിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിൽ സംജാതമായിട്ടുള്ളത്. ആയതിനാൽ 65,944 രൂപ യുടെ ചെലവ് പാഴ്ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ദീർഘവീക്ഷണമില്ലാതെയും ആസൂത്രണമില്ലാതെയും പദ്ധതി പണം ചെലവ് ചെയ്തത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തെ സംബന്ധിച്ച് സർക്കാർ തലത്തിലുള്ള അന്വേഷണം ശുപാർശ ചെയ്യുന്നു. | സാഹചര്യമുണ്ടായി.<br>ഗ്രാമപഞ്ചായത്തിന്റെ 11/9/2011 ലെ 1(8)ാം നമ്പർ തീരുമാനപ്രകാരം ശുചിത്വമിഷൻ വഴി നടപ്പാക്കുന്ന "ഉറവിട മാലിന്യ സംസ്കരണം വീടുകളിൽ" എന്ന പ്രോജക്റ്റ് നടപ്പാക്കി തരുകയോ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ നൽകുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ബയോടെക്കിന് കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ 120944 രൂപ ചെലവായിട്ടുണ്ടെന്നും ബാക്കി 7,45,000 രൂപ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കി തരാമെന്ന ബയോടെക്കിന്റെ വ്യവസ്ഥ പഞ്ചായത്ത് അംഗീകരിച്ചില്ല. ബഹു.എ.ഡി.എം.ന്റെ സാന്നിധ്യത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്. സെക്രട്ടറി, ബയോടെക്ക് പ്രതിനിധി എന്നിവർ ചേർന്ന് ടി പ്രോജക്റ്റിൽ ബയോടെക്കിന് ചെലവായ തുക കഴിച്ച് ബാക്കി തുക ബാങ്ക് പലിശ സഹിതം തിരികെ നൽകണം എന്ന് തീരുമാനിച്ചുവെങ്കിലും ടി വ്യവസ്ഥ നാളിതുവരെ പാലിച്ചിട്ടില്ല. തുക നൽകണമെന്ന് കാണിച്ച് 21/10/13 ൽ സെക്രട്ടറി നൽകിയ കത്തിന് മറുപടിയായി 7,45,000/- രൂപ നൽകാമെന്നാണ് ബയോടെക്ക് അറിയിച്ചിരിക്കുന്നത്. ടി തുക അപര്യാപ്തമായതിനാൽ 8,65,944/-രൂപയുടെ |

| | | | | |
|---|---|---|---|---|
| | | | <u>ഉത്തരവാദിയായ ഉദ്യോഗസ്ഥ-</u><br>ശ്രീമതി. കെ. എസ്. സതീദേവി. (സെക്രട്ടറി)<br>ഓണാട്ട് വീട്, മുത്തൂർ പി ഒ, തിരുവല്ല. | നാളിതുവരെയുള്ള പലിശ സഹിതമുള്ള തുകയിൽ നിന്നും ബാങ്കിന് ചെലവായ തുക, കിഴിച്ചുള്ള തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും കാണിച്ച് 2/12/13 ൽ സി-3 909/13 നമ്പരായി ബഹു.ജില്ലാ കളക്ടർ, എ.ഡി.എം., ജില്ലാ പഞ്ചായത്ത്, പ്രസിഡന്റ് എന്നിവർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ടി വിഷയം ബഹു.പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് 07/05/13 ൽ സി-3 909/13 കത്ത് നൽകിയിട്ടുണ്ട്.<br>പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ പത്തനംതിട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു |
| 3 | 2010-11 | 5.4.4(1) | **5.4.4(1) സബ്സിഡിയായി വാങ്ങി സ്ഥിര നിക്ഷേപമാക്കി.**<br>**<u>റിപ്പോർട്ട് വർഷം :2006-07, ഖണ്ഡിക 3-13</u>**<br>***ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡി പണമായി നൽകി.***<br>***ഗുണഭോക്താവ് സബ്സിഡിയായി സ്ഥിര നിക്ഷേപമാക്കി.***<br>പദ്ധതി വിഹിതം 40,000/- രൂപയും ധനകാര്യസ്ഥാപനത്തിൽ നിന്നുള്ള വായ്പ 1,60,000/- രൂപയും ഉൾപ്പെടെ 2,00,000 രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പദ്ധതിയാണ് ഇത്. (തൊഴിൽ സഹായം ഓട്ടോറിക്ഷയ്ക്ക് വായ്പയും സബ്സിഡിയും) പ്രോജക്റ്റ് എൽ.വി.ഒ.യാണ് നടപ്പിലാക്കിയത് പട്ടികജാതിയിൽപ്പെട്ട ഡ്രൈവിംഗ് ലൈസൻസുള്ള രണ്ട് യുവാക്കൾക്ക് തൊഴിൽസഹായം എന്ന നിലയിൽ ഓട്ടോറിക്ഷ വാങ്ങുന്നതിന് വായ്പാധിഷ്ഠിത പദ്ധതിയായി ധനകാര്യ സ്ഥാപനം ഒരു ലക്ഷം രൂപ വായ്പ അനുവദിക്കുമ്പോൾ | ശ്രീ.ഒ.വി.സുരേഷ്, ഒലിപ്പുറത്ത് ചെറുകോൽ എന്നയാൾക്ക് ഓട്ടോറിക്ഷ വാങ്ങാൻ സബ്സിഡിയായി നൽകിയ 20,000/- രൂപ 12% പലിശ സഹിതം 28402/- രൂപ തിരികെ ഗ്രാമപഞ്ചായത്തിൽ |

| | | | | |
|---|---|---|---|---|
| | | | സബ്സിഡിയായി ധനകാര്യ സ്ഥാപനത്തിന് 20,000/- രൂപ പദ്ധതി വിഹിതത്തിൽനിന്ന് നൽകുന്നു.<br>ഈ പദ്ധതിക്കായി എഗ്രിമെന്റ് വച്ചിട്ടുള്ള ശ്രീ.ഒ.വി.സുരേഷ്, ഒലിപ്പുറത്ത്, ചെറുകോൽ എന്നയാൾക്ക് കച്ചേരിപ്പടി ഐ.എൻ.ജി - വൈശ്യാ ബാങ്കിൽ നിന്നും ഒരു ലക്ഷം രൂപ ഓട്ടോറിക്ഷ വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ടെന്നും അതിൽ 80,000/- രൂപ പലിശയടക്കം തിരിച്ചടക്കേണ്ടതും 20,000/- രൂപ "Back End" സബ്സിഡിയായി നൽകേണ്ടതുമാണെന്ന് ബാങ്ക് മാനേജർ "LEVO" യെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുകയായ 20000/- രൂപ (ബിൽ നം.20/06-07/24.3.07) ഗുണഭോക്താവിന്റെ പേര് നൽകി. സബ്സിഡി തുക ബാങ്കിന്റെ പേരിൽ നൽകാതെ ഗുണഭോക്താവിന് നേരിട്ട് നല്കിയ നടപടി ക്രമവിരുദ്ധമാണ്. ലോൺതുകയുപയോഗിച്ച് ഓട്ടോറിക്ഷ വാങ്ങാതെ ടിയാൻ ഐ.എൻ.ജി - വൈശ്യാ ബാങ്കിൽ സബ്സിഡി തുക 04.05.2007-ൽ 5 വർഷത്തേക്ക് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വായ്പാ സബ്സിഡി തുക സ്ഥിരനിക്ഷേപമാക്കിയ നടപടി കുറ്റകരവും സർക്കാരിനെ കബളിപ്പിക്കലുമാണ്. 20,000/- രൂപ 12% പലിശ സഹിതം ഈടാക്കി വികസന ഫണ്ടിലേക്ക് മടക്കുവരുത്തേണ്ടതാണ്.<br><br>**<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ</u>**<br><br>ശ്രീമതി.സി.ബി.ഓമന, വി.ഇ.ഒ<br>കൃഷ്ണഭവൻ, ഇടയാറന്മുള വെസ്റ്റ്.പി.ഒ., ഇടയാറന്മുള. | മടക്കുകയും തുക VPFA(II)(a) ൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. |

**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2009–10 മേൽ പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാരനടപടിപത്രിക**

| ക്രമ നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | ആഡിറ്റ് പരാമർശം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2009–10 | 2.1 | **പൊതു അവലോകനം – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**<br><br>**2.1 ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച**<br><br>1-4-2004 മുതൽ പ്രാബല്യത്തിൽ വന്ന 12-6-2003 ലെ ജി.ഒ.(പി) 319/03/ധന ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരം പല തദ്ദേശഭരണ സ്ഥാപനങ്ങളും ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചുവരുന്നില്ല. ക്യാഷ് ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്ത റിക്കൺസിലിയേഷൻ നടത്താതെയുമാണ് സൂക്ഷിച്ചുവരുന്നത്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം നിയമപ്രകാരമായി എഴുതേണ്ടതായ രജിസ്റ്ററുകൾ എഴുതാത്തത് വ്യാപകമാണ്. ആയതുകൊണ്ട് സ്ഥാപനങ്ങളിലെ ധനവിനിയോഗത്തിന്റെ കൃത്യത അറിയാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു. കൂടാതെ പല സ്ഥാപനങ്ങളും വരവ് -ചെലവ് രജിസ്ററകൾ, മുൻകൂർ രജിസ്റ്ററുകൾ, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ ക്രമപ്രകാരം എഴുതുന്നതായി കാണുന്നില്ല. ഓരോ വർഷത്തെയും ഫയലുകളും രജിസ്റ്ററുകളുംതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇല്ല എന്നതാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ആവശ്യമായ അടിസ്ഥാന സാഹചര്യങ്ങൾ തയ്യാറാക്കി രജിസ്റ്ററുകളും രേഖകളും വർഷംതിരിച്ച് കൃത്യമായി സൂക്ഷിക്കുവാൻ നിർദ്ദേശം ഉണ്ടാകേണ്ടതാണ്. രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്ത പഞ്ചായത്തുകൾക്ക് ഉദാഹരണം താഴെ കൊടുക്കുന്നു. | നിലവിൽ പത്തനംതിട്ട ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. തന്മൂലം ധനവിനിയോഗത്തിന് കൃത്യമായ കണക്കുകൾ സൂക്ഷിച്ചു വരുന്നു. ക്യാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും ശരിയായ വിധത്തിൽ സൂക്ഷിച്ചു വരുന്നുണ്ട്. |

77

പത്തനംതിട്ട ജില്ല

| ക്രം.നമ്പർ | സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് വർഷം |
|---|---|---|
| 1 | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2006–07 |
| 2. | പെരിങ്ങര ഗ്രാമപഞ്ചായത്ത് | 2005–06 |
| 3. | റാന്നി ഗ്രാമപഞ്ചായത്ത് | 2003–04 |
| 4. | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 2001–02 |
| 5. | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 2002–03 |
| 6. | ചിറ്റാർ ഗ്രാമപഞ്ചായത്ത് | 2003–04 |
| 7. | കുളനട ഗ്രാമപഞ്ചായത്ത് | 2003–04 |
| 8. | സീതത്തോട് ഗ്രാമപഞ്ചായത്ത് | 2004–05 |
| 9. | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2004–05 |
| 10. | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2005–06 |
| 11. | കടമ്പനാട് ഗ്രാമപഞ്ചായത്ത് | 2007–08 |

2010-11-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെറുകോൽ ഗ്രാമപഞ്ചായത്തിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം സംബന്ധിച്ച വിഷയത്തിൻ മേൽ പത്തനംതിട്ട പഞ്ചായത്ത് അസി.ഡയറക്ടർ സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ട്.

സർ,

സ്ഥാപനത്തിൽ നിക്ഷേപിച്ച് പമ്പാ ഇറിഗേഷൻ വക സ്ഥലത്ത് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത്. 2008-09 വാർഷിക പദ്ധതിയിൽ 200000/-രൂപ കൂടി ബയോടെക്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ആകെതുകയായ 865944/-രൂപ നിക്ഷേപിച്ചിട്ടും സ്ഥലവാസികളുടെ എതിർപ്പുകാരണം പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. പദ്ധതിയുടെ ആസൂത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച സെക്രട്ടറി ശ്രീമതി. കെ.എസ്. സതിദേവി പദ്ധതി നിർവ്വഹണം ആരംഭിച്ച് മാസങ്ങൾക്കുള്ളിൽ സ്ഥലംമാറി പോയതിനാലും, സ്ഥലവാസികളുടെ എതിർപ്പുമൂലം പദ്ധതി നടപ്പിലാക്കാൻ കഴിയാഞ്ഞതിനാലും ടിയാളുടെ പേരിലുള്ള പരാമർശം ഒഴിവാക്കണമെന്ന് കാണിച്ച് പഞ്ചായത്തിന് മറുപടി നൽകിയിട്ടുണ്ട്.

ടി വിഷയത്തിൽ നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതി മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തുന്നത് . ബയോടെക്കിൽ നിക്ഷേപിച്ചിട്ടുള്ള തുക പലിശ സഹിതം തിരിച്ച് ലഭിക്കുന്നതിന് വിഷയം ബഹു. ജില്ലാ കളക്ടറുടെയും, ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും അഡി.ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ 10..09.2013-ൽ ബഹു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബയോടെക് ഉദ്യോഗസ്ഥരും , ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി യോഗം ചേരുകയും ചെയ്തു. 8,65,944/-രൂപയിൽ ബയോടെക്കിന് ചെലവായ 1,20,944/-രൂപ കഴിച്ച് 7,45,000/-രൂപ പഞ്ചായത്തിന് നൽകാമെന്ന് ബയോടെക് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുക മതിയാകില്ലെന്നും 865944/-രൂപയും അതിന്റെ നാളിതുവരെയുള്ള പലിശയും കൂട്ടി അതിൽ നിന്നും ബയോടെക്കിന് ചെലവായ തുക കിഴിച്ച് ബാക്കിയുള്ള തുക ലഭിക്കണമെന്നാണ് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുള്ളത്. ടി തീരുമാനം ഗ്രാമപഞ്ചായത്ത് ബഹു. ജില്ലാ കളക്ടറെയും, ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെയും 2.12.2013 ലെ സി3-909/2013 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ ടി വിഷയം ബഹു. പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് 7.05.2013 ൽ സി3-909/2013 നമ്പർ കത്ത് നൽകിയിട്ടുണ്ടെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.